2019 OCT \ VOL 18 \ ISSUE 10 \ PAGE 48 \ PRICE ₹50

# കെയ്റോസ്

കൗമാരക്കാർക്കും യുവജനങ്ങൾക്കുമായുള്ള കത്തോലിക്കാ മാസിക



## ഖാണ്ഡ്വവയിലെ ഔലിയ

ഷാർലറ്റ് ആൻസ് ടോം

## വൈകിയെത്തുന്ന ക്രിസ്തു

റോബിൻ ബാബു കുവൈറ്റ്

# പുഞ്ചിരിക്കുന്ന കണ്ണുകൾ അൻപുള്ള കരങ്ങൾ

എൽസീന ജോസഫ്

Baptised and sent

2019 OCTOBER
EXTRAORDINARY
MISSION MONTH

A MISSIONARY MOVEMENT AT THE SERVICE OF THE CHURCH

ചൂടും വെട്ടം



# മറിയം ത്രേസ്യ (1876–1926) തിരുനാൾ – ജൂൺ 8

തൃശൂർ ജില്ലയിലെ പുത്തൻചിറയിൽ നിന്നുള്ള മറിയം ത്രേസ്യ കേരളത്തിന്റെ നാലാമത്തെ വിശുദ്ധയും പഞ്ചക്ഷതധാരിയും ആണ്. ബാല്യകാലത്ത് അമ്മ പറഞ്ഞുകൊടുത്ത ഈശോയുടെ പീഡാനുഭവ കഥകളിൽ നിന്നും തനിക്കായി രക്തം ചിന്തിയ ഈശോയെ ത്രേസ്യ തന്റെ ആധ്യാത്മിക മണവാളനായി സ്വീകരിച്ചു. പിന്നീടങ്ങോട്ട് ത്രേസ്യയുടെ പ്രവൃത്തികളെല്ലാം ആത്മനാഥനോടുള്ള അതിരറ്റ സ്നേഹത്തിന്റെ പ്രകാശനങ്ങളായിരുന്നു. നാലഞ്ചു വയസ്സു പ്രായത്തിൽത്തന്നെ തറയിൽ ചരൽ വിരിച്ച് തലയണയ്ക്കു പകരം കല്ലു വച്ചാണ് കിടന്നുറങ്ങിയിരുന്നത്. പരിശുദ്ധ അമ്മ അവളെ ജപമാല ചൊല്ലുവാൻ പഠിപ്പിച്ചു. കുരിശു വഹിച്ചുപോയ ഈശോയെ അനുകരിച്ച് ത്രേസ്യയും തന്റെ പുറത്ത് കല്ലു കയറ്റിവച്ച് നാലു കാലിൽ നടന്നപ്പോൾ ഉണ്ണീശോതന്നെ വന്ന് ആ കല്ലുമാറ്റി തൽസ്ഥാനത്തിരുന്നു.


പത്തുപതിനൊന്നു വയസ്സുള്ളപ്പോൾ, ഒരിക്കൽ എല്ലാവരും ഉറങ്ങുന്ന സമയം ത്രേസ്യ പ്രാർഥനയിലായിരുന്നു. അർധരാത്രി സമയത്ത് ഒരു മുഴുവൻ കൊന്ത ചൊല്ലുകയും പരിശുദ്ധ അമ്മയുടെ വ്യാകുലതകളും ഈശോയുടെ പീഡാനുഭവങ്ങളും ധ്യാനിക്കുകയും ചെയ്തിരുന്നു. രാവിലെയുള്ള സമയം അമ്മയെ സഹായിക്കുവാനും രോഗികളെ ശുശ്രൂഷിക്കുവാനും അൾത്താര അലങ്കരിക്കുവാനും കൂട്ടുകാരെ ഈശോയിലേക്കടുപ്പിക്കുവാനും ഉപയോഗിച്ചു. പന്ത്രണ്ടു വയസ്സുള്ളപ്പോൾ അവളുടെ അമ്മ മരണമടഞ്ഞു. എന്നാൽ തുടർന്നുള്ള സഹനങ്ങളിൽ പരിശുദ്ധ അമ്മ അവളെ ആശ്വസിപ്പിക്കാൻ കൂടെയുണ്ടായിരുന്നു.

മൂന്നുവർഷക്കാലം നാരകീയ ശത്രുക്കളുടെ ആക്രമണത്തിനു ദൈവം അനുമതി കൊടുത്തു. പിശാചുക്കൾ അവളെ അകാരണമായി അടിക്കുകയും അശുദ്ധ പാപങ്ങൾക്ക് പ്രേരിപ്പിക്കുയും വി. കുർബാനയ്ക്കു പോകാതിരിക്കാൻ തീർത്തും അശക്തയാക്കുകയും ചെയ്തിരുന്നു. പലപ്പോഴും കുറച്ചു സമയത്തേയ്ക്ക് പിശാചിനോട് മാറിനിൽക്കാൻ ആജ്ഞാപിക്കാൻ ജ്ഞാനപിതാവ് ജോസഫ് വിതയത്തിലച്ചനെ മാതാവ് പറഞ്ഞുവിടാറുണ്ടായിരുന്നു. ഒരു ദിവസം കർത്താവ് മാതാവിനോടും മാലാഖമാരോടും ഒപ്പം വന്ന് ഈശോയുടെ ഹൃദയം ത്രേസ്യക്കു കൊടുത്തു. സ്വന്തം ആത്മീയ മണവാളനിൽ ത്രേസ്യ അത്രമേൽ ശരണപ്പെട്ടിരുന്നു. പ. കന്യകമറിയം തന്നെയാണ് ത്രേസ്യയ്ക്ക് 'മറിയം ത്രേസ്യ' എന്ന പേരു നൽകിയത്. ദൈവം പിശാചിന്റെ തന്ത്രങ്ങൾക്ക് ത്രേസ്യയെ വിട്ടുകൊടുത്തത്, പഞ്ചക്ഷതങ്ങൾ പോലുള്ള വിശിഷ്ട അനുഗ്രഹങ്ങൾ കൊടുക്കാനായി ഒരുക്കിയതാകാം. ശുദ്ധീകരണാത്മാക്കളും ത്രേസ്യായുടെ പ്രാർഥനാസഹായം നിരന്തരം ആവശ്യപ്പെട്ടിരുന്നു. ഇതിനും പുറമെ ഇടവകയിൽ ആരെങ്കിലും മരണാസന്നരായാൽ അവരുടെ അടുക്കൽ പോയി ശുശ്രൂഷിക്കണമെന്ന് ദൈവമാതാവ് ത്രേസ്യയോടു പറഞ്ഞിരുന്നു. തുടർന്ന് ത്രേസ്യ ഈശോയുടെ പഞ്ചക്ഷതങ്ങൾ സ്വീകരിച്ചു. മറിയം ത്രേസ്യക്ക് 37 വയസ്സുള്ളപ്പോൾ തിരുക്കുടുംബത്തിന്റെ പേരിൽ പുതിയ സന്യാസസഭ സ്ഥാപിക്കുവാൻ അനുമതി ലഭിച്ചു. 50-ാം വയസ്സിൽ മറിയം ത്രേസ്യ സ്വർഗീയമണവാളന്റെ അടുത്തേക്ക് നിത്യമായി എടുക്കപ്പെട്ടു.

*റഫറൻസ്: കേരളത്തിലെ പഞ്ചക്ഷത-വി. മറിയം ത്രേസ്യ (ഹോളി ഫാമിലി പബ്ലിക്കേഷൻസ്)*

അഡ്വ. കെ.ജെ. ജോൺസൺ





# ക്രിസ്തുവിൽ നമ്മുടെ ദൗത്യം

"ദേവാലയത്തിൽവച്ച് ഞാൻ പ്രാർഥിച്ചുകൊണ്ടിരിക്കുന്ന സമയത്ത് കുരിശിൽ കിടക്കുന്ന ഈശോ എനിക്കുവേണ്ടി ദാഹിക്കുന്നു എന്നു പറയുന്ന ഒരു സ്വരം ഞാൻ കേട്ടു." തെല്ലു നേരത്തെ നിശ്ശബ്ദതയ്ക്കു ശേഷം ആധ്യാത്മിക പിതാവു പറഞ്ഞു, "സുനിൽ ഇനി നിനക്ക് ഒരു മുഴുവൻ സമയ സുവിശേഷക പ്രവർത്തകനാകാം." വൈദികന്റെ ആ വാക്കുകൾ കേട്ടപ്പോൾ സുനിലിന് ആദ്യം വിശ്വസിക്കാനായില്ല. നാളുകളായി, ഒരു മുഴുവൻസമയ സുവിശേഷപ്രവർത്തകനാകാൻ ആഗ്രഹം പ്രകടിപ്പിക്കുന്നു, ഈ ആവശ്യമാണ് അംഗീകരിക്കപ്പെട്ടിരിക്കുന്നത്. മറ്റൊരു മതവിഭാഗത്തിൽ ജനിച്ച്, കോളേജ് കാലഘട്ടത്തിൽ സ്വന്തമാക്കിയ ക്രിസ്ത്വാനുഭവം ജീവിതത്തിൽ മുറുകെ പിടിക്കുന്ന സുനിൽ നടരാജൻ. ഭാര്യയുംആറു മക്കളുമടങ്ങിയ കുടുംബത്തിന്റെ ഉത്തരവാദിത്തങ്ങളെക്കുറിച്ച് വാചാലരായവരോട് ഒന്നേ സുനിലിനു പറയാനുണ്ടായിരുന്നുള്ളൂ. "ക്രിസ്തുവിന്റെ ഹൃദയം എനിക്കായി ദാഹിക്കുന്നു."

"നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ" (മർക്കോ 16:15) എന്ന ക്രിസ്തുവചനത്തിൽ അധിഷ്ഠിതമായാണ് ക്രൈസ്തവ സഭ വളർന്നത്. ഓരോ ക്രൈസ്തവനും അടിസ്ഥാനപരമായി സുവിശേഷം പ്രഘോഷിക്കാനാണ് വിളിക്കപ്പെട്ടിരിക്കുന്നത്. ജീവിക്കുന്ന സാഹചര്യങ്ങളിൽ സുവിശേഷമൂല്യത്തിന് അനുസൃതമായി ഇടപെടുക എന്നതാണ് പരമപ്രധാനമായ സുവിശേഷ പ്രഘോഷണം. അനന്യവും നൂതനവും വ്യക്തിപരവുമായാണ് ഈ സവിശേഷ ദൗത്യം ഒരോ വ്യക്തിയിലും അടങ്ങിയിരിക്കുന്നത്. ഓരോ വിശ്വാസിയും തന്റേതായ വഴി തിരിച്ചറിഞ്ഞ് സ്വന്തം രീതിയിലും ദൈവം നൽകിയ സവിശേഷ സിദ്ധികൾ ഉപയോഗിച്ചും ക്രിസ്തുവിന് സാക്ഷ്യം നൽകണം.

"ഇന്നത്തെ ലോകത്ത് യേശുക്രിസ്തുവിനെ പ്രതിഫലിപ്പിക്കാൻ കഴിയുന്ന വ്യക്തിപരമായ രഹസ്യത്തെ നിങ്ങളിൽ രൂപപ്പെടാൻ പരിശുദ്ധാത്മാവിനെ അനുവദിക്കുക." (ഫ്രാൻസിസ് പാപ്പ)

മിഷണറി പ്രവർത്തനം ശുദ്ധമായ പരസ്നേഹ പ്രവൃത്തിയാണ്. ദൈവസ്നേഹം നിർബന്ധിക്കുന്ന ഒരവസ്ഥ. ആനന്ദത്തോടും സ്വാതന്ത്ര്യത്തോടും ധീരതയോടും ചെയ്യുന്ന ഈ പ്രവൃത്തികൾ ഒരു വിശ്വാസിയുടെ വിശുദ്ധിയിലേക്കുള്ള പ്രയാണത്തിന്റെ ഭാഗമാണ്.

"ക്രൈസ്തവ ജീവിതം ഒരു സ്ഥിരയുദ്ധമാണ്. പിശാചിന്റെ പരീക്ഷകളെ എതിർത്തു നിലകൊള്ളാനും സുവിശേഷം പ്രഘോഷിക്കാനും നമുക്ക് ശക്തിയും ധീരതയും വേണം. ഈ പടപൊരുതൽ സുന്ദരമാണ്. കാരണം, കർത്താവ് നമ്മുടെ ജീവിതത്തിൽ ജൈത്രയാത്ര നടത്തുന്ന ഓരോ പ്രാവശ്യവും സന്തോഷിക്കാൻ അതു നമുക്ക് ഇടവരുത്തും" (ആനന്ദിച്ച് ആഹ്ലാദിക്കുവിൻ: 158).

എഡിറ്റർ-ഇൻ-ചീഫ്
jjadvocatesjy@gmail.com

# കെയ്റോസ്

Kairos | October 2019 | Vol 18 | Issue 10

Bp. Mar Raphael Thattil
*(Ecclesiastical Advisor, Jesus Youth International)*

**Patrons**
His Beatitude Baselios Cardinal Cleemis
*(Patron, Jesus Youth International)*

His Grace Archbishop Christopher Charles Prowse
*(Patron, Jesus Youth International)*

**Spiritual Director**
Rev. Fr. Joseph Ezhumayil *(KJYC Animator)*

**Printer and Publisher**
RejiJ. Karot 9447394142

**Executive Director**
Ginees Francis 9562379515 *(KJYC Coordinator)*

**Editor-in-Chief**
Adv. K.J. Johnson 9447245745

**Executive Editor**
Sajan C.A 9895711718 (kairosmag@kairos.global)

**Associate Editor**
Sunny Kokkappillil 9446890744

**Editorial Board**
Dr.Chackochan Njavallil 9447572513
Arun Antony 9447378547
Shaji Joseph 9895405631
Dr. Nycil Rajesh 9446123934
Joby Thomas 9995213936
Dr. Vineetha Joby 9447499439
Elseena Joseph 9497379891

**Circulation Managers**
Aldrin Joseph +91 6238279115 circulations@kairos.global
Leema Alex +91 6238105775 circulations@kairos.global

**Associate Circulation Managers**
*Australia:* Mintu Vijoy, Melbourne +61 452538785
*Bahrain:* Roshan George, Manama + 973 36906995
*Cambodia:* Sophearong Ravy, Phnom Penh +855 964265472
*Canada:* Joby Joseph, Ontario +12899 686 074
*Germany:* Anna Paul, Berlin +49 176 83495451
*India:* Aldrin Joseph, Cochin +916238279115
Jackulin Sheela, Mumbai +91 9967329244
*Ireland:* Suresh V Joy, Dublin. +35 3879630904
*Israel:* Jaison K Thattil, Tel Aviv +972 559425308
*Kuwait:* Anish Thomas Kappil, Salmiya +965 90063685
*Malaysia:* Deepu James, KL Sentral +60 12649 4628
*Netherlands:* Jojo Varghese, Utrecht +31 684974552
*New Zealand:* Derick Daniel, Auckland +64 291270650
*Oman:* Jiju Paul, Muscat +968 99467516
*Papua New Guniea:* Abin Michael, Port Moresby +675 74794368
*Qatar:* Jomichan P George, Doha + 974 33688437
*Singapore:* Jilu Nobin, Sengkang +65 93294529
*Switzerland:* Joseph C Robert, Zurich +41 762499295
*Thailand:* Mary Harris, Bangkok +66 843138626
*UAE:* Thomas Komban, Dubai + 971 553009006
*Uganda:* Dominic Mathew, Kampala +256 757207200
*UK:* Mathachan Madukkakuzhy Stoke on Trent + 44 7969365686
*USA:* Denny Joseph, Houston +1 8326403106

**Finance Manager**
Rani George +91 9446563335 finance@kairos.global

**Office**
Smitha Jose: smitha.jose@kairos.global
Manu Antony +91 9656430440 manu.antony@kairos.global

**Design**
Shaji Joseph Arakkal +91 9895405631 arakkalshaji@gmail.com

**Mailing Address**
*INDIA*
Kairos Media, 8/174, Navodaya Studio Complex, Thengode P.O,
Kochi 682030, Kerala, India.
infoin@kairos.global +91 484 2984327

*USA*
Kairos International Inc., 3010 Mason Grove Ln
Pearland, TX 77584 USA
info@kairos.global +1 832 592 3675

www.kairos.global
Facebook.com/Readkairos Twitter.com/kairosmalayalam


# താളുകളിൽ




*Cover Model:*
Aparna R

*Photo by:*
Ramji Madambi

**14 യൂത്ത് ക്ലാസ്സ്**
ആര്യാ കെ.കെ, ഇടുക്കി

## ഇനി നമുക്ക് 'തലയുയർത്തി' നടക്കാം.



**16 കവർസ്റ്റോറി**
എൽസീന ജോസഫ്



## പുഞ്ചിരിക്കുന്ന കണ്ണുകൾ അൻപുള്ള കരങ്ങൾ

**കെയ്റോസ് മലയാളം / കെയ്റോസ് ഗ്ലോബൽ ലഭിക്കാൻ**

PRINT | APP | ONLINE (ENG) | ONLINE (MAL)

# മറുപടീസ്

29 ഫാമിലി കഫേ
ജോസഫ് പി.അബ്രഹാം

## ചില സാമ്പത്തിക ചിന്തകൾ



### സ്ഥിരം പംക്തികൾ

06 ദൈവത്തിന്റെ മൗനം
ബോണി ചെല്ലാനം

08 എഡ്യൂസ്പീക്കിങ്
ഡോ. എഡ്വേർഡ് എടേഴത്ത്

38 മിഷൻ
ഷാർലറ്റ് ആൻസ് ടോം

40 സിനിടോക്സ്
ജോസഫ് അന്ത്രപ്പേർ

41 ബുക്ക്ഷെൽഫ്
അനിതാ ബാബു

42 വാർത്താവിചാരം
സണ്ണി കോക്കാപ്പിള്ളിൽ

44 സ്മാർട്ട്കിഡ്സ്
വെങ്കി & ആൽഡ്രിൻ ജോസഫ്

ടോണിയുടെ 'രസക്കൂട്ട്' നന്നായിട്ടുണ്ട്. സൗഹൃദങ്ങൾ ഉണ്ടാകണമെന്നും, ജീവിതത്തിൽ ഉപകാരപ്പെടുന്നത് ഇത്തരം കൂട്ടുകെട്ടുകളാണെന്നുമുള്ള നല്ല ചിന്തയുണർത്തുന്നതുമായിരുന്നു രസക്കൂട്ട്. കൂടാതെ ലേഖനങ്ങളിലെല്ലാം തന്നെ ഹൃദയത്തെ സ്പർശിക്കുന്ന തരത്തിൽ എന്തൊക്കെയോ ഉൾച്ചേർന്നിരിക്കുന്നു.

***ജസ്റ്റിൻ, തൊടുപുഴ***

സെപ്റ്റംബർ മാസികയിലെ മിഷൻ ലേഖനങ്ങൾ, മിഷനുവേണ്ടി ഒരുങ്ങുന്നവർക്ക് സഹായകരമാകുന്ന ധാരാളം ഉൾക്കാഴ്ചകൾ നൽകുന്നുണ്ട്. കൂടാതെ മീനു ജോസിന്റെ 'അവരും ഞാനും തമ്മിൽ' അവസരങ്ങൾ വിവേകത്തോടെ പ്രയോജനപ്പെടുത്തണമെന്ന നല്ല മോട്ടിവേഷനായിരുന്നു.

***ആൽഫ്രഡ്, തൃശൂർ***

നിങ്ങൾ ഭൂമിയുടെ ഉപ്പാണ്

*മത്തായി 5:13*

Baptised and sent



2019 OCTOBER EXTRAORDINARY MISSION MONTH

കൈയെത്തും ദൂരത്തും മിഷൻ ചൈതന്യത്തോടെ നന്മചെയ്യാൻ വായനക്കാർക്കെല്ലാം ദൈവാനുഗ്രഹങ്ങൾ നേരുന്നു.

ബോണി ചെല്ലാനം



*തിരക്കുപിടിച്ച ഓട്ടങ്ങൾക്കിടയിൽ നമ്മെ അൽപമൊന്ന് ശാന്തമാക്കി ചെറിയൊരു ധ്യാനത്തിലേക്ക് കൈ പിടിച്ചു നടത്തുകയാണ് ഈ പംക്തി. കുട്ടികൾക്കും യുവജനങ്ങൾക്കുമിടയിൽ ഏറെ നാളുകളായി ക്ലാസ്സുകളും പരിശീലന പരിപാടികളുമായിപ്രവർത്തിച്ചു വരുന്നു. ഓഡിറ്റിംഗ് അസിസ്റ്റന്റായി ജോലി ചെയ്യുന്ന ഇദ്ദേഹം നല്ലൊരു പ്രഭാഷകനും എഴുത്തുകാരനുമാണ്. boneykutty@yahoo.co.in*

# നിത്യാരാധനാലയങ്ങൾ വിളിക്കുന്നു

**സ്നേഹത്തിന്റെ നിറവിൽ ജീവിക്കാൻ ആഗ്രഹിക്കുന്നവർ അതിനുള്ള ശക്തി സ്വീകരിക്കേണ്ടത് ദിവ്യകാരുണ്യത്തിൽ നിന്നാണ്. കാരണം, ദിവ്യകാരുണ്യം സ്നേഹപൂർണതയും ശൂന്യവത്ക്കരണത്തിന്റെ പാഠങ്ങളും നമുക്കു നൽകുന്നു.**

അന്ന് വലിയ നിരാശയിലായിരുന്നു. അകാരണമായ സങ്കടം. ജീവിതം മടുപ്പിക്കുന്ന ചിന്തകൾ. മുന്നോട്ടു പോകാൻ ഒരു തരിപോലും കഴിയില്ലായെന്ന തോന്നൽ. എന്നിട്ടും ഉച്ച നേരത്ത് പതിവുപോലെ നടന്നു. നിത്യാരാധനാലയത്തിന്റെ മുമ്പിലെത്തിയപ്പോഴാണ് ഓർത്തത്. ഇന്നിനിയെന്തു പ്രാർഥിക്കാൻ? ഒന്നിനും കഴിയുന്നില്ല. എങ്കിലും വന്നതല്ലേ. വെറുതെ കയറിയിരിക്കാമെന്നോർത്തു.

ദിവ്യകാരുണ്യ സന്നിധിയിൽ മുട്ടിന്മേൽ നിൽക്കുമ്പോൾ ഒരു പ്രാർഥനയും ഉള്ളിൽ വന്നില്ല. യേശുവേ.. എന്നൊന്ന് വിളിക്കാൻ പോലുമായില്ല. വെറുതെ ദിവ്യകാരുണ്യത്തെ നോക്കി മുട്ടിന്മേൽ നിന്നു. ഇരിക്കാൻ തോന്നിയില്ല, പ്രാർഥിക്കാനും. ദിവ്യകാരുണ്യത്തെ നോക്കുക മാത്രം ചെയ്തു. ഏകദേശം പതിനഞ്ചു മിനിറ്റു കഴിഞ്ഞിട്ടുണ്ടാവും. കണ്ണുനിറഞ്ഞൊഴുകാൻ തുടങ്ങി. നിയന്ത്രിക്കാനാവാത്ത കരച്ചിൽ. ആരാധനാലയത്തിൽ മറ്റാരെങ്കിലും ഉണ്ടായിരുന്നോ എന്നുപോലും ശ്രദ്ധിക്കാനായില്ല. എന്നാൽ, നിറുത്താതെ ഒഴുകുന്ന കണ്ണീരിനിടയിൽ ഒന്നു തിരിച്ചറിഞ്ഞു. സങ്കടത്തിന്റെ കരച്ചിലല്ലയിത്. നിരാശയുടെ കണ്ണീരുമല്ലായിരുന്നു. മറിച്ച് സ്നേഹവും പ്രത്യാശയും നിറഞ്ഞ കണ്ണീർ. സങ്കടം മാറിയതിന്റെ കണ്ണീർ. ചെന്നതുപോലെയായിരുന്നില്ല. ഹൃദയം വ്യത്യാസപ്പെട്ടിരുന്നു. ഒരു പ്രാർഥനയുമില്ലാതെ വെറുതെ നോക്കി നിൽക്കുമ്പോൾ വ്യത്യാസം വരുത്തുന്ന ദിവ്യകാരുണ്യം.

ആരാധനാലയത്തിന്റെ പടിയിറങ്ങുമ്പോൾ അന്ന് ഒരു ആത്മീയസത്യം മനസ്സിലാക്കി. "തീയുടെ അടുത്ത് വെറുതെയിരുന്നാൽ മതി. താനെ ചൂടുപിടിക്കും. നമ്മൾ ഒന്നും ചെയ്യേണ്ട." ദിവ്യകാരുണ്യം ആത്മാവിനെ ചൂടുപിടിപ്പിക്കുന്ന തീക്കട്ടയാണ്. ആത്മാവിന്റെ സ്നേഹദാഹം തീർക്കാൻ ഓടിച്ചെ

> മെത്രാപ്പൊലിത്തൻ മന്ദിരത്തിൽ രാവിലെ അഞ്ചു മണിക്ക് വെളിച്ചം കാണാം. പ്രാർഥനയും ബലിയർപ്പണവും പ്രഭാതഭക്ഷണവും കഴിയുമ്പോൾ സമയം ഏഴര. ഒമ്പതു മുതൽ പതിനൊന്നു വരെ പാപ്പ സ്വകാര്യ ചാപ്പലിൽ ദിവ്യകാരുണ്യ സന്നിധിയിൽ എഴുത്തിലോ ധ്യാനത്തിലോ ഏർപ്പെട്ടിരിക്കും. ചിലപ്പോൾ മുഴുവൻ സമയവും മുട്ടിൻമേലായിരിക്കും.

ല്ലേണ്ടത് മറ്റൊരിടത്തുമല്ല, ദിവ്യകാരുണ്യ സന്നിധിയിലാണ്. അവിടത്തെ നോക്കിയിരുന്നാൽ മാത്രം മതി. സങ്കീർത്തനങ്ങൾ ഓർക്കുന്നില്ലേ? "അവിടത്തെ നോക്കിയവർ പ്രകാശിതരായി, അവർ ലജ്ജിതരാവുകയില്ല" (സങ്കീ: 34-5).

പ്രതിസന്ധികളിലും, പ്രശ്നങ്ങളിലും മറ്റുള്ളവരുടെ സാമീപ്യവും സമാശ്വാസവും തേടി അലയുകയല്ല വേണ്ടത്. ദിവ്യകാരുണ്യ സന്നിധിയിലെത്താനും ഈശോയോട് സംസാരിക്കാനും ആശ്വാസം പ്രാപിക്കാനും ആത്മാവ് വളരേണ്ടിയിരിക്കുന്നു. സ്നേഹിക്കപ്പെടാനും സ്നേഹിക്കാനും പ്രോത്സാഹിപ്പിക്കപ്പെടാനും ആശ്വസിപ്പിക്കപ്പെടാനുമുള്ള മനുഷ്യന്റെ ആന്തരിക ദാഹത്തിന് ഈശോ നല്കുന്ന ഉത്തരമാണ് ദിവ്യകാരുണ്യം.

വിശുദ്ധർക്ക് ഉണ്ടായിരുന്നത് ഈ തിരിച്ചറിവാണ്. അവരുടെ ഹൃദയം ദിവ്യകാരുണ്യസ്നേഹത്താൽ ചൂടുപിടിച്ചിരുന്നു. ആ തീക്ഷ്ണതയാൽ അവർ കുറച്ചു സമയം കിട്ടിയാൽ പോലും ദിവ്യകാരുണ്യസന്നിധിയിലേക്ക് ഓടിച്ചെല്ലുമായിരുന്നു.

ഭൂമിയിൽ സ്വർഗം തീർക്കുകയാണ് ദിവ്യകാരുണ്യം. ദൈവം വസിക്കുന്നിടമാണ് സ്വർഗമെങ്കിൽ, ഭൂമിയിലെ ദിവ്യകാരുണ്യ സാന്നിധ്യം ഭൂമിയെ സ്വർഗതുല്യമാക്കുന്നു. ദിവ്യകാരുണ്യത്തെ ആരാധിച്ച് ഭൂമിയെ സ്വർഗീയാരാധനയോടൊരുമിപ്പിച്ചു നിറുത്തുന്ന ദൗത്യമാണ് നമുക്ക് നിർവഹിക്കാനുള്ളത്. അതായത് സ്വർഗത്തിൽ വിശുദ്ധരും മാലാഖമാരും ചെയ്യുന്ന പ്രവൃത്തി ഭൂമിയിൽ ദിവ്യകാരുണ്യ സന്നിധിയിലണയുന്ന മനുഷ്യൻ നിർവഹിക്കുന്നു. അങ്ങനെയുള്ള മനുഷ്യരെ ദൈവം അന്വേഷിക്കുന്നു. "യഥാർഥ ആരാധകർ ആത്മാവിലും സത്യത്തിലും പിതാവിനെ ആരാധിക്കുന്ന സമയം വരുന്നു. അല്ല, അത് ഇപ്പോൾത്തന്നെയാണ്. യഥാർഥത്തിൽ അങ്ങനെയുള്ള ആരാധകരെ തന്നെയാണ് പിതാവ് അന്വേഷിക്കുന്നതും" (യോഹ 4:23) മനുഷ്യന് ഈ പ്രപഞ്ചത്തിൽ വച്ച് കിട്ടാവുന്ന ഏറ്റവും വലിയ ദൈവസാന്നിധ്യാനുഭവമാണ് ദിവ്യകാരുണ്യ സാന്നിധ്യം.

പ്രത്യേകം മനസ്സിലാക്കേണ്ട മറ്റൊരു സത്യമിതാണ്: 'ദൈവിക ജ്ഞാനത്തിന്റെ നിക്ഷേപം ദിവ്യകാരുണ്യമാണ്." വെട്ടം കിട്ടിയ മനുഷ്യർ ഇത് തിരിച്ചറിയുന്നു. "ദൈവം നൽകുന്നില്ലെങ്കിൽ ജ്ഞാനം എനിക്കു ലഭിക്കുകയില്ലെന്ന് ഞാൻ അറിഞ്ഞു. ആരുടെ ദാനമാണ് അവൾ എന്ന് അറിയുന്നത് ഉൾക്കാഴ്ചയുടെ ലക്ഷണമാണ്. അതുകൊണ്ട് ഞാൻ കർത്താവിനോട് ഉള്ളഴിഞ്ഞ് അപേക്ഷിച്ചു" (ജ്ഞാനം 8-21). ദിവ്യകാരുണ്യത്തിന്റെ മുമ്പിൽ മുട്ടുകുത്തുന്ന മനുഷ്യർ ജ്ഞാനത്താൽ പ്രകാശിതരാകുന്നു. അവരുടെ ഹൃദയം ദൈവികസ്നേഹത്താൽ നിറയുന്നു. ബുദ്ധി ദൈവികജ്ഞാനത്താൽ നിറയും. ഇച്ഛാശക്തി ദൈവികശക്തിയാലും ആത്മാവ് കൃപാവരത്താലും നിറയുന്നു.

വിശുദ്ധ ജോൺപോൾ പാപ്പയെക്കുറിച്ച് വായിച്ചതിങ്ങനെയാണ്. അദ്ദേഹം ക്രോക്കോവ് അതിരൂപതയിലെ മെത്രാപ്പോലീത്തയായിരുന്ന കാലം. മെത്രാപ്പൊലിത്തൻ മന്ദിരത്തിൽ രാവിലെ അഞ്ചുമണിക്ക് വെളിച്ചം കാണാം. പ്രാർഥനയും ബലിയർപ്പണവും പ്രഭാതഭക്ഷണവും കഴിയുമ്പോൾ സമയം ഏഴര. ഒമ്പതു മുതൽ പതിനൊന്നുവരെ പാപ്പ സ്വകാര്യ ചാപ്പലിൽ ദിവ്യകാരുണ്യ സന്നിധിയിൽ എഴുത്തിലോ ധ്യാനത്തിലോ ഏർപ്പെട്ടിരിക്കും. ചിലപ്പോൾ മുഴുവൻ സമയവും മുട്ടിൻമേലായിരിക്കും. ദിവ്യകാരുണ്യ സന്നിധിയിൽ മുട്ടിന്മേൽ നിന്നാണ് പല പ്രധാന കാര്യങ്ങളും എഴുതിയിരുന്നത്! "അവയൊന്നും തിരുത്തേണ്ടി വന്നിട്ടില്ല" എന്ന് പ്രത്യേകം കുറിച്ചിരുന്നു.

ജ്ഞാനം വിശുദ്ധർക്കു തങ്ങളുടെ പ്രയത്നത്തിന്റെ ഫലം നൽകി; പകൽ തണലും രാത്രി നക്ഷത്ര തേജസുമായി അവരെ അത്ഭുതകമായ പാതയിൽ ജ്ഞാനം നയിച്ചു; (ജ്ഞാനം 10-17).

ദിവ്യകാരുണ്യം നമ്മുടെ ശക്തി കേന്ദ്രമാണ്. പ്രേഷിത പ്രവർത്തനത്തിനുള്ള ശക്തിലഭിക്കുന്നതും ദിവ്യകാരുണ്യത്തിൽ നിന്നാണ്. വിശ്രമമില്ലാതെ അധ്വാനിക്കാനുള്ള പ്രചോദനവും കഴിവും നല്കുന്നത് ദിവ്യകാരുണ്യമാണ്. മദർ തെരേസയുടെ ജീവിതത്തിലും ഇക്കാര്യം സാക്ഷ്യപ്പെടുത്തുന്നത് വായിച്ചിട്ടുണ്ട്. Something beautiful for God എന്ന പുസ്തകം രചിച്ച മാൽക്കം മഗറിഡ്ജ്- പ്രൊട്ടസ്റ്റൻഡ് സഭ വിട്ട് 80-ാം വയസ്സിൽ കത്തോലിക്കാ വിശ്വാസം സ്വീകരിച്ചു. അദ്ദേഹം ഒരിക്കൽ മദർ തെരേസയോടു ചോദിച്ചു: മദറിനെങ്ങനെ ഈ കാരുണ്യ പ്രവൃത്തികൾ ചെയ്യാൻ കഴിയുന്നു? എവിടെ നിന്നാണ് ശക്തിയും ഉത്തേജനവും ലഭിക്കുന്നത്? മദറിന്റെ മറുപടി ഇങ്ങനെയായിരുന്നു: സ്വർഗത്തിൽ നിന്ന്, ദിവ്യകാരുണ്യത്തിൽ നിന്ന്, ജീവനുള്ള തിരുവോസ്തിരൂപനായ ക്രിസ്തുവിൽ നിന്ന്, പ്രാർഥനയിൽ നിന്ന്.

സ്നേഹത്തിന്റെ നിറവിലും ശൂന്യവത്ക്കരണത്തിലും ജീവിക്കാൻ ആഗ്രഹിക്കുന്നവർ അതിനുള്ള ശക്തി സ്വീകരിക്കേണ്ടത് ദിവ്യകാരുണ്യത്തിൽ നിന്നാണ്. കാരണം, ദിവ്യകാരുണ്യം സ്നേഹപൂർണതയും ശൂന്യവത്ക്കരണവുമാണ്. ദിവ്യകാരുണ്യ ഭക്തി എന്നാൽ ഇവയിലുള്ള വളർച്ചയാണ് അല്ലാതെ നമ്മുടെ അപേക്ഷകളുമായിച്ചെന്ന് പരാതികൾ നിരത്തുന്നതല്ല. വളരാനായി.. നിത്യാരാധനാലയങ്ങൾ വിളിക്കുന്നു ✦

ഡോ. എഡ്വേർഡ് എടേഴത്ത്



# ഒരു 'നോർമൽ' ക്രൈസ്തവ ജീവിതത്തിന്റെ പ്രാധാന്യം - 2

*ജീസസ് യൂത്തിന്റെ നാൾവഴികൾ, ആശയങ്ങൾ, വീക്ഷണങ്ങൾ, ലക്ഷ്യങ്ങൾ, ഗുണനിരൂപണങ്ങൾ, വിമർശനങ്ങൾ എന്നിവയുടെ തുറന്നെഴുത്താണ് ഈ പംക്തി. ജീസസ് യൂത്ത് രൂപപ്പെടുന്ന ആദ്യ നാളുകൾ മുതലേ സജീവമായി മുൻനിരയിലുള്ള പ്രധാനിയാണ് ഇതിന്റെ ലേഖകൻ ഡോ. എഡ്വേർഡ് എടേഴത്ത്. വായനക്കാരുടെ സംശയങ്ങൾക്കും ചോദ്യങ്ങൾക്കുമായി ബന്ധപ്പെടാൻ:*
edward.edezhath@gmail.com

"ഈ യുവാക്കൾ, ഒറ്റ നോട്ടത്തിൽ മറ്റ് ഏതൊരു ചെറുപ്പക്കാരെയും പോലെ തന്നെയാണ്. പക്ഷേ, അടുത്തിടപഴകിയപ്പോൾ നല്ല സ്റ്റഫ് ഉള്ളവരാണ് ആ പിള്ളേര് എന്ന് എനിക്കു മനസ്സിലായി." ഈ കോളേജ് പ്രൊഫസർ, കോളേജിൽ ഒരു പ്രാർഥന കൂട്ടായ്മ അനാവശ്യം എന്ന് പറയുന്ന ആളായിരുന്നു. പക്ഷേ, കുറച്ച് ജീസസ് യൂത്തുമായുള്ള അടുപ്പം അദ്ദേഹത്തിന്റെ മനോഭാവത്തെ മാറ്റി. അതിന്റെ കാരണമോ? അതിഭക്തി കാണിക്കാത്ത സാധാരണ ക്രിസ്ത്യാനികളായ അവരിൽ കണ്ട ആഴത്തിലുള്ള ബോധ്യവും പ്രതിബദ്ധതയുമായിരുന്നു.

നോർമൽ ക്രിസ്തീയത എന്നത് ജീസസ് യൂത്തിന് പ്രിയപ്പെട്ട പ്രയോഗ ശൈലിയാണ്. സാധാരണ സാമാന്യ ജീവിതം തുടരുകയും എന്നാൽ, ആഴമുള്ള വ്യത്യസ്തത ഉറപ്പുവരുത്തുകയും ചെയ്യുക ഏറെ ആകർഷകമാണ്; ഒപ്പം വലിയ വെല്ലുവിളി ഉയർത്തുന്നതും. ഈ പംക്തിയിൽ നാമുയർത്തുന്ന ചോദ്യം, വ്യക്തിജീവിതത്തിലും മുന്നേറ്റത്തിന്റെ പ്രവർത്തനങ്ങളിലും ഇത് അർഥമാക്കുന്നത് എന്താണ്?

## വെറും സാധാരണ ഭാഷ ഉപയോഗിക്കുക

ഒരാളുടെ വ്യക്തിത്വ രൂപീകരണത്തിന് ഒരുവിധത്തിൽ ഏറ്റം പറ്റിയ വേദി നല്ലൊരു സുഹൃദ് വലയം തന്നെ; പ്രത്യേകിച്ച് വലിയ ഔപചാരികതകളില്ലാതെ ഒരു നീണ്ട കാലയളവിൽ അത് തുടരുകയും ചെയ്യുമെങ്കിൽ. മുന്നേറ്റത്തിന്റെ ആദ്യകാലങ്ങൾ മുതൽ ഉണ്ടായിരുന്ന ഞങ്ങളിൽ പലർക്കും ഇങ്ങനെയുള്ള ഒന്നായിരുന്നു ഫസ്റ്റ് ലൈൻ ഗ്രൂപ്പ്. ഏറെ സന്തോഷവും സ്വാതന്ത്ര്യവും അനുഭവവേദ്യമായിരുന്ന ആ കൂട്ടായ്മയിൽ മാസംതോറും ഒന്നിച്ചുവരാൻ എല്ലാവരും കാത്തിരിക്കുമായിരുന്നു. ചിലപ്പോൾ തെറ്റിദ്ധാരണകളും ഏറ്റുമുട്ടലുകളും ഉണ്ടാകുമ്പോഴും ഏറെ ലളിതമായ രീതികളിൽ അതുമറികടക്കാനും കൂട്ടായ്മയിൽ വളരാനുമുള്ള വഴികൾ അവിടെ ഉണ്ടായിരുന്നു.

ഈ ഫസ്റ്റ് ലൈൻ ഗ്രൂപ്പിലൂടെ വിശ്വാസമർപ്പിക്കാവുന്ന ഒരുപറ്റം വ്യക്തികളും അവരിലൂടെ ഒട്ടനവധി യുവജന പ്രവർത്തനങ്ങളും രൂപപ്പെട്ടു. മുന്നേറ്റത്തിനു പേരു നൽകിയ 'ജീസസ് യൂത്ത് 85' സമ്മേളനം സ്വപ്നം കണ്ടതും സംഘടിപ്പിച്ചതും ഇവർതന്നെ. ആ കൂട്ടായ്മകളിൽ പലപ്പോഴും ഒരു ഔപചാരികതയുമില്ലാതെയും ചിലപ്പോൾ കൃത്യതയോടെയും മുന്നേറിയ പങ്കുവയ്ക്കലുകളിലൂടെ പല കാര്യങ്ങളുടെയും ചുരുളഴിഞ്ഞു. അനേക ചിന്തകൾ രൂപപ്പെട്ടു. പലരുടെയും രീതികളിലുണ്ടായിരുന്ന 'ബലംപിടിത്തം' മാറി അവർ ഏറെ സന്തോഷവും സ്വാതന്ത്ര്യവും അനുഭവിക്കുന്നവരായി. ആ ഗ്രൂപ്പിൽ അവർ പഠിച്ച വലിയൊരു പാഠം തനതായ ശൈലിയിൽ ലാളിത്യത്തോടെ സംസാരിക്കുക, പ്രവർത്തിക്കുക എന്നതിൽ ഒരു കുഴപ്പവുമില്ല എന്നതുതന്നെ.

ഫ്രാൻസിസ് പാപ്പ ലളിതമായ ഭാഷ ഉപയോഗിക്കുന്നതിന്റെ പ്രാധാന്യം ഊന്നിപ്പറയുന്നുണ്ട്. "നാം ഉപയോഗിക്കുന്ന ഭാഷ ലാളിത്യമുള്ളതായിരിക്കണം. അതു ജനങ്ങൾക്കു മനസ്സിലാക്കാൻ കഴിയുന്നതായിരിക്കണം. അല്ലെങ്കിൽ നമ്മൾ ശൂന്യതയിൽ സംസാരിക്കുകയെന്ന അപകടസാധ്യതയുണ്ടാകും. തന്റെ 'സുവിശേഷത്തിന്റെ സന്തോഷം' എന്ന അപ്പസ്തോലിക ആഹ്വാനത്തിൽ നിന്നാണ് ഇത് (158). തുടർന്ന് പല ആധ്യാത്മിക ഗുരുക്കന്മാരുടെയും ഒരു പ്രശ്നത്തെക്കുറിച്ച് അദ്ദേഹം സൂചിപ്പിക്കുന്നു, "പ്രസംഗകർ മിക്കപ്പോഴും തങ്ങളുടെ പഠനകാലത്തു പഠിച്ച വാക്കുകളും സുവിശേഷ പശ്ചാത്തലത്തിലുള്ള വാക്കുകളും പ്രയോഗിക്കുന്നു. അവ ശ്രോതാക്കളുടെ സാധാരണ ഭാഷയുടെ ഭാഗങ്ങളല്ല. ദൈവശാസ്ത്രത്തിലോ മതബോധനത്തിലോ ഉപയോഗിക്കാൻ കൊള്ളാവുന്ന വാക്കുകളാണവ. പക്ഷേ, അവയുടെ അർഥം ബഹുഭൂരിപക്ഷം ക്രിസ്ത്യാനികൾക്കും ഗ്രഹിക്കാനാവാത്തതാണ്. ഇതിനെക്കാൾ വലിയൊരു പ്രശ്നവും പാപ്പ സൂചിപ്പിക്കുന്നു. നമ്മുടെ ഗ്രൂപ്പുകളിൽ

നാം ചില പ്രത്യേക വാക്കുകളും പ്രയോഗങ്ങളും ഉപയോഗിക്കുന്നത് അതിനു പുറത്തുള്ള സാധാരണ ജനങ്ങൾക്ക് ഏറെ വിചിത്രമായി അനുഭവപ്പെടുകയും നമ്മുടെ പ്രയോഗങ്ങൾ ഒരു കോമാളിത്തരമാകുന്നു എന്ന് നാം തന്നെ അറിയാതെ പോകുകയും ചെയ്യും. "ഒരു പ്രസംഗകനെ സംബന്ധിച്ചിടത്തോളം ഏറ്റവും വലിയ അപകട സാധ്യത അയാൾ സ്വന്തം ഭാഷയുമായി അത്ര തഴക്കത്തിലാകയാൽ സ്വാഭാവികമായി അത് എല്ലാവരും മനസ്സിലാക്കുകയും ഉപയോഗിക്കുകയും ചെയ്യുന്നുവെന്നു കരുതുന്നതാണ്."

ഞങ്ങളുടെ ഗ്രൂപ്പിലുണ്ടായ ചർച്ചകളിൽ ഞങ്ങൾക്കെല്ലാം ഒരു കാര്യം വ്യക്തമായി, പല ധ്യാനങ്ങളിലും കരിസ്മാറ്റിക് പ്രാർഥനകളിലും പങ്കെടുത്ത് ഞങ്ങൾ ഏതാണ്ട് എല്ലാവരുംതന്നെ ചില പ്രത്യേകവാക്കുകളും സംസാരരീതികളും പരിചയിച്ചു കഴിഞ്ഞു. 'പ്രെയ്സ് ദ ലോർഡ്' എന്നത് ഒരു അഭിസംബോധനയ്ക്കൊപ്പം ശ്രദ്ധയാകർഷിക്കാനും മറ്റുമുള്ള ഒരു ചടങ്ങു പ്രയോഗമായിക്കഴിഞ്ഞു. 'സമർപ്പണ'ത്തെക്കുറിച്ചും, 'ആന്തരികസൗഖ്യ' പോരായ്മയെക്കുറിച്ചും, മറ്റുള്ളവർക്കുവേണ്ട 'ആത്മനിറവിനെ' പറ്റിയുമൊക്കെയുള്ള പരാമർശങ്ങൾ പൊതുസമൂഹത്തിന് ഒരു തമാശയായി തോന്നാം. ഏറെ നീളാവുന്ന ഈ പ്രത്യേക ഭാഷയുടെ ലിസ്റ്റിലുള്ള വാക്കുകൾ ഒരുപക്ഷേ, പൊതുസമൂഹത്തിനു മാത്രമല്ല സാധാ കത്തോലിക്കരുടെ ഇടയിൽ പോലും ഏറെ വിചിത്രമായി അനുഭവപ്പെടാം.

ചിലപ്പോൾ ഒരു ചോദ്യമുയരാം, നമ്മുടെ ഇടയിൽ മാത്രമായി ഈ ചില പ്രത്യേക വാക്കുകൾ ഉപയോഗിക്കുന്നതിൽ എന്താണ് അപാകത? അതിനുള്ള അവകാശം നമുക്കില്ലേ? 'ക്ലീഷേ' എന്നു വിളിക്കപ്പെടുന്ന ഇത്തരം സ്ഥിരരൂപങ്ങൾക്ക് ക്രമേണ അവയുടെ ആദ്യ ഉപയോഗത്തിലെ അർഥവും ഭംഗിയും നഷ്ടപ്പെടും. അതിനെക്കാൾ വലിയൊരു മഹാപ്രശ്നം, ഇങ്ങനെയുള്ള വാക്കുകളുടെ കൂടുതലായുള്ള ഉപയോഗം ചുറ്റുപാടുമുള്ള മനുഷ്യരിൽ നിന്ന് നമ്മെ വേർതിരിക്കും. വാക്കുകളിലൂടെയാണ് നാം ചിന്തിക്കുന്നതും മറ്റുള്ളവരുമായി ബന്ധം സ്ഥാപിക്കുന്നതും.

നാം അർഥശൂന്യമായ 'ക്ലീഷേകൾ' അധികമായി ഉപയോഗിക്കുമ്പോൾ മറ്റുള്ളവർ അത് പരിഹാസ്യമായി കാണും. എല്ലാറ്റിലുമുപരി, നമ്മുടെ ഏറ്റം വലിയ ക്രൈസ്തവ ധർമമായ സ്നേഹബന്ധത്തിൽ വളരാനും യേശുവിന്റെ സദ്വാർത്ത പങ്കുവയ്ക്കാനുമുള്ള സാധ്യതയ്ക്ക് വിലങ്ങുതടി ആകുകയും ചെയ്യും. പൗലോസിന്റെ വാക്കുകളിൽ, അങ്ങനെ നാം "ഭക്തിയുടെ ബാഹ്യരൂപം നിലനിറുത്തിക്കൊണ്ട് അതിന്റെ ചൈതന്യത്തെ നിഷേധിക്കും" (2 തിമോ 3:5).

പോൾ ആറാമൻ പാപ്പയുടെ വാക്കുകളിൽ, "സുവിശേഷവത്ക്കരണം ആരെ ഉദ്ദേശിച്ച് നിർവഹിക്കുന്നുവോ അവരുടെ ഭാഷയും അടയാളങ്ങളും നാം ഉപയോഗിക്കുന്നില്ലെങ്കിൽ സുവിശേഷവത്ക്കരണത്തിന്റെ ശക്തിയും ഫലദായകത്വവും ആകമാനം നഷ്ടമാകാനിടയുണ്ട്" (സുവിശേഷപ്രഘോഷണം, 63). അതുകൊണ്ടുതന്നെ, ഏറെ സാധാരണ രീതിയിൽ സംസാരിക്കാനും പെരുമാറാനും ബോധപൂർവമായ ഒരു ശ്രമം ഞങ്ങളുടെ ഇടയിൽ ഉണ്ടായി. ഞങ്ങളുടെ സാധാരണ സംസാരരീതികളെ സ്വയം ചോദ്യം ചെയ്യാനും ചിലപ്പോഴെങ്കിലും ചില "ആധ്യാത്മിക" പൊങ്ങച്ച പ്രയോഗങ്ങളെ ഒന്നുകളിയാക്കാനും ഒക്കെയുള്ള സ്വാതന്ത്ര്യം ഞങ്ങളുടെ കൂട്ടായ്മയിൽ ക്രമേണ വളർന്നുവന്നു. ലളിതവും സാധാരണവുമായ വാക്കുകളുടെ ഉപയോഗമാണ് 'ശിശുക്കളെപ്പോലെ' ആകാനുള്ള യാത്രയിലെ ഒരു പടി.

അനുദിന ജീവിതത്തിൽ നാമോരോരുത്തരും പ്രകടിപ്പിക്കുന്നത് ലാളിത്യവും സന്തോഷവും ആണോ അതോ, കൃത്രിമത്വവും ആധ്യാത്മിക മുഖംമൂടികളുമാണോ എന്ന് നാം പരിശോധിക്കേണ്ടതില്ലേ? നമ്മുടെ സംസാരത്തിന്റെയും പെരുമാറ്റത്തിന്റെയും ചില മേഖലകൾ പ്രത്യേകം നാം ശ്രദ്ധിക്കേണ്ടി വരും.

✠ നാം ആയിരിക്കുന്ന ഗ്രൂപ്പുകൾക്കും മറ്റിടങ്ങൾക്കും അനുയോജ്യമായ അഭിവാദ്യ രീതികൾ. 'നമസ്കാരം, ഹലോ' എന്നൊക്കെ പറയാൻ നമുക്ക് മടിയാണോ, 'പ്രെയ്സ് ദ ലോഡ്, ഹല്ലേലൂയ' മാത്രമേ വഴങ്ങുകയുള്ളോ?

✠ ക്ലീഷേകളും സാങ്കേതികവാക്കുകളും അധികമായി ഉപയോഗിക്കുന്നുണ്ടോ? വളരെ പ്രത്യേകതയുള്ള ആശയങ്ങൾ പ്രകടിപ്പിക്കുമ്പോഴും സാധാരണ വാക്കുകളിൽ ആകുന്നതല്ലേ നല്ലത്?

✠ ആധ്യാത്മിക അനുഭവങ്ങൾ, സ്വന്തം ആന്തരിക ജീവിതം തുടങ്ങിയവയെക്കുറിച്ച് പറയുമ്പോൾ പ്രത്യേക ശ്രദ്ധയെടുത്ത് സാധാരണ ഭാഷയിൽ അതു വിവരിക്കേണ്ടിവരും.

✠ സ്വന്തവാക്കുകളിൽ അല്ലെങ്കിൽ പങ്കുവച്ച് പ്രാർഥിക്കുമ്പോൾ, ഉപയോഗിച്ച് തേഞ്ഞു പോയ രീതികൾ ഒന്നു പുനർപരിശോധിക്കുക. അലക്ഷ്യമായി 'കർത്താവേ', 'യേശുവേ' എന്നെല്ലാം കൂടെക്കൂടെ ആവർത്തിക്കുന്ന രീതി അരോചകമാണോ എന്ന് പരിശോധിക്കുക. മിറിച്ച്, ലളിതവും ആത്മാർഥവുമായ ഭാഷയിൽ കർത്താവിനോട് സംസാരിക്കുക.

ചിലർ ഒരു ചോദ്യം ഉന്നയിച്ചേക്കാം, "ആധ്യാത്മിക ജാർഗണുകൾ അല്ലെങ്കിൽ ഫ്രാൻസിസ് പാപ്പ സൂചിപ്പിക്കുന്ന 'പ്രഘോഷകരുടെ വാക്കുകൾ' നമുക്ക് പൂർണമായും ഒഴിവാക്കാനാകുമോ?" എന്റെ ചിന്തയിൽ ഈ ചർച്ചയുടെ ഊന്നൽ എന്തെല്ലാം വാക്കുകൾ ഒഴിവാക്കണം എന്നതിലല്ല, മറിച്ച് സമൂഹത്തിലെ ഒട്ടുമുക്കാൽ പേർക്കും മനസ്സിലാക്കാനും ആസ്വദിക്കാനും പറ്റുന്ന സാമാന്യവും ലളിതവുമായ ഭാഷയും വാക്കുകളും ഉപയോഗിക്കുക എന്നതിനെക്കുറിച്ചാണ്. ഓരോ ജീവിതമേഖലകൾക്കും വിജ്ഞാന ശാഖകൾക്കും പ്രത്യേകവാക്കുകയും ഭാഷാരീതികളും ഉണ്ട്. എന്നാൽ ഈ പ്രത്യേക പദപ്രയോഗങ്ങൾ, അത് ആധ്യാത്മികമോ, ശാസ്ത്രീയമോ, രാഷ്ട്രീയമോ ആയ ഏതുമേഖലകളിൽ നിന്നുമാകട്ടെ, പൊതുസമൂഹത്തിലെ സാധാരണ ശ്രോതാവിന് അവയുടെ അമിത ഉപയോഗം അരുചിയായി അനുഭവപ്പെടും. ഒരു ക്രിസ്തീയ സമൂഹത്തിൽ സാധ്യമാകുന്ന ലളിതസുന്ദര ചൈതന്യം ക്രമേണ അത് നഷ്ടമാക്കുകയും ചെയ്യും. ലളിത സാധാരണ ഭാഷ ഉപയോഗിച്ച് നമുക്ക് സുവിശേഷ സന്തോഷത്താൽ നിറയുന്ന നല്ല ക്രിസ്തുശിഷ്യരാകാം.

യുVA

യു ഹോട്ട്സ്

# വൈകിയെത്തുന്ന ക്രിസ്തു



ലാസറിനെ ഉയർപ്പിച്ച സുവിശേഷഭാഗം നമുക്ക് എല്ലാവർക്കും സുപരിചിതമാണ്, എന്നിരുന്നാലും അതിൽ പ്രാധാന്യം അർഹിക്കുന്ന ഒരു ചിന്തകൂടെ നമുക്ക് കാണാൻ സാധിക്കും. തന്റെ പ്രിയ സ്നേഹിതൻ ദീനമായി കിടക്കുന്നു, മരണത്തിന്റെ ഏകാന്ത നിദ്രയിലേക്ക് അല്പം നിമിഷങ്ങൾ കൂടിയേയുള്ളൂ എന്നറിഞ്ഞിട്ടും അറിയാത്ത ഭാവത്തോടെ, സുഖപ്പെടുത്താതെ രണ്ടു ദിവസംകൂടി വൈകി എത്തുന്ന ക്രിസ്തു.


ആവശ്യമായ ഘട്ടങ്ങളിൽ അങ്ങ് എന്റെ വിളി കേൾക്കുന്നില്ലായെങ്കിൽ പിന്നെ അങ്ങ് എവിടെയാണ്? എന്തുകൊണ്ട് എന്നെ പ്രതിസന്ധിയിൽനിന്നു രക്ഷിക്കുന്നില്ല? എന്തുകൊണ്ട് ഞാൻ ഒരു തള്ളിക്കളഞ്ഞ കല്ലായിമാറി? ഇങ്ങനെയുള്ള ചോദ്യങ്ങളുടെ നിഴലുകൾ, നമ്മുടെ ഹൃദയങ്ങളിലും ഇടയ്ക്ക് എപ്പോഴെങ്കിലുമൊക്കെ വന്നുപോകാറില്ലേ?

ഭൂമിയിൽ പിറവിയെടുത്തപ്പോഴേ 'ടെട്രാ അമേലിയ' എന്ന അപൂർവ രോഗം കൊണ്ട് കൈകളും കാലുകളും മരവിച്ചുപോയ ഒരു യുവാവ് സമൂഹമധ്യേ ജീവിക്കാൻ ഏറെ പ്രയാസപ്പെടുന്നു. നല്ല ഒരു ജോലി അന്വേഷിച്ചിട്ട് ലഭിക്കുന്നില്ല. മാതാപിതാക്കൾക്ക് മുമ്പിൽ വെറും ഒരു മാംസപിണ്ഡം മാത്രമായി നിൽക്കുന്ന അവസ്ഥ. തന്റെ പക്വതയാർന്ന ജീവിതത്തിലേയ്ക്ക് ചുവടുകൾ വയ്ക്കാൻ ശ്രമിക്കുമ്പോളെല്ലാം ഇരുൾ നിറഞ്ഞ വഴികൾ മാത്രമേ കാണുവാൻ സാധിക്കുന്നുള്ളൂ. വഴികാട്ടിയാകുവാൻ വിളക്കുമരങ്ങൾ ഇല്ല. അണയാത്ത കനലുകൾ പോലെ എരിയുന്ന ഉള്ളവും പുകയാർന്ന ജീവിതവും. അസ്ത്രങ്ങൾ പോലെ വന്നുപതിക്കുന്ന ചോദ്യചിഹ്നങ്ങൾ.കൂട്ടിനു കൂടെപ്പിറപ്പായിരുന്നവർ പുതിയ മേച്ചിൽ പുറങ്ങൾ തേടി

റോബിൻ ബാബു കുവൈറ്റ്



**മരണത്തിന്റെ ഏകാന്ത നിദ്രയിലേയ്ക്ക് അല്പം നിമിഷങ്ങൾ കൂടിയേയുള്ളൂ എന്നറിഞ്ഞിട്ടും അറിയാത്ത ഭാവത്തോടെ, സുഖപ്പെടുത്താതെ രണ്ടു ദിവസംകൂടി വൈകിയെത്തുന്ന ക്രിസ്തു നമ്മോടു പറയുന്നത്...?**



പ്പോയപ്പോൾ ഏകാന്തത നിറഞ്ഞ താഴ്വരയിൽ അവൻ മാത്രം ബാക്കിയായി.

സൃഷ്ടാവേ, എനിക്ക് എന്തിന് ഈ ജീവിതം തന്നു. നാറ്റം വഹിക്കുന്ന ജീവിതത്തിലേയ്ക്ക് നീ എന്തിന് എന്നെ തള്ളിവിട്ടു. ഞാൻ പെട്ടുപോയ കയത്തിൽ നിന്നും ആര് എന്നെ കരകയറ്റും. എന്നെ സഹായിക്കുവാൻ അങ്ങ് എന്തിന് ഇത്ര വൈകുന്നു?

വിഷാദിയായ ആ യുവാവ് തന്റെ ജീവൻ, മരണത്തിന് വിട്ടുകൊടുക്കാനുറച്ച് ആഴിയുടെ ആഴങ്ങളിലേയ്ക്കു താഴ്ന്നു പോകുമ്പോൾ ജീവന്റെയും മരണത്തിന്റെയും ഓളങ്ങളിൽ ഒരു ചോദ്യം അവന്റെ മനസ്സിലുണർന്നു. തന്റെ ജീവിതംകൊണ്ട് ആർക്കെങ്കിലും പ്രയോജനം ഉണ്ടായിട്ടുണ്ടോ? മരിച്ചാൽ തനിക്കുതന്നെ നഷ്ടം. ഈ മായാലോകത്തിൽ ആര് എന്നെ ഓർത്തു വിഷമിച്ചിരിക്കും? എങ്കിൽ എന്തുകൊണ്ട് തന്നെപ്പോലെയുള്ള അനേകം ജീവിതങ്ങളിലേയ്ക്ക് ഒരു ഓളമായി തീർന്നുകൂടാ. സൃഷ്ടാവിന്റെ ദൗത്യം കണ്ടുപിടിക്കുക. ഞാൻ ഇനി വിശ്രമിക്കുകയില്ല എന്ന ചിന്തയുമായി ക്രിസ്തുവിനോട് ചേർന്ന് മരണത്തിന്റെ ആഴങ്ങളിൽനിന്നും ഉയർന്നുവന്ന് ഫിനിക്സ് പക്ഷിയെപ്പോലെ പറന്നുയരുകയാണ് പ്രശസ്ത മോട്ടിവേഷണൽ സ്പീക്കറും സുവിശേഷകനുമായ പ്രസംഗകൻ നിക് വുജിസിക് (Nick Vujicic). ഇന്ന് അദ്ദേഹം ലോകമറിയപ്പെടുന്ന സുപ്രധാന വ്യക്തിയായി മാറിയിരിക്കുന്നു.

ഇനി നമ്മിലേയ്ക്ക് ഒന്ന് ചിന്തിച്ചു നോക്കുക. സൃഷ്ടാവ് എത്ര മനോഹരമായിട്ടാണ് നമ്മെ സൃഷ്ടിച്ചിരിക്കുന്നത്. പിന്നെ എന്തുകൊണ്ട് നമുക്ക് അപരന്റെ നന്മയ്ക്കായി പ്രവർത്തിച്ചുകൂടാ? അതിലൂടെ നാം നമ്മെ തന്നെയാണ് കണ്ടെത്തുന്നത്. പ്രതിസന്ധികളെ കീറിമുറിച്ചുകൊണ്ടാണ് നദി മഹാസാഗരത്തിൽ ചെന്ന് പതിക്കുന്നത്. പ്രതിസന്ധികളിലൂടെയുള്ള യാത്ര നമ്മെ എത്തിക്കുന്നത് അനന്തമായ സാധ്യതകളിലേക്കുകൂടിയാണ്.

നമ്മുടെ പ്രാർഥനകൾക്ക് ഉത്തരം വൈകി എന്നാൽ നമ്മെ കൈവിടുകയല്ല അവിടന്ന് ചെയ്യുന്നത്, നിനക്ക് തന്നിരിക്കുന്ന കാലത്തെ കണ്ടെത്താൻ ഉള്ള സമയമാണ് നിനക്ക് തരുന്നത്. അതുകൊണ്ട് അന്ധകാരത്തെ കീറിമുറിച്ചുയരുന്ന ഉദയസൂര്യനെപ്പോലെ അനേകർക്ക് വെളിച്ചമാകാൻ, ക്രിസ്തുവിനോട് ചേർന്ന് പുതിയ ചുവടുകൾ വയ്ക്കാൻ നാം പരിശ്രമിക്കുക.

അപ്പോൾ ഈശോ ലാസറിന്റെയടുക്കൽ പറഞ്ഞതുപോലെ നമ്മളോടും പറയും അവൻ ഉറങ്ങുകയായിരുന്നു. ഇനി അവൻ പുതുജീവൻ കാണാൻ പോകുന്നു. എന്തെന്നാൽ ഞാനാണ് പുനരുത്ഥാനവും ജീവനും; എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും✦




ലില്ലി സന്തോഷ്, ചങ്ങനാശ്ശേരി

# മടക്കയാത്ര

**ചില നേരങ്ങളിൽ ചിലയാളുകൾ വിലപ്പെട്ട ചിലത് ഓർമപ്പെടുത്തും. ഒരു യാത്രയ്ക്കിടയിലെ അത്തരമൊരു അനുഭവത്തിലൂടെ കൈവന്ന വീണ്ടുവിചാരം.**

അന്നും പതിവുപോലെ ജോലി കഴിഞ്ഞ് വീട്ടിലേക്കുള്ള മടക്കയാത്രയ്ക്ക് കോട്ടയം ലോഗോസ് ബസ്സ്റ്റോപ്പിൽ നിൽക്കുകയാണ്. 7 മണിയായി. നേരം ഇരുട്ടി തുടങ്ങിയതിന്റെ ചെറിയ ടെൻഷൻ ഉണ്ട്. വീട്ടിലെത്തിയാലേ ഈ ടെൻഷൻ കുറയൂ.

പല കാര്യങ്ങൾ ആലോചിച്ചു നിൽക്കുന്ന അവസരത്തിൽ എന്റെ അടുത്ത് ഒരു സ്ത്രീ വന്നു. പേരും സ്ഥലവുമൊക്കെ ചോദിച്ച് പരിചയപ്പെട്ടു. ഞങ്ങൾ ഏതാണ്ട് സമപ്രായക്കാർ ആണെന്ന് എനിക്ക് തോന്നി. കൂടുതൽ ഒന്നും ഞാൻ അങ്ങോട്ട് ചോദിച്ചില്ല. അവർ എന്നോട് സംസാരിക്കാൻ ശ്രമിക്കുന്നുണ്ട്. അവരുടെ ചോദ്യം, "നിത്യജീവൻ ലഭിക്കണമെങ്കിൽ യേശുക്രിസ്തുവിൽ വിശ്വസിച്ച് സ്നാനപ്പെടണം, നിത്യജീവനിൽ വിശ്വസിക്കുന്നുണ്ടോ..?" എന്നതാണ്. അവരുടെ നിറുത്താതെയുള്ള സംസാരത്തിൽ എനിക്ക് അത്ര താത്പര്യം തോന്നിയില്ല. ആരാണെന്ന് ഞാൻ ചോദിച്ചപ്പോൾ അവർ സ്വയം പരിചയപ്പെടുത്തി. "ഞാൻ ഒരു പെന്തക്കോസ്ത് സഭാംഗമാണ്. രണ്ടുമക്കൾ ഉണ്ട്. എല്ലാ ദിവസവും വൈകുന്നേരങ്ങളിൽ ഈ ബസ്സ്റ്റോപ്പിൽ വരാറുണ്ട്. കണ്ടുമുട്ടുന്ന ആളുകളോട് ദൈവത്തെപ്പറ്റി പറയും." ഇതുകേട്ടപ്പോൾ, ഞാനും ഈശോയെ സ്നേഹിക്കുകയും വചനത്തിൽ പറയുന്ന രക്ഷയിൽ വിശ്വസിച്ചു ജീവിക്കുന്ന ആളാണെന്നു പറഞ്ഞു. ഇത്രയും പറഞ്ഞ് ഞാൻ അല്പം അകലത്തിൽ നിൽക്കാൻ ശ്രമിച്ചു. ഇനിയും ബസ് വന്നിട്ടില്ല. ഇവർ പക്ഷേ, വീണ്ടും സംസാരം തുടരാൻ ശ്രമിച്ചു. പിന്നീട് ഞാൻ അവരോട് സംസാരിക്കുമ്പോൾ അവരുടെ പ്രവൃത്തിയെക്കുറിച്ചാണ് പറഞ്ഞത്. "ഞാനും താങ്കൾ പറയുന്ന ഈശോയെ അനുഭവിച്ചറിഞ്ഞു തന്നെയാണ് ജീവിക്കുന്നത്. എങ്കിലും ഒരു കാര്യത്തിൽ എനിക്ക് നിങ്ങളോട് ബഹുമാനം തോന്നുന്നു. നിങ്ങൾ അറിഞ്ഞ ദൈവത്തെ ഇത്രയും ആവേശത്തോടെ പങ്കുവയ്ക്കുന്നുണ്ടല്ലോ. ഈ ധൈര്യത്തെ ഞാൻ വിലമതിക്കുന്നു." ഇത്രയും പറഞ്ഞപ്പോൾ അവർ പിന്നെ സംസാരിക്കാൻ നിന്നില്ല. ബസ് വന്നപ്പോൾ ഞാൻ വീട്ടിലേയ്ക്ക് പോന്നു.

ബസിൽ ഇരിക്കുമ്പോൾ അവരുടെ മുഖവും സംസാരവുമൊക്കെ വീണ്ടും തെളിഞ്ഞുവന്നു. ജീവിതത്തിൽ ആദ്യമായി ദൈവസ്നേഹം അനുഭവിച്ചറിഞ്ഞ സമയം എനിക്കോർമ വന്നു. എന്തൊക്കെ തീരുമാനങ്ങളായിരുന്നു ആ സമയത്തു മനസ്സിൽ. രക്ഷകനും നാഥനും ഏറ്റവും അടുത്ത സുഹൃത്തും ഈശോ തന്നെയെന്ന് ആവർത്തിച്ചു പറഞ്ഞ കാലം. ഓരോ ദിവസവും എത്രയോ പേരോട് ഈശോയുടെ സ്നേഹത്തെപ്പറ്റിയും ഇടപെടലിനെപ്പറ്റിയും ഉത്സാഹത്തോടെ പങ്കുവച്ചിരുന്ന കാലം. ഇന്നോ..?

വളരുന്തോറും ഈ തീക്ഷ്ണത കുറഞ്ഞതാണോ അതോ വളർത്താൻ താത്പര്യപ്പെടാത്തതാണോ..? ഉറ്റചങ്ങാതിയുടെ സ്ഥാനം ഇപ്പോഴും യേശുവിനുതന്നെ എന്നു പറഞ്ഞാൽ ആ പറച്ചിലിൽ അല്പം കള്ളമില്ലേ എന്നൊരു സംശയം. ഞാൻ എന്റെ ഓരോ ദിവസവും എടുത്ത് പരിശോധിക്കാൻ തുടങ്ങി. പ്രാർഥന, തിരുവചന ധ്യാനം, കൂദാശ സ്വീകരണം ഒക്കെ അന്നും ഇന്നും തുടരുന്നു. പക്ഷേ, ഒരു കുറവുണ്ട്. ഈ കുറവ് ചിന്തിക്കുമ്പോൾ മനസ്സിൽ തെളിയുന്നത് ബസ്സ്റ്റോപ്പിൽ കണ്ട ആ സ്ത്രീയുടെ മുഖമാണ്.

തിരിഞ്ഞു നോക്കുമ്പോൾ അത്തരമൊരനുഭവം അനിവാര്യതയായിരുന്നു. ഇടക്കെപ്പോഴോ കൈമോശം വന്ന എന്റെ ഉള്ളിലെ ഈശോയെ പങ്കുവയ്ക്കുന്ന മനോഭാവത്തെ തീക്ഷ്ണതയോടെ തുടരുവാൻ ഇത് നിമിത്തമായി. പിന്നീടുള്ള ദിവസങ്ങൾ ഒന്നുപോലും ഒരാളോടെങ്കിലും ഞാനറിഞ്ഞ ദൈവസ്നേഹം പങ്കുവയ്ക്കാതെ കടന്നുപോയിട്ടില്ല. മടക്കയാത്രയിൽ ബസിൽവച്ചു പ്രാർഥിച്ചതും ആ കൃപയ്ക്കുവേണ്ടി ആയിരുന്നു. ഇടയ്ക്കുവച്ചു ഒളിമങ്ങിയ എന്നിലെ തീക്ഷ്ണതയെ നീ വീണ്ടും ജ്വലിപ്പിക്കേണമേ. നിന്നെ പങ്കുവയ്ക്കാൻ എന്നെ ധൈര്യപ്പെടുത്തേണമേ ✦

ടിന്റു സോണി






**Q** ഞാനൊരു ഡിഗ്രി വിദ്യാർഥിനിയാണ്. ബോയ് ഫ്രണ്ട്സ് ഉൾപ്പെടെ ധാരാളം സുഹൃത്തുക്കളുണ്ട്. അടുത്ത സുഹൃത്തുക്കളായ ആൺകുട്ടികളിൽ ചിലർ പ്രൊപ്പോസലുമായി വരുന്നു. അവർ സീരിയസാണ്. പഠനത്തെയൊക്കെ ബാധിക്കുന്നു. എനിക്കു താത്പര്യമില്ല. ഫ്രണ്ട്ഷിപ്പാണിഷ്ടം. എങ്ങനെയാണിത് കൈകാര്യം ചെയ്യേണ്ടത്? മറ്റു പലർക്കും കൂടി വേണ്ടിയാണീ ചോദ്യം.

**A** നിങ്ങൾ ഒരു ഡിഗ്രി വിദ്യാർത്ഥിനി ആണെന്നതും നിങ്ങൾക്ക് ബോയ്ഫ്രണ്ട്സ് ഉൾപ്പെടെ ധാരാളം സുഹൃത്തുക്കൾ ഉണ്ട് എന്നുള്ളതും ഒരു പാട് സന്തോഷം തരുന്നു. വിവാഹത്തെക്കുറിച്ച് ഉത്തരവാദിത്വപൂർണമായ ചിന്തകളും പ്രായോഗികമായ ആശയങ്ങളും ചർച്ചകളും നടക്കുന്ന കാലഘട്ടവുമാണിത്. പ്രൊപ്പോസൽസ് വന്നു തുടങ്ങുന്നതും, അത് കൂട്ടുകാരിൽ നിന്നുതന്നെ എന്നൊക്കെയുള്ളത് സാധാരണമായ കാര്യങ്ങളാണ്.

കൃത്യമായി ഇത്തരം കാര്യങ്ങളെ വൈകാരിക പക്വതയോടെ, ചഞ്ചലചിത്തരാകാതെ കൈകാര്യം ചെയ്യാനുള്ള ജ്ഞാനം ആണ് നിങ്ങൾ സമ്പാദിക്കേണ്ടത്. പലപ്പോഴും എന്ത് മറുപടി പറയും, നോ പറഞ്ഞാൽ സൗഹൃദം മുറിയുമോ, അഹങ്കാരി ആണെന്ന് പറയുമോ എന്നിങ്ങനെ ഉള്ള ചിന്തകൾ പലരെയും വലച്ചുകണ്ടിട്ടുണ്ട്. മറ്റു ചിലർക്ക് കൂട്ടുകാരുടെ സമ്മർദത്തെയാണ് താങ്ങാൻ പറ്റാത്തത്. ഏതെങ്കിലും ഒരുത്തനെ കെട്ടുന്നതിനേക്കാൾ നല്ലതല്ലേ പരസ്പരം അറിയാവുന്നവർ തമ്മിൽ കെട്ടുന്നത് (കണ്ടറിവും കേട്ടറിവും കൊണ്ടറിയുമ്പോൾ എന്താകുമോ ആവോ) ജീവന് തുല്യം സ്നേഹിക്കുന്ന ആളിനെ വേണ്ടെന്നുവയ്ക്കുന്നത് വിഡ്ഢിത്തം അല്ലേ എന്നിങ്ങനെ പലതരം ചോദ്യങ്ങൾ. എങ്ങനെയാണ് ഇതൊക്കെ ഒന്ന് നേരിടുക ചില ചിന്തകൾ പങ്കുവയ്ക്കട്ടെ.

1. നിങ്ങൾക്ക് ഒരു ജീവിതദർശനം (ദൈവത്തെ കൂട്ടുപിടിച്ചുള്ള) ഉണ്ടാകുന്നത് നല്ലതായിരിക്കും. അതിൽ നിങ്ങളുടെ പഠനവും വിവാഹവും ജോലിയും മറ്റുള്ളവരുമായി ഉള്ള ബന്ധങ്ങളും എല്ലാം ഉൾപ്പെടും. സൗഹൃദം ആണ് ഇഷ്ടമെന്നും ഇത്തരം കാര്യങ്ങൾ നിങ്ങളുടെ പഠനത്തെ പ്രതികൂലമായി ബാധിക്കുന്നു എന്നും പറഞ്ഞിരുന്നല്ലോ. നോ പറയാൻ ഇത് തന്നെ ധാരാളം.

2. ധൈര്യക്കുറവിനെ അഭിമുഖീകരിക്കുന്നതെങ്ങനെയാണ്?

- മാതാപിതാക്കളോട് തുറന്നു സംസാരിക്കാം.
- വ്യക്തമായ ധാരണയോടെ നിങ്ങളെ സഹായിക്കും എന്നുറപ്പുള്ള മുതിർന്നവരുടെ സഹായം തേടാം.
- നിങ്ങളെ നന്നായി അറിയാവുന്ന നല്ല സുഹൃത്തുക്കൾക്ക് നിങ്ങളെ സഹായിക്കാൻ കഴിഞ്ഞേക്കാം. പ്രൊപ്പോസൽ വന്നതിൽ എന്തെങ്കിലും നന്മ ഉണ്ടെങ്കിൽ അവർ വഴി അറിയാവുന്നതാണ്.

3. വ്യക്തമായ ധാരണയോടെ, കാര്യകാരണങ്ങൾ ബോധിപ്പിച്ച് ധൈര്യത്തോടെ നോ പറയുക.

4. നിങ്ങൾ പറഞ്ഞിട്ട് മനസ്സിലാക്കുന്നില്ലേ, എങ്കിൽ വിവേകത്തോടെ മുതിർന്നവരെക്കൊണ്ട് സംസാരിപ്പിക്കാം.

5. നിങ്ങളെക്കുറിച്ച് ഉള്ള ദൈവത്തിന്റെ പദ്ധതിയിൽ നിങ്ങളുടെ ജീവിതപങ്കാളിയും ഉൾപ്പെടും. അതിനായി പ്രാർഥനയോടെ, വിവേകത്തോടെ കാത്തിരിക്കാം. നിങ്ങളുടെ സാഹചര്യവും മറ്റുമനുസരിച്ച് ഇനിയും ധാരാളം ചിന്തകൾ ഉണ്ടാവാം. ഇത്തരം ജീവിതാനുഭവങ്ങൾ നിങ്ങളെ സർഗാത്മകമായും വിമർശനാത്മകമായും ചിന്തിച്ച് സ്വതന്ത്രയായി ജീവിക്കാൻ സഹായിക്കട്ടെ എന്ന് ആശംസിക്കുന്നു.

ആര്യാ കെ.കെ, രാജാക്കാട്, ഇടുക്കി



യൂത്ത് ക്ലാസ്സ്

# ഇനി നമുക്ക് 'തലയുയർത്തി' നടക്കാം.



സ്വന്തമായി തീരുമാനമെടുക്കാനും അവ നടപ്പിൽ വരുത്താനും തള്ളേണ്ടതു തള്ളാനും ശാസിക്കാനും നിയന്ത്രിക്കാനുമൊക്കെ സ്വാതന്ത്ര്യമുള്ളവനാണ് മനുഷ്യൻ. അഥവാ ഇവയൊക്കെ പ്രകടിപ്പിക്കുന്നവനെയാണല്ലോ നാം മനുഷ്യൻ എന്നു വിളിക്കുന്നത്.

ഇവിടെ വിരോധാഭാസം എന്നു പറയത്തക്ക വിധം കാര്യങ്ങൾ മാറിമറിഞ്ഞാൽ എന്തായിരിക്കും സംഭവിക്കുക? സ്വതന്ത്രനെന്നു പറയുന്നവൻ യഥാർഥത്തിൽ അടിമയാണെന്നു പറഞ്ഞാൽ തെറ്റുമെന്ന് തോന്നുന്നില്ല. പറഞ്ഞുവന്നത് മനുഷ്യൻ മനുഷ്യനെ അടിമകളാക്കിയ ദുരന്തകഥയേ പറ്റിയല്ല. അതിനു മനുഷ്യത്വമില്ലായ്മ എന്നെങ്കിലും പറയാമായിരുന്നു. ഇത് അടിമകളുടെ സ്ഥാനം അവനുതന്നെയെങ്കിലും ജന്മസ്ഥാനമേറ്റത് ഒരു മനുഷ്യനിർമിത വസ്തുവാണെന്നു മാത്രം.

**കൈവെള്ളയിലെ 'വലിയ ലോകം' നമുക്കു മുന്നിലെ യഥാർഥ ലോകത്തേയും കാഴ്ചകളേയും മറയ്ക്കുന്നുണ്ട്. മായക്കാഴ്ചകളിൽ നിന്നും തലയുയർത്താൻ ചില ഓർമപ്പെടുത്തലുകൾ.**

## ഈ അപ്ഡേഷൻ സുപ്രധാനം

ഭൂഗോളം അതിന്റെ അച്ചുതണ്ടിൽ 23.7 ഡിഗ്രി ചരിഞ്ഞ് കറങ്ങുന്നു. നക്ഷത്രങ്ങളിൽ ഭൂമിയോട് ഏറ്റം അടുത്ത് സൂര്യൻ. ഭൂമി അതിനു ചുറ്റും കറങ്ങുന്നുണ്ട്. ഇതിന്റെ ഫലമായി രാത്രിയും പകലും ഉണ്ടാകുന്നു. ശാസ്ത്രത്തിന്റെ അതിസുന്ദരമായ കണ്ടുപിടിത്തങ്ങളിൽ അത്രതന്നെ നിസ്സാരമല്ലാത്ത ഒന്ന്. മനുഷ്യന്റെ ഒരു ദിവസം നിർണയിക്കുന്നത് ഈ പകലും രാത്രിയുമാണല്ലോ. തിരക്കുകൾ നിറഞ്ഞ പകലുകൾ. വിശ്രമത്തിന്റേതായ രാത്രികൾ. ശ്രദ്ധിക്കാതെയോ അല്ലെങ്കിൽ അറിയാതെയോ പോകുന്ന

ഒന്നുണ്ട് ഇതിനിടയിൽ, ഈ പ്രപഞ്ചത്തിൽ അനുവദിക്കപ്പെട്ടിരിക്കുന്ന ദിനങ്ങൾ. ദിവസങ്ങൾ മുന്നോട്ടു പായുന്നു; പ്രായവും. പിന്നോട്ടോടുന്ന നമ്മുടെ ആയുസ്സിനെ ഇതിനിടയിൽ നമ്മൾ കാണാതെ പോകുന്നുണ്ടോ?

അതിനുമിടയിലാണ് അടിമത്തത്തിന്റെ കടന്നുവരവ്. യന്ത്രത്തിന്റെ അടിമത്തമെന്നു പൊതുവേ പറയാമെങ്കിലും കൂടുതൽ വ്യക്തമാക്കിയാൽ അത് മൊബൈൽ ഫോൺ അടിമത്തം തന്നെയാണ്. സ്വന്തം ആവശ്യങ്ങൾക്കായി സൃഷ്ടിച്ചെടുത്ത ഒരു വസ്തു ആവശ്യങ്ങളും അനാവശ്യങ്ങളുമെല്ലാം ഏറ്റെടുത്ത് ആഴത്തിൽ വേരു പാകി തന്റെ മുതലാളിത്തം ഉറപ്പിച്ചിരിക്കുന്നു.

## നമുക്ക് ഒരു 'റീസ്റ്റാർട്ട്' അത്യാവശ്യം

ആശയവിനിമയം പ്രതിസന്ധി നേരിട്ടിരുന്ന ഒരുകാലത്ത് ഈ വിദ്വാന്റെ രംഗപ്രവേശം ഏറെ പ്രയോജനപ്പെട്ടു. കാലം കടന്നുപോയപ്പോൾ സാധ്യതകൾ ഏറിവന്നു. വളർന്നുവളർന്ന് എല്ലാം വിരൽത്തുമ്പിൽ ലഭിക്കുമെന്നാക്കി ഈ യന്ത്രവീരൻ. ഒരു മണിക്കൂർ കഷ്ടപ്പെടേണ്ടത് ഒരു മിനിറ്റായി ചുരുക്കിക്കിട്ടിയാൽ അതിനെ ലാഭമെന്നല്ലാതെ മറ്റെന്തു പറയാൻ?

അതായത്, ഒഴിച്ചുകൂടാനാവാത്ത ഒന്നായി രൂപാന്തരപ്പെട്ടു ഈ മൊബൈൽ. എന്നാൽ ഭീകരമായസത്യം മനസ്സിലാക്കാതെ പോകുകയാണിന്ന്. അന്ന് അത്യന്താപേക്ഷിതമെന്നു പറഞ്ഞ് കൂടെകൂട്ടിയ വസ്തുതന്നെ ഇന്ന്, മനുഷ്യജീവിതത്തെ നിയന്ത്രിച്ചുകൊണ്ടിരിക്കുന്നു. ഒരുവനറിയാതെ അവനെ കീഴടക്കുക എന്ന വില്പനതന്ത്രം പ്രായഭേദമന്യേ മനുഷ്യനുമേൽ പ്രയോഗിച്ചു ജയിച്ചുകൊണ്ടിരിക്കുന്ന ഏറ്റം വേദനാജനകമായ കാഴ്ച.

ഈയൊരു പ്രതിസന്ധിയെ മാറ്റിയെടുക്കാൻ സാധിക്കില്ലേ? സ്വന്തം മനസ്സിനെ നിയന്ത്രിക്കാൻ അവനവന് കഴിയുന്നില്ല എന്നതിൽ പരം നാണംകെട്ട അവസ്ഥയേതാണുള്ളത്? സമയവും സാഹചര്യങ്ങളും വികാരങ്ങൾ പോലും അവൻ നിയന്ത്രിക്കുന്ന തരത്തിൽ വളർന്നു പന്തലിക്കാൻ അനുവദിക്കണമോ? ആവശ്യത്തിനു 'മാത്രം' ഉപയോഗിച്ച്

**താൻ മാറിയില്ലേ..? കാലം മാറിയെന്നു പറഞ്ഞ് മാറ്റം കൊതിക്കുന്ന മനസ്സുമായിരിക്കുന്നവർ ചിന്തിക്കുന്നുണ്ടാവില്ല, ഒരു മനുഷ്യനെന്ന നിലയിൽ നിന്നാണ് അവൻ മാറ്റപ്പെടുന്നതെന്ന്.**

ബാക്കിസമയം ബന്ധങ്ങൾ (ഓൺലൈൻ ബന്ധങ്ങൾ അല്ല) ക്കുവേണ്ടി നീക്കി വയ്ക്കാൻ കഴിഞ്ഞാൽ ജീവിതത്തിനു അല്പം കൂടി നിറങ്ങളുണ്ടാവില്ലേ..?

## ഷെയറും ലൈക്കും ഒരു കൈ അകലത്തിൽ

കിലോമീറ്ററുകൾക്കപ്പുറമുള്ള വിവരങ്ങളറിഞ്ഞ് ഷെയർ ചെയ്തും ലൈക്ക് ചെയ്തും കമന്റടിച്ചും കടന്നു പോകുമ്പോൾ ഒരു കൈ അകലത്തിൽ മാത്രം ഷെയറും ലൈക്കും ലഭിക്കേണ്ട കുറച്ചു ജന്മങ്ങൾ അനാഥത്വത്തിന്റെ ആന്തരിക ഭാവത്തിലേയ്ക്ക് മാറ്റി നിറുത്തപ്പെടുകയാണെന്നോർക്കണം. കാലം മാറിയടോ. താൻ മാറിയില്ലേ..? കാലം മാറിയെന്നു പറഞ്ഞു മാറ്റം കൊതിക്കുന്ന മനസ്സുമായിരിക്കുന്നവർ ചിന്തിക്കുന്നുണ്ടാവില്ല, ഒരു മനുഷ്യനെന്ന നിലയിൽ നിന്നാണ് അവൻ മാറ്റപ്പെടുന്നതെന്ന്. കഴിഞ്ഞയിടെ കാണാനിടയായ ഒരു 'സ്റ്റാറ്റസ്' ഇപ്രകാരമായിരുന്നു. "എന്റെ ജീവിതത്തിലിടപെടാൻ ഞാൻ ഒരുത്തനേം അനുവദിക്കില്ല..എന്റെ വിധി എന്റെ തീരുമാനങ്ങളാണ്."

ഇതിന്റെ അർഥമറിഞ്ഞുകൊണ്ടാണെങ്കിലും അല്ലെങ്കിലും സ്വന്തം ജീവിതത്തിൽ അനാവശ്യമായി അതിപ്രസരം നടത്തിക്കൊണ്ടിരിക്കുന്ന ഒരു മാധ്യമത്തിന്റെതന്നെ സഹായത്തോടെ ഇത്തരമൊരു പ്രസ്താവന നടത്തിയത് ചിന്തനീയം തന്നെ. എന്റെ ജീവിതത്തിൽ തീരുമാനങ്ങളെടുക്കാൻ എനിക്ക് അവകാശമുണ്ട്. എന്നാൽ അത് എന്നെത്തന്നെയോ അപരനേയോ നശിപ്പിക്കുന്ന തരത്തിലായാൽ പിന്നെ ജീവിച്ചിട്ട് എന്ത് പ്രയോജനം?

## ഇനി 'തലയുയർത്തി' നടക്കാം

സ്വപ്നങ്ങൾ നെയ്ത്, അവ നേടിയെടുത്ത് പാറിപറന്നു നടക്കേണ്ട യൗവനം 'തലകുനിച്ച്' അടിമകളായി ജീവിതം മുകളിലോട്ടും താഴോട്ടും സ്ക്രോൾ ചെയ്ത് കഴിച്ചുകൂട്ടുന്ന കാഴ്ച, ജീവിതത്തിന്റെ ആസ്വാദനതലം വികസിച്ചതാണത്രേ കാരണം. ചുറ്റുമൊന്നു കണ്ണോടിച്ചാൽ സൃഷ്ടാവ് ഒരുക്കിയിരിക്കുന്ന പ്രപഞ്ചത്തിന്റെ മനോഹാരിത കാണാം. പച്ചയായ ജീവിതയാഥാർഥ്യങ്ങൾ കാണാം. ഇടപെടേണ്ടതായ പ്രശ്ന മേഖലകൾ കാണാം. ഒന്നേ വേണ്ടൂ. കണ്ണുകൾ ഉയർത്തി നോക്കണം. സ്വയം അടിമയായിക്കൊണ്ടല്ല, ജീവിതത്തിൽ താൻ വിളിക്കപ്പെട്ടിരിക്കുന്ന മേഖലയിൽ തിളങ്ങിക്കൊണ്ടാണ് തന്റേടം കാണിക്കേണ്ടത്. പറയേണ്ടത് പറയാനും കേൾക്കേണ്ടതു കേൾക്കാനും കാണേണ്ടത് കാണാനും ആസ്വദിക്കേണ്ടവ ആസ്വദിക്കാനും ഇന്ദ്രിയങ്ങളെ വിട്ടയയ്ക്കാം. അവയെല്ലാം ഒരു കുടക്കീഴിൽ ഒരുക്കിത്തരുന്ന ഈ മൊബൈൽ ഫോൺ എന്ന സംവിധാനത്തെ നമുക്ക് നിയന്ത്രിക്കുകതന്നെ വേണം.

## ഒരു പുതിയ വിൻഡോ

ആവശ്യങ്ങളും അനാവശ്യങ്ങളും തിരിച്ചറിയാനുള്ള വിവേകത്തിനായി പ്രാർഥിക്കാം. മനുഷ്യബന്ധങ്ങൾ ബലവത്താകുന്നത് ഒരിക്കലും മാധ്യമത്തിലൂടെ ആവാതിരിക്കട്ടെ. ആ തെറ്റായ ധാരണകൾ, ഇന്ന് തകർന്നുപോയ പല ബന്ധങ്ങളുടെയും കാരണങ്ങളാണ്. അതിനാൽ വിശുദ്ധ പൗലോസ് പറയുന്നതുപോലെ, "നിദ്രവിട്ട് ഉണരേണ്ട മണിക്കൂറാണല്ലോ ഇത്. രാത്രികഴിയാറായി, പകൽ സമീപിച്ചിരിക്കുന്നു. അതിനാൽ, അന്ധകാരത്തിന്റെ പ്രവൃത്തികൾ പരിത്യജിച്ച് പ്രകാശത്തിന്റെ ആയുധങ്ങൾ ധരിക്കാം. പകലിനു യോജിച്ചവിധം നമുക്ക് പെരുമാറാം."

സൃഷ്ടാവിനെ ഓർക്കാനും കൃതജ്ഞതയർപ്പിക്കാനും ജീവിതത്തെ മാന്യമായി ജീവിച്ചു തീർക്കുവാനും അപ്പോൾ നമുക്കു സാധിക്കും. നിറങ്ങൾ മങ്ങാതെ ഒരു ജീവിതത്തെ സ്വപ്നം കാണാം. യാഥാർഥ്യങ്ങൾ തിരിച്ചറിഞ്ഞുകൊണ്ട് പക്വമായ കാഴ്ചപ്പാടുകളോടെ ജീവിതം പടുത്തുയർത്താം✦

എൽസീന ജോസഫ്



*ബാംഗ്ലൂർ ക്രൈസ്റ്റ് യൂണിവേഴ്സിറ്റിയിലെ എം.ഫിൽ വിദ്യാർഥിനിയായ ലേഖിക കെ.സി.വൈ.എം.-ന്റെ മുൻ സംസ്ഥാന സെക്രട്ടറിയും, ജീസസ് യൂത്ത് കേരളാ കൗൺസിൽ അംഗവും, ഗുരുവായൂർ ലിറ്റിൽ ഫ്ളവർ കോളേജിലെ ജേർണലിസം അസി. പ്രൊഫസറുമായിരുന്നു.*
elseenajoseph0@gmail.com

കവർസ്റ്റോറി

# പുഞ്ചിരിക്കുന്ന കണ്ണുകൾ അൻപുള്ള കരങ്ങൾ

"You can't escape the responsibility of tomorrow by evading it today" -Abraham Lincoln

ഒരു സ്ത്രീ കപ്പൽ കയറി ഭാരതത്തിൽ വന്നു. തുടക്കത്തിൽ ആർക്കും മനസ്സിലായില്ല. ശരിക്കും അവരുടെ ഉദ്ദേശ്യം എന്തായിരുന്നുവെന്ന്. വഴിയോരത്തുകൂടി നടക്കുമ്പോൾ കാണുന്ന ഓരോ കാഴ്ചയും അവർ മനസ്സുകൊണ്ട് ഒപ്പിയെടുത്തു. കണ്ട ദൃശ്യങ്ങൾ രാത്രിയിൽ വീണ്ടും വീണ്ടും ഫ്ളാഷ് ബാക് അടിച്ചു കണ്ടുകൊണ്ടിരുന്നു. ആത്മനാ ചോദ്യങ്ങൾ ചോദിച്ചു; മനസ്സിൽ തട്ടിയ ചിന്തകളിൽ ചിലത് പുറത്തു പണി തുടങ്ങി. പുഴുവരിച്ചതും പാതി അസ്തമിച്ചതുമായ ജീവിതങ്ങളെ നെഞ്ചിലെ ചൂടുകൊണ്ട് പുനർജീവിപ്പിക്കാൻ അവർക്ക് കഴിഞ്ഞു. ഉള്ളതിൽ പങ്കു പകുത്തു കൊടുത്തും തിരസ്കരണം വകവയ്ക്കാതെ കൈനീട്ടിയും അവർ ആരുമില്ലാതെ ഉപേക്ഷിക്കപ്പെട്ടവർക്ക് ആരൊക്കെയോ ആയി. അല്ല, കർമംകൊണ്ട് അവർ അമ്മയായി. തെരുവിൽ ഉപേക്ഷിക്കപ്പെട്ടവർക്ക് അലിവിന്റെ സ്പർശവും കാരുണ്യത്തിന്റെ മുഖവുമായിരുന്നു അവർ. ചുക്കിച്ചുളിഞ്ഞ മുഖത്തെ ദീപ്തശോഭയിൽ ലോകം ആ തേജസ് അനുഭവിച്ചു; കൽക്കട്ടയിലെ മദർ തെരേസ. രേഖയിലെ പേരിനേക്കാൾ അറിയപ്പെട്ടത് ഈ സാമൂഹ്യ ചുറ്റുപാടുകൾ അവർക്ക് സമ്മാനിച്ച ചില വിശേഷണങ്ങളിൽ ആണ്. ചില മനുഷ്യർ ഉണ്ട്. എന്തിനെന്ന ചോദ്യം വകവയ്ക്കാതെ കാര്യങ്ങൾ ചെയ്തു തുടങ്ങുന്നവർ. ആൾബലത്തിൽ ആശ്രയിക്കാതെ ആത്മബലത്തിൽ ആശ്രയിച്ച് മുന്നേറുന്നവർ. ജാതി-മത-വർഗ-വർണ-നായക പ്രതിഫലങ്ങൾ മാനദണ്ഡമാക്കാതെ കർട്ടന് പിന്നിൽ നിന്നും പൊതു മധ്യത്തിലേയ്ക്ക് പ്രകാശം പരത്തുന്നവർ. പൊതു നന്മയ്ക്ക് ഉതകുന്ന കാര്യങ്ങൾ ജീവിതനിയോഗമായി കണ്ടു ചെയ്യുന്ന കുറെ ആളുകളുണ്ട്. അവയുടെ പ്രതിഫലം ഒരു വലിയ ഗണം ആളുകൾ അനുഭവിക്കുന്നു. അപരന്റെ നന്മയ്ക്കുവേണ്ടി അനുമതി കാത്തു നിൽക്കാതെ നമ്മൾ ചെയ്തു തുടങ്ങുന്ന കാര്യങ്ങളാണല്ലോ സാമൂഹ്യ പ്രതിബദ്ധത എന്ന് വാക്കിനാൽ അടയാളപ്പെടുത്തുന്നത്. നിസ്സാരമെന്നു തോന്നുന്ന ചില ചുവടു വയ്പുകൾ നടത്തിയാൽ പരിഹരിക്കാവുന്ന കാര്യങ്ങളേ ചുറ്റിലും ഉള്ളൂവെന്ന് ഈ അനുഭവങ്ങൾ വായിക്കുമ്പോൾ നിങ്ങൾക്കും തോന്നാം.

## വ്യാഴവട്ടം നീണ്ട കാത്തിരിപ്പിന്റെ ഫലം

2002-ലാണ് ഡിഗ്രി പാസാകുന്നത്. 60% മാർക്ക് കിട്ടിയെങ്കിലും തുടർപഠനം സാധ്യമായില്ല. നാട്ടുനടപ്പ് പ്രകാരം കൃത്യസമയത്തു വിവാഹം ചെയ്തയച്ചു. രണ്ടു കുട്ടികളുടെ അമ്മയായപ്പോഴേക്കും എന്റെ റോൾ ഒരു വീട്ടമ്മ എന്ന നിലയിൽ മാത്രമായി. അങ്ങനെയിരിക്കെ 2009-ൽ വീടിനടുത്തുള്ള മറ്റു വീട്ടമ്മമാരുമായി ചേർന്ന് ഒരു കുടുംബശ്രീ അയൽക്കൂട്ടം രൂപീകരിച്ചു. 2013-2014-ൽ കുടുംബശ്രീയുടെ ലിംഗ സമത്വത്തിനുവേണ്ടി പ്രവർത്തിക്കുന്ന ജെൻഡർ സെൽഫ് ലേണിംഗ് പ്രോസസിന്റെ (ലിംഗ പദവി സ്വയം പഠന പ്രക്രിയ) ഭാഗമായി വാർഡ് റിസോഴ്സ് പേഴ്സണായും പിന്നീട് പഞ്ചായത്തിൽ നിന്നും ഉള്ള ജില്ലാ റിസോഴ്സ് പേഴ്സണായും തുടരുന്നതിനിടയിൽ 2014-16-ൽ കാലടി സർവകലാശാലയുടെ തുറവൂർ സെന്ററിൽ നിന്നും സാമൂഹ്യ പ്രവർത്തനത്തിൽ പോസ്റ്റ് ഗ്രാജുവേഷൻ ചെയ്തു. ഈ രണ്ടു വർഷക്കാലയളവിൽ ഞാൻ മനസ്സിലാക്കിയ കാര്യം ഒരു പ്രതിബദ്ധയുള്ള പ്രഫഷണൽ സോഷ്യൽ വർക്കർ ആകാൻ ദൈവം എന്നെ 12 വർഷം കൊണ്ട് പാകപ്പെടുത്തുകയായിരുന്നു എന്നാണ്.

കോഴ്സിന്റെ ഭാഗമായി നിരവധി യാത്രകൾ നടത്താനും പല സമൂഹ്യ സാഹചര്യങ്ങളിൽ ഇടപെടാനും സാധിച്ചു. ജയിലുകൾ, മാനസികാരോഗ്യ കേന്ദ്രങ്ങൾ, അനാഥാലയങ്ങൾ, വൃദ്ധസദനങ്ങൾ, പലവിധ തൊഴിലിടങ്ങൾ, സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഭിന്നലിംഗക്കാർക്ക് വേണ്ടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ തുടങ്ങി വിവിധ തരത്തിലുള്ള മേഖലകളിലെ ആളുകളുമായി സംവദിക്കാനും അവസരം ലഭിച്ചു.

കോഴ്സിന്റെ രണ്ടാം വർഷത്തിൽ 17 ദിവസം നീണ്ടുനിൽക്കുന്ന നാഷണൽ ടൂർ ഉണ്ടായിരുന്നു. ആദ്യം ഞങ്ങൾ പോയത് ഡൽഹിയിലേക്കായിരുന്നു. തെരുവിലെ കുട്ടികളുടെ

ഉന്നമനത്തിനായി (പ്രത്യേകിച്ച് ഇടയ്ക്കുവച്ച് പഠനത്തിൽ നിന്നും വിട്ടു പോകുന്ന വർക്കായി) പ്രവർത്തിക്കുന്ന ഡൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന "സലാം ബാലക്" എന്ന എൻ.ജി.ഒ-യിലെ കുട്ടികളു മായി തെരുവു നടത്തത്തിനും സംവദി ക്കാനും അവസരമുണ്ടായി. വളരെ മനോഹ രമായി ഇംഗ്ലീഷ് സംസാരിച്ചുകൊണ്ട് അവർ ഞങ്ങളെ ഡൽഹിയുടെ ചെറിയ ഇടവഴിയി ലൂടെ കൊണ്ടുപോയി. അവർ എല്ലാവരും തന്നെ പല സാഹചര്യങ്ങളിൽ വീടുവിട്ട് പോന്നവരോ പഠനം ഇടയ്ക്ക് നിറുത്തി യവരോ ആയിരുന്നു. എങ്കിലും അവരെ ഏറ്റെടുത്തു നല്ല വിദ്യാഭ്യാസം നൽകി അവരുടെ കഴിവുകളെ കണ്ടെത്തി അതിനു പ്രോത്സാഹനം നൽകിക്കൊണ്ട് സമൂഹ ത്തിന്റെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുന്നു.

**ജോലിയുടെ ഭാഗമായും അല്ലാതെയും സാമൂഹിക പ്രതിബദ്ധതയോടെ ഓരോ ചെറിയ കാര്യങ്ങളും ചെയ്യാൻ എന്നെ സഹായിക്കുന്നത് ജീസസ് യൂത്തിൽ നിന്ന് എനിക്ക് കിട്ടിയ പ്രഥമ പാഠങ്ങളാണ്.**

അവിടെനിന്ന് നേരെ പോയത് രാജസ്ഥാനിലെ ജയ്പൂർ ആസ്ഥാനമാക്കിയുള്ള ആരവല്ലി പർവത താഴ്വരയിലെ നാടോടികളായ ആദിവാസികൾക്കിടയിൽ പ്രവർത്തിക്കുന്ന "മുക്തിധാര" എന്ന എൻ.ജി.ഒ-ലേക്കാണ്. "മുക്തിധാര"-യുടെ സാരഥി രത്തൻ കാത്യായനി ഞങ്ങളെ ആദിവാസി കുടി ലുകളിലേയ്ക്ക് കൊണ്ടുപോയി അവരുടെ ജീവിതസാഹചര്യങ്ങൾ പറഞ്ഞുതന്നു. അവരുടെ അടിസ്ഥാനപ്രശ്നം വിദ്യാഭ്യാസം ഇല്ല എന്നതാണ്. അതുകൊണ്ടുതന്നെ അവരുടെ ഉന്നമനത്തിനുള്ള സാധ്യത വിദൂ രവുമാണ്. സാമൂഹ്യ പ്രതിബദ്ധതയുള്ള ആക്ടിവിസ്റ്റുകൾ അന്ന് അവിടെ ഉള്ളതായി തോന്നിയില്ല (2015 സെപ്റ്റംബർ). ശേഷം ഞങ്ങൾ കൊൽക്കത്തയിലെ വിശുദ്ധ മദർ തെരേസയുടെ മിഷണറീസ് ഓഫ് ചാരിറ്റി കോൺവെന്റും അവർ നടത്തുന്ന വൃദ്ധ സദനവും സന്ദർശിച്ചു. ആത്മസമർപ്പണ ത്തോടെ അനാഥരായ വൃദ്ധ മാതാപിതാക്കളെ ശുശ്രൂഷിക്കുന്ന സിസ്റ്റർമാരെയാണ് അവിടെ കണ്ടത് അതിനടുത്ത ദിവസം കൊൽക്കത്തയ്ക്ക് അടുത്തുള്ള ഹരിങ്കോള എന്ന സ്ഥലത്ത് ഞങ്ങളുടെ തന്നെ സീനിയ റായ നാസർ ഇക്കയുടെ (അബ്ദുൽ നാസർ) പ്രവർത്തന മേഖലയിൽ പോയി. അവിടെ അദ്ദേഹം ദത്തെടുത്ത ഗ്രാമങ്ങൾ കണ്ടു. ഗ്രാമങ്ങളുടെ സാമൂഹിക പ്രവർ ത്തനം സീറോ ഫൗണ്ടേഷൻ വഴിയാണ് നടത്തുന്നത്, ആരോഗ്യം, കൃഷി, വിദ്യാഭ്യാ സം, സ്ത്രീകളുടെ ഉന്നമനം, മൈക്രോ ഫിനാൻസ്, തുടങ്ങിയ വിഷയങ്ങളിൽ ഇവർ ഇടപെടുന്നു.

17 ദിവസത്തെ ടൂർ കഴിഞ്ഞു പോരുമ്പോൾ എങ്ങനെയോ ഈ മേഖലയിലേക്ക് എത്തി പ്പെട്ടതല്ല ഇതൊരു ദൈവവിളി തന്നെയാണ് എന്ന് മനസ്സിൽ ഉറപ്പിച്ചു.

ഇപ്പോൾ എന്റെ പ്രവർത്തന മേഖല കുടും ബശ്രീ മിഷന്റെ (തദ്ദേശസ്വയം ഭരണ വകുപ്പ്) കീഴിൽ പ്രവർത്തിക്കുന്ന സ്നേഹിത ജെൻഡർ ഹെൽപ് ഡെസ്ക് എന്ന 24 മണി ക്കൂറും പ്രവർത്തിക്കുന്ന താൽക്കാലിക അഭയകേന്ദ്രത്തിൽ ആണ്. ഗാർഹിക പീഡ നത്തെത്തുടർന്ന് എത്തുന്ന സ്ത്രീകൾക്കും കുട്ടികൾക്കും അഭയവും കൗൺസിലിംഗും നൽകി വരുന്ന സ്ഥാപനമാണിത്. കുടുംബ ബന്ധങ്ങളെ ഊട്ടിയുറപ്പിക്കാനും ആരോഗ്യ പരമായ സാമൂഹ്യ ചുറ്റുപാടുകൾ സൃഷ്ടി ക്കാനും സ്നേഹിത ശ്രമിച്ചു വരുന്നു. ജോലി യുടെ ഭാഗമായും അല്ലാതെയും സാമൂഹിക പ്രതിബദ്ധതയോടെ ഓരോ ചെറിയ കാര്യ ങ്ങളും ചെയ്യാൻ എന്നെ സഹായിക്കുന്നത് ജീസസ് യൂത്തിൽ നിന്ന് എനിക്ക് കിട്ടിയ പ്രഥമ പാഠങ്ങളാണ്.

"എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാ രിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തുകൊടു ത്തപ്പോൾ എനിക്കു തന്നെയാണു ചെയ്തു തന്നത്" (മത്താ 25:40).

**ഷിബി അരൂർ**



## "വ്യഭിചാരശാല"യുടെ മറുപുറം

"എടാ.. ഞാൻ സെമിനാരി ലൈഫ് നിറുത്താൻ പോവാ. എന്നെക്കൊണ്ട് പറ്റില്ല ഇവരെ കുളിപ്പിക്കാനും അവരെ നോക്കാനും" കൂട്ടത്തിലൊരുത്തന്റെ ശബ്ദമുയർന്നു. ബാക്കിയുള്ള മൂന്നു പേരുടേയും അവസ്ഥ വ്യത്യസ്തമായിരുന്നില്ല.







ഉടുപ്പിടുന്നതിനു മുമ്പുള്ള ഒരു വർഷം. പാഠപുസ്തകങ്ങൾ മാറ്റി വച്ച് അനുഭവങ്ങളെ പാഠങ്ങളാക്കാനുള്ള ദിവസങ്ങൾ. അതിൽ മാനസികരോഗികളോടും തളർന്നു കിടക്കുന്നവരോടുമൊപ്പം അവരെ കുളിപ്പിച്ചും അവർക്ക് ഭക്ഷണം വാരിക്കൊടുത്തും അവരുടെ മലമൂത്ര വിസർജ്യങ്ങൾ മാറ്റിയും അവരെ ശുശ്രൂഷിച്ചും കഴിയേണ്ട ദിവസങ്ങളാണ്. ഇതാകട്ടെ, സിസ്റ്റേഴ്സ് നടത്തുന്ന ഒരു സ്ഥാപനമാണ്.

രാവിലെ മുതൽ ചെയ്തു തുടങ്ങണം. തലേന്ന് രാത്രി, ഒരു തരത്തിൽ ഗദ്സമെൻ രാത്രി. കടന്നു പോകേണ്ട കുരിശിന്റെ വഴിയെക്കുറിച്ചുള്ള ആകുലത നിറഞ്ഞ രാത്രി. ഒരു വ്യത്യാസം നാലുപേർ ഒരുമിച്ചാണെന്നതാണ്. ഞാൻ ആ കൂട്ടത്തിലൊരാൾ മാത്രമേ ആകുന്നുള്ളു. ആ ചിന്തകൾക്കിടയിലാണ് കൂട്ടത്തിലൊരുത്തന്റെ വാക്കുകൾ വീണത്, "സെമിനാരി ജീവിതം അവസാനിപ്പിക്കാം." പിറ്റേന്ന് പുലരാതിരുന്നെങ്കിൽ എന്ന ചിന്തകൾക്ക് ആ രാത്രിയെ പിടിച്ചു നിറുത്താനായില്ല.

അന്ന് രാവിലെ കുർബാന കഴിഞ്ഞു രോഗികളുടെ വാർഡിലേക്കുള്ള വഴി, ബലിക്കുള്ള കുഞ്ഞാടിനെ കൊലക്കളത്തിലേയ്ക്ക് ആനയിക്കുന്നതുപലെ യാത്ര. നിശ്ശബ്ദമായ അധരങ്ങൾ. വിങ്ങിപ്പൊട്ടുന്ന നാലു ഹൃദയങ്ങൾ. മുന്നിൽ പട നയിച്ച് ആ അഗതിമന്ദിരത്തിലെ ജോളി സിസ്റ്ററും ഷീല സിസ്റ്ററും.

മുറിയിലേക്ക് കടന്നപാടെ മലത്തിന്റെ രൂക്ഷഗന്ധം മൂക്കിലേക്ക് കയറി. വയറിൽക്കിടന്ന ദഹിച്ചതുൾപ്പെടെ ഇപ്പോൾ ഛർദിച്ചു പുറത്തു ചാടുമെന്ന അവസ്ഥ. ഒരുവിധം പിടിച്ചു നിന്നു. ജോളി സിസ്റ്റർ കാര്യങ്ങൾ ചെയ്തു തുടങ്ങി. നോക്കിയപ്പോഴാണ് മനസ്സിലായത്, ഒരാശ്വാസത്തിനു "ഇന്ന് നിങ്ങൾ ചെയ്യേണ്ട.. കണ്ടു നിന്നാൽ മതി." സിസ്റ്റർ പറഞ്ഞു. ആ മുറിയിൽ മാത്രം എട്ടോളം പേർ. പിന്നെയും നീളുന്ന വാർഡുകൾ. കുളിപ്പിക്കാനും കഴുകിക്കാനും ഒരു ഗ്ലൗസും കൈയിലിട്ടില്ല. അവർക്കത് വിഷമമാവുമെന്നും അവരെ സ്വന്തം കൂടപ്പിറപ്പുകളെപ്പോലെ കാണണമെന്നും ഷീലാമ്മ സിസ്റ്റർ കാരണം പറഞ്ഞു. പക്ഷേ, കണ്ടു നിൽക്കാൻ പോലും കഴിയാതെ എങ്ങനെ ചെയ്തു തുടങ്ങാൻ. അതും മലമൂത്ര വിസർജ്യങ്ങൾ പുരണ്ട വസ്ത്രങ്ങൾ വെറും കൈയോടെ എടുക്കുകയും ഗ്ലൗസിടാതെ അവരെ കുളിപ്പിക്കുകയും ചെയ്യണമെന്ന് വച്ചാൽ.

ആദ്യ ദിനത്തിലെ ആ ചോദ്യത്തിനുമപ്പുറം ഇപ്പോൾ എന്തിനീ ഓർമകൾ എന്നുള്ളതിന്റെ കാരണം അവസാനത്തേക്കിരിക്കട്ടെ.

ആ കാര്യത്തിന്റെ ഗൗരവമറിയാൻ ഈ ഓർമകൾക്ക് പറ്റിയേക്കും.

രോഗികൾ കിടക്കുന്ന വാർഡുകളിലേയ്ക്ക് വിസിറ്റ് നടത്തണം. മൂത്രക്കോളോമ്പി മാറ്റാനും വിസർജ്യങ്ങൾ മാറ്റാനുമൊക്കെ വേണ്ടിയിട്ടാണ്. അങ്ങനൊരു വിസിറ്റിനിടയിലാണത് സംഭവിച്ചത്. മാനസിക രോഗിയാ







യൊരു ചെറുപ്പക്കാരൻ പുറത്തേക്ക് വന്ന സ്വന്തം വിസർജ്യം കൈയിലേക്കെടുത്തു എറിയാൻ തുടങ്ങുകയാണ്. എറിയണത് വേറെ എങ്ങോട്ടുമില്ല. വിസിറ്റിനിറങ്ങിയ എന്റെ മുഖത്തേക്കാണ്. വേറെ നിവൃത്തിയില്ല. ക്രിക്കറ്റിലെ ക്യാച്ചെടുക്കുന്ന യുവരാജിനെപ്പോലെ അത് കൈകൊണ്ടു തന്നെ പിടിച്ചു. സങ്കടവും വിഷമവും കൊണ്ട് വെറുത്ത നിമിഷം. പക്ഷേ, തലേ ആഴ്ച ഒരു സിസ്റ്റർക്ക് കിട്ടിയത് മൂത്രക്കോളാമ്പിയിൽ നിന്നുള്ള അഭിഷേകമായിരുന്നു. നിറഞ്ഞിരുന്ന മൂത്രക്കോളാമ്പി ചോദിച്ചപ്പോഴാണ് പ്രത്യുത്തരമായി അത് സംഭവിച്ചത്. ഒറ്റ ഒഴിക്കലായിരുന്നു സിസ്റ്ററുടെ ദേഹത്തേയ്ക്ക്. തല മുതൽ കാലു വരെ മൂത്രം കൊണ്ട് പുണ്യാഹം തളിച്ചത്.

എഞ്ചിനിയറിംഗ് കഴിഞ്ഞു നിൽക്കെ അപകടത്തിൽപ്പെട്ട് എല്ലാ ഓർമയും പോയി കട്ടിലിലേക്ക് തളയ്ക്കപ്പെട്ട മറ്റൊരു യൗവനജന്മം. ഒരു പ്രത്യേകത കൂടിയുണ്ടായിരുന്നു ഒരാഴ്ചയിൽ കൂടുതൽ കഴിഞ്ഞിട്ടായിരുന്നു, അവൻ മലം പുറത്തു വിട്ടിരുന്നത്. ഒന്ന് കൂടിയുണ്ടായിരുന്നു അവൻ അതെടുത്ത് മുഴുവൻ ദേഹത്തും വസ്ത്രങ്ങളിലും തേയ്ക്കും. പിന്നെ അത് മുഴുവൻ ഉടനെത്തന്നെ കഴുകിക്കളയണം.

## നിര നീളുന്നു. അനുഭവങ്ങളും...

രാവിലെ കുളിപ്പിക്കുന്നതിനിടയിലാണ് അതുണ്ടായത്. തളർന്നു പോയൊരാളെ ട്രോളിയിൽ കിടത്തി വെള്ളമൊഴിച്ചു സോപ്പ് തേച്ചു പിന്നെയും വെള്ളമൊഴിച്ചു. കുളിപ്പിച്ച് കഴിയാറായി. അവസാനവട്ടം വീണ്ടും വെള്ളമൊഴിച്ചു ആ തളർന്നുപോയ ചെറുപ്പക്കാരന്റെ തലഭാഗ ഇടം കൈകൊണ്ട് ഒന്ന് പതിയെ പൊക്കി വലതു കൈകൊണ്ട് അടിയിലുള്ള ശരീരത്തിന്റെ പുറംഭാഗം ഒന്നുകൂടി വെള്ളമൊഴിച്ചു തുടച്ചു. അപ്പോൾ വഴുക്കലുള്ള ഒന്ന് കൈയിലേക്ക്. സോപ്പ് മുഴുവൻ കഴുകിക്കളഞ്ഞതാണല്ലോ എന്ന് ചിന്തിച്ചു വീണ്ടും ഉരച്ചു. പന്തികേട് തോന്നി കൈ പിൻവലിച്ചപ്പോ മനസ്സിലായി അപ്പോൾ പുറത്തു വന്നുകൊണ്ടിരിക്കുന്ന മലം ആണ്. വീണ്ടും വെള്ളമൊഴിച്ചു കഴുകി തുടച്ചു. രണ്ടുമാസം. പറയാനുണ്ട് ഒരുപാട്.

**വെറും രണ്ടുമാസം മാത്രം അവിടെ താമസിച്ച എനിക്ക് അനുഭവങ്ങൾ ഏറെയുണ്ടെങ്കിൽ ജീവിതം മുഴുവൻ ഇതിനായി മാറ്റിവച്ച കന്യാസ്ത്രിയമ്മമാർക്ക് പറയാൻ എന്തുമാത്രം ഉണ്ടാകും??**

ഇനി കാര്യത്തിലേക്ക്. വെറും രണ്ടുമാസം മാത്രം അവിടെ താമസിച്ച എനിക്ക് അനുഭവങ്ങൾ ഏറെയുണ്ടെങ്കിൽ ജീവിതം മുഴുവൻ ഇതിനായി മാറ്റിവച്ച കന്യാസ്ത്രീയമ്മമാർക്ക് പറയാൻ എന്തുമാത്രം ഉണ്ടാകും??

എല്ലാ കന്യാസ്ത്രീ മഠങ്ങളും ലൈസൻസ്ഡ് വ്യഭിചാര ശാലകളാണെന്നും കന്യാസ്ത്രീകൾ മോശക്കാരാണെന്നും ഇക്കഴിഞ്ഞ മാസം ഒരു സഹോദരൻ ഫേസ്ബുക്കിൽ പോസ്റ്റ് ഇട്ടിരുന്നു. അത് അംഗീകരിച്ചു കൊണ്ട് നൂറുകണക്കിന് ഷെയറുകളും ആയിരക്കണക്കിന് ലൈക്കുകളും ആ പോസ്റ്റ് വാങ്ങിച്ചു കൂട്ടി. അങ്ങനെയുള്ളവരോട് ഒന്നേ പറയാനുള്ളൂ. നൂറുകണക്കിന് അഗതി മന്ദിരങ്ങളിൽ പതിനായിരക്കണക്കിന് സിസ്റ്റേഴ്സ് ലക്ഷക്കണക്കിന് മനുഷ്യരെ പരിപാലിക്കുന്നുണ്ട്. അതുപോലൊരു സ്ഥാപനം നടത്താൻ പറ്റില്ലെങ്കിലും ഒരാഴ്ചയെങ്കിലും പോയി അവിടെയൊന്നു നിന്ന് ഇതുപോലെയൊന്നു ചെയ്യ്. എന്നിട്ട് പറയൂ അത് വ്യഭിചാരശാലകളാണോയെന്ന്.

കുമ്പളങ്ങി നൈറ്റ്സ് എന്ന സിനിമയിൽ ഒരു മനോഹരമായ രംഗമുണ്ട്. പ്രശ്നമുണ്ടാക്കിയ രണ്ടു ചെറുപ്പക്കാരെ ശാസിച്ചിട്ട് ഒരു ചെറുപ്പക്കാരൻ പറയുന്ന വാക്കുകൾ, “ബോണി പറയാൻ പറഞ്ഞു:” മൂകനായ ബോണിക്ക് വേണ്ടി അയാളുടെ ശബ്ദമായി മാറിയ മറ്റൊരു ചെറുപ്പക്കാരൻ: “നിശ്ശബ്ദരായ കന്യാസ്ത്രീയമ്മമാർക്കുവേണ്ടി ആരെങ്കിലുമൊക്കെ ശബ്ദിക്കണ്ടേ ഭായ്?” കുമ്പളങ്ങിയിലെ സജി പറയുന്നകൂട്ട്, “ആയ കാലത്തൊക്കെ നമ്മക്ക് വേണ്ടി അവരൊരുപാട് അധ്വാനിക്കുന്നുണ്ടെന്നേ...”

**റിന്റോ പയ്യപ്പിള്ളി**



കവർസ്റ്റോറി

# കാക്കി + കരുണ = ബാബു ജോൺ

സാമൂഹിക ചുറ്റുപാടുകളെ ആർദ്രതയോടെ കാണുന്നവർ പലരുണ്ട് നമുക്കുചുറ്റുമിപ്പോഴും. തെരുവിൽ അഭയം തേടുന്നവർക്കു ഭക്ഷണമെത്തിച്ചു കൊടുക്കുന്നവരിൽ ഒരു പോലീസുകാരനുണ്ട്. എറണാകുളം ജില്ലാ ഹെഡ്ക്വാർട്ടേഴ്സിലെ എ.എസ്.ഐ ആയ ബാബു ജോൺ.

ഔദ്യോഗിക തിരക്കുകൾക്കിടയിലും സ്വകുടുംബത്തിന്റെ ഉത്തരവാദിത്തങ്ങൾക്കിടയിലും സഹായം അർഹിക്കുന്നവന്റെയടുക്കൽ ഓടിയെത്താൻ ഈ പോലീസുകാരനു സമയമുണ്ട്. ജനറൽ ആശുപത്രിയിലെ രോഗികളെ കുളിപ്പിക്കാനും അവർക്കു മരുന്നും ഭക്ഷണവും നൽകാനും സമയം കണ്ടെത്തി ബാബു ജോൺ എത്തും. രോഗികളെ തിരിച്ചു വീട്ടിലെത്തിക്കാനും മുൻ കൈയെടുക്കുന്നു.

സ്നേഹരാഹിത്യംമൂലം കണ്ണികൾ പൊട്ടുന്ന ദാമ്പത്യങ്ങൾ, ജീവിത നൈരാശ്യം മൂലം ഉൾവലിഞ്ഞ് ഒറ്റപ്പെടുന്നവർ, പ്രണയക്കുടുക്കിൽ കുരുങ്ങുന്ന യുവഹൃദയങ്ങൾ എന്നിവർക്കെല്ലാം തന്റെ ഇടപെടലിലൂടെ സഹായമെത്തിക്കുവാൻ ബാബു എന്നും ശ്രദ്ധിക്കാറുണ്ട്. ജയിൽ ജീവിതം കഴിഞ്ഞു പുറത്തിറങ്ങുന്നവർക്കു സാധാരണജീവിതം നൽകുന്നതിനു കൗൺസലിങ്ങും പുനരധിവാസ പ്രവർത്തനങ്ങളും ചെയ്യുന്നു. തടവുകാരുടെ മക്കളുടെ പഠനത്തിനു മേൽനോട്ടം വഹിക്കുകയും സാമ്പത്തിക സഹായം എത്തിച്ചുകൊടുക്കുകയും ചെയ്യുന്നുണ്ട്.

താളം തെറ്റിയ കുടുംബജീവിതങ്ങളെ നേർവഴിക്കു നയിക്കാനുള്ള കൗൺസലിങ്ങുമുണ്ട്. ആഴ്ചയിൽ രണ്ടു ദിവസം വീട്ടിലുണ്ടാക്കിയ ഭക്ഷണവുമായി ബാബു ജോൺ കുടുംബസഹിതം തെരുവിലെത്തും. ഭക്ഷണം അവർക്കു നൽകുകയും ആഗ്രഹമുള്ളവരെ അവരുടെ വീടുകളിലെത്തിക്കുകയും ചെയ്യും. മറ്റുള്ളവരെ, പോലീസിന്റെ സമ്മതപത്രം സഹിതം അഭയകേന്ദ്രങ്ങളിലെത്തിക്കും.

കേരളത്തിലകത്തും പുറത്തും, ലഹരിക്കും മോശം ജീവിതരീതികൾക്കുമെതിരെ ഒട്ടേറെ ബോധവത്ക്കരണ ക്ലാസ്സുകൾ നൽകിയിട്ടുണ്ട്. സേവനത്തിനായുള്ള വഴിയായാണു പോലീസ് ജോലിയെ കാണുന്നതെന്നും ബാബു പറയുന്നു. ഇതിനെല്ലാത്തിനും പുറമേ ഒരു നിയമപാലകൻ എന്നതിനപ്പുറം സാമൂഹ്യ പ്രതിബദ്ധതയുള്ള ഒരു നല്ല മനുഷ്യനാവുക, ഒരു നല്ല ലോകത്തിനായി പരിശ്രമിക്കുകയെന്നതും സ്വന്തം ചുമതലയാണെന്നാണ് ബാബു ജോൺ എന്ന ഈ അസിസ്റ്റന്റ് സബ് ഇൻസ്പെക്ടറുടെ ജീവിത ദർശനം.

**സാജൻ സി.എ**





**ഔദ്യോഗിക തിരക്കുകൾക്കിടയിലുംകുടുംബത്തിന്റെ ഉത്തരവാദിത്തങ്ങൾക്കിടയിലും സഹായം അർഹിക്കുന്നവന്റെയടുക്കൽ ഓടിയെത്താൻ ഈ പോലീസുകാരനു സമയമുണ്ട്.**

സാമൂഹ്യ പ്രതിബദ്ധത പ്രതിഫലിക്കുന്ന എത്രയെത്ര ഇടങ്ങൾ നമുക്കു ചുറ്റുമുണ്ട്. പ്രകൃതിയെ സ്നേഹിക്കുവാനും പരിപാലിക്കുവാനും കഴിയണം നമുക്ക്. പ്രകൃതിയുടെ ശ്വാസഗതിക്ക് തടസ്സം നിൽക്കുന്ന പ്ലാസ്റ്റിക്കിന്റെ ഉപയോഗം പരിമിതപ്പെടുത്തുകയും, ഉപയോഗിച്ചവ വലിച്ചെറിയാതെ ശേഖരിച്ച് പുനചംക്രമണത്തിനു (recycling) നൽകുകയും വേണം. മണ്ണിൽ പച്ചപ്പ് നിലനിറുത്തുകയെന്നതും നമ്മുടെ ഉത്തരവാദിത്തമാണ്. ചെറുസസ്യങ്ങളും, വൃക്ഷ തൈകളും വച്ചുപിടിപ്പിച്ച് വരുംതലമുറയെ നമുക്കു ഹരിതാഭമാക്കാൻ പരിശ്രമിക്കാം ✦

ഓർമ

രശ്മി ജോയി പുറക്കാടൻ



*എറണാകുളം സ്വദേശിനിയായ ലേഖിക സെന്റ് തെരേസാസ് കേളേജിലും മഞ്ഞുമ്മൽ ഗാർഡിയൻ എയ്ഞ്ചൽസ് പബ്ലിക്ക് സ്കൂളിലും സ്റ്റുഡന്റ്സ് കൗൺസിലർ ആയി ജോലി ചെയ്യുന്നു.*
resmijpurakkadan@gmail.com

> അന്നു തുടങ്ങിയ ഒരുമിച്ചുള്ള യാത്ര ഇന്നു മക്കളോടൊന്നിച്ചും ഞങ്ങൾ തുടരുന്നു. മൂത്തമകൻ പൗരോഹിത്യ സ്വീകരണത്തിനായി ഒരുങ്ങുന്നു. ബാക്കി അഞ്ചു മക്കളും പഠിക്കുന്നു.



# ചുറ്റിലും സന്തോഷം വിതയ്ക്കുന്നവർ

ക്രിസ്തുവിനോട് ചേർന്നുള്ള ഒരുവന്റെ ജീവിതമാണ്, ഒരു സാധാരണജീവിതം നയിക്കാമായിരുന്ന അവനെ വ്യത്യസ്തനാക്കി നിറുത്തുന്നത്. മാമ്മോദീസായിലൂടെ ഓരോ ക്രൈസ്തവനും ക്രിസ്തുവിന്റെ സഭയുടെ അവകാശികളും ക്രിസ്തുവിനെ മറ്റുള്ളവർക്ക് പകർന്നുകൊടുക്കാൻ കടമയുള്ളവരും ആയിത്തീരുന്നു. കർത്താവിന്റെ വിളിയുടെ മാധുര്യം തിരിച്ചറിഞ്ഞ് കഴിഞ്ഞ 2 വർഷക്കാലമായി ഉത്തരേന്ത്യൻ മിഷനിൽ സജീവ സാന്നിധ്യവുമായി നിലകൊള്ളുന്ന മിഷണറിയാണ് **സന്തോഷ് ചിറ്റിലപ്പിള്ളി**. തൃശൂർ സ്വദേശിയായ സന്തോഷ് ഭാര്യ സാലിയും ആറു മക്കളുമടങ്ങുന്ന കുടുംബവുമൊത്ത് ഡൽഹി സാന്ത്വന അല്മായ മിഷണറി കമ്മ്യൂണിറ്റിയിൽ ജീവിക്കുന്നു.

അനേകം യുവജനങ്ങളുടെ ജീവിതത്തിൽ ചലനം സൃഷ്ടിച്ച, 1989–ൽ തൃശൂർ വിമല കോളേജിൽ വച്ച് നടന്ന ക്യാമ്പസ് കോൺഫറൻസ് എന്നിൽ വിതച്ച വിത്തിന്റെ ഫലമാണ് ഞാൻ ഇന്നായിരിക്കുന്ന മിഷണറി ജീവിതം.

മാസത്തിലൊരിക്കൽ ഞങ്ങൾ നൈറ്റ് വിജിലിനായും എല്ലാ ചൊവ്വാഴ്ചകളിലും പ്രാർഥനാകൂട്ടായ്മയ്ക്കായും ഒരുമിച്ചുകൂടിയിരുന്നു.

ഞങ്ങളുടെ ഈ ഒത്തു ചേരലുകളിലെല്ലാം ചർച്ചാവിഷയം 'ഭാരത സുവിശേഷവത്കരണം' എന്നതായിരുന്നു. രാജു അമ്പൂക്കൻ ആയിരുന്നു പ്രാധാനമായും ഈ ചർച്ചകളിലേയ്ക്ക് ഞങ്ങളെ നയിച്ചത്. ആയിടയ്ക്ക് പൂനെയിൽ വച്ച് നടന്ന നാലുമാസത്തെ ഇവാഞ്ചലൈസേഷൻ ട്രെയിനിംഗ് പ്രോഗ്രാമിൽ ഞാനും പങ്കെടുത്തിരുന്നു. അവിടെ നിന്നു ലഭിച്ച വലിയൊരു ഉൾക്കാഴ്ചയുണ്ടായിരുന്നു. "ഈ ലോകത്തിൽ ചില മക്കൾക്കെല്ലാം സുവിശേഷം കൊടുക്കാൻ ഏൽപിച്ചത് നമ്മളെയാകും. അവർക്ക് നമ്മൾ സുവിശേഷം പങ്കുവച്ച് കൊടുത്തില്ലായെങ്കിൽ ഒരുപക്ഷേ അവർക്ക് ജീവിതത്തിൽ സുവിശേഷം ലഭിക്കയില്ല." എന്നതായിരുന്നു അത്.

തീക്ഷ്ണമായ ഒരുൾക്കാഴ്ച കർത്താവ് നൽകിയിരുന്നു. അതിനുശേഷം ആദ്യമായി 1992–ൽ ജീസസ് യൂത്തിലെ ഞങ്ങൾ 12 പേർ രാജു അമ്പൂക്കന്റെ നേതൃത്വത്തിൽ ഒരു മാസക്കാലത്തോളം പൂർണമായും മിഷൻ പ്രവർത്തനങ്ങളിൽ വ്യാപൃതരായി. കർത്താവു മനോഹരമായി നയിച്ച നാളുകളായിരുന്നു അത്. പിന്നീട് 'എമ്മാവൂസിൽ' വച്ച് നടന്ന പ്രോഗ്രാമുകളിൽ ഭാരത സുവിശേഷവത്കരണത്തിനുവേണ്ടി പ്രാർഥിച്ചുകൊണ്ടിരുന്നു. ആയിടയ്ക്ക് കെ.എസ്.ടി.യുടെ ഒരു മീറ്റിംഗിൽവച്ച് അന്നത്തെ ചെയർമാൻ ഫാ. പോൾ, ഇന്ത്യയ്ക്കുവേണ്ടി ജീസസ് യൂത്ത് ആരെങ്കിലുമൊക്കെ കാര്യമായിട്ട് ചെയ്യേണ്ടതുണ്ട് എന്നു പറഞ്ഞു. പ്രാർഥിച്ച് എന്റെ പേര് പറഞ്ഞ് ബൈബിൾ സന്ദേശമെടുത്തപ്പോൾ എസ്തേറിന്റെ പുസ്തകത്തിൽ ഇന്ത്യ (എസ്തേർ 3:1) എന്ന പേര് കണ്ടതുമെല്ലാം ഞാനിപ്പോഴും ഓർക്കുന്നു. അവിടെയെല്ലാം തിരിച്ചറിഞ്ഞു, മിഷണറി ജീവിതം തന്നെയാണ് എന്റെ ദൗത്യം എന്ന്.

1997–ൽ ആയിരുന്നു എന്റെ വിവാഹം. ഭാര്യ സാലി, ധീരജ് അച്ചന്റെ സാന്ത്വന കമ്മ്യൂണിറ്റിയിലെ അംഗമായിരുന്നു. വിവാഹം കഴിഞ്ഞ് 15–ാം നാൾ മുതൽ ഞങ്ങളുടെ മിഷണറി ജീവിതം ആരംഭിച്ചു. അന്നു തുടങ്ങിയ ഒരുമിച്ചുള്ള യാത്ര ഇന്നു മക്കളോടൊന്നിച്ചും ഞങ്ങൾ തുടരുന്നു. മൂത്തമകൻ പൗരോഹിത്യ സ്വീകരണത്തിനായി ഒരുങ്ങുന്നു. ബാക്കി അഞ്ചു മക്കളും പഠിക്കുന്നു.

ദൈവരാജ്യത്തിന്റെ പ്രവർത്തനങ്ങളിൽ പങ്കാളിയാകുവാൻ, ലോക സ്ഥാപനത്തിനു മുമ്പേ, ക്രിസ്തുവിൽ എന്നെ തെരഞ്ഞെടുത്തു എന്നതാണ് ഞങ്ങളുടെ മിഷൻ യാത്രയിൽ ഇന്നും ഞങ്ങളെ നിലനിറുത്തുന്ന ചിന്ത. അതിനാൽ ഞാനും എന്റെ കുടുംബവും ഇന്നും അതിൽ തന്നെ തുടരുന്നു. എനിക്കായിട്ട് കർത്താവ് വച്ചിരിക്കുന്ന നിത്യജീവന്റെ അവകാശം സ്വന്തമാക്കാൻ ഞാൻ ഇനിയും ഓടേണ്ടതുണ്ട്. മരണംവരെ തുടരുന്ന മിഷണറി ജീവിതത്തിനായ് എന്നെ ശക്തനാക്കണമേ എന്ന് കർത്താവിനോട് പ്രാർഥിക്കുന്നു

Baptized and sent

ഒക്ടോബർ 2019
അസാധാരണ പ്രേഷിത മാസം



# നിങ്ങൾ ഭൂമിയുടെ ഉപ്പാണ്

*മത്തായി 5:13*

JESUS YOUTH MONTHLY REFLECTION

Prepared by: The Jesus Youth International Formation Team, Email: formation@jesusyouth.org

## വിചിന്തനം

സകല ജനങ്ങളിലേക്കും സദ്വാർത്ത എത്തിക്കുവാൻ കത്തോലിക്കരെ ഓർമിപ്പിച്ചുകൊണ്ട് ബനഡിക്ട് പതിനഞ്ചാമൻ മാർപാപ്പ 1919–ൽ 'മാക്സിമം ഇല്ലുദ്'എന്ന അപ്പസ്തോലിക ലേഖനം പുറപ്പെടുവിക്കുകയുണ്ടായി. അതിന്റെ ശതാബ്ദി ആചരിക്കുന്നതിനായി ഫ്രാൻസിസ് മാർപാപ്പ 2019 ഒക്ടോബർ നമ്മുടെ പ്രേഷിതത്വ പ്രതിബദ്ധത പുതുക്കുന്നതിനുള്ള അസാധാരണ പ്രേഷിത മാസമായി ആഘോഷിക്കാൻ സഭയെ ആഹ്വാനം ചെയ്തിരിക്കുന്നു. മാർപാപ്പയുടെ പ്രേഷിത വിളിയോടു ഹൃദയംഗമമായി പ്രത്യുത്തരിച്ചുകൊണ്ട് ഈ മാസത്തെയും തുടർന്നുള്ള മാസങ്ങളിലെയും വിചിന്തനം, ജ്ഞാനസ്നാന കൂദാശയിൽ നാം സ്വീകരിച്ച പ്രേഷിതത്വ വിളിയോടു വിശ്വസ്തതാപൂർവം പ്രത്യുത്തരിക്കാൻ നമ്മെ പ്രചോദിപ്പിക്കട്ടെ.

2002–ൽ ടൊറൊന്റോയിൽ നടന്ന വേൾഡ് യൂത്ത് ഡേ–യുടെ സമാപന ബലിമധ്യേ യേശുവിന്റെ വാക്കുകൾ ഓർമിപ്പിച്ചുകൊണ്ട് വിശുദ്ധ ജോൺപോൾ രണ്ടാമൻ പറഞ്ഞു: "നിങ്ങൾ ഭൂമിയുടെ ഉപ്പാണ്". ഉപ്പിന്റെ പ്രധാന ധർമം ഭക്ഷണത്തിനു രുചിയും ആസ്വാദ്യതയും നല്കുകയാണ്. ജ്ഞാനസ്നാനത്തിലൂടെ നമ്മുടെ മുഴുവൻ സത്തയും ആഴമായി പരിവർത്തനം ചെയ്യപ്പെട്ടിരിക്കുന്നുവെന്ന് ഈ പ്രതീകം നമ്മെ ഓർമിപ്പിക്കുന്നു. എന്തെന്നാൽ, ക്രിസ്തുവിൽ നിന്നുവരുന്ന നവജീവൻ കൊണ്ട് അതു ഹൃദ്യമാക്കപ്പെട്ടിരിക്കുന്നു (cf റോമ 6:4). മതേതരത്വം വർധിച്ചുവരുന്ന ഈ ലോകത്തിൽ നമ്മുടെ ക്രൈസ്തവ തനിമ കോട്ടം തട്ടാതെ പരിരക്ഷിക്കുന്ന ഉപ്പാണ് ജ്ഞാനസ്നാന കൃപ. വിശ്വാസ നിക്ഷേപം ഉപ്പു പോലെ കാത്തുസൂക്ഷിച്ചും അന്ധകാരത്തിൽ പെട്ടുകിടക്കുന്ന ലോകത്തിൽ പ്രകാശംപോലെ പകർന്നു നല്കിയും ജ്ഞാനസ്നാനത്തിൽ സ്വീകരിച്ച വിശുദ്ധിയുടെ വരപ്രസാദത്തോടു സഹകരിക്കാൻ ജോൺ പോൾ രണ്ടാമൻ യുവജനതയെ പ്രോത്സാഹിപ്പിച്ചു.

ക്രിസ്തുവിന്റെ കൂട്ടവകാശികളും പരിശുദ്ധാത്മാവിന്റെ ആലയങ്ങളുമായ നമ്മെ, ജ്ഞാനസ്നാനകൃപയാൽ പരിപോഷിപ്പിക്കപ്പെട്ട് ദൈനംദിന ജീവിത സാഹചര്യങ്ങളിലും പ്രേഷിത ശുശ്രൂഷയിലും വളരുന്നതിൽനിന്ന് ആർക്കു തടയാനാകും? നാമിതു ചെയ്യുമ്പോൾ, ഉറകൂട്ടിയ ഉപ്പുപോലെയും പീഠത്തിന്മേൽ വയ്ക്കപ്പെട്ട കൊളുത്തിയ വിളക്കുപോലെയും പിതാവിന്റെ മഹത്വത്തിനായി മറ്റുള്ളവരുടെ മുമ്പാകെ സാക്ഷ്യം വഹിക്കുന്നവരായിത്തീരും (മത്താ 5:16).

യേശുവുമായി തുടർന്നുകൊണ്ടിരിക്കുന്ന വ്യക്തിപരമായ കണ്ടുമുട്ടലിലൂടെ നമ്മുടെ ജ്ഞാനസ്നാന തനിമ നാം സ്ഥിരീകരിക്കണം. ഈ കണ്ടുമുട്ടലിൽനിന്നു മാത്രമേ ഫലദായകമായ പ്രേഷിതത്വത്തിനു പൊട്ടിപ്പുറപ്പെടാനാകൂ. പ്രേഷിത പ്രതിബദ്ധതയുടെ ഹൃദയത്തിൽ യേശുവുണ്ടാകണം. തീക്ഷ്ണമായ സുവിശേഷവത്ക്കരണം സാധ്യമാകാൻ പ്രേഷിതന് അവശ്യം ഉണ്ടായിരിക്കേണ്ടത് ഗാഢമായ യേശു അനുഭവവും സുവിശേഷത്തിന്റെയും അതിന്റെ സന്ദേശങ്ങളുടെയും ശക്തിയെക്കുറിച്ചുള്ള അഗാധമായ ബോധ്യവും തിരിച്ചറിവുമാണ്. നമ്മുടെ കണ്ടുമുട്ടലനുഭവത്തിന്റെ നവോന്മേഷം പകരുന്ന പുതുക്കൽ, വിശ്വാസമാകുന്ന ഉപ്പിന്റെ ഉറ കെട്ടുപോകാതെ നാം ജീവിക്കുന്ന സംസ്കാരത്തെ ക്രിസ്തുവിന്റെ ആത്മാവിനാൽ സ്വാധീനിക്കുന്നതിനു നമ്മെ ശക്തീകരിക്കുകയും ചെയ്യും.

പ്രേഷിത ദൗത്യവുമായി അയയ്ക്കപ്പെടുകയെന്നത് ജ്ഞാനസ്നാനത്തോടൊപ്പമുള്ള വിളിയാണെന്നും അതു ജ്ഞാനസ്നാനം സ്വീകരിച്ച സകലർക്കുമുള്ളതാണെന്നും ഫ്രാൻസിസ് മാർപാപ്പ ഊന്നിപ്പറയുന്നു. അയയ്ക്കപ്പെടുന്നവനിലും സുവിശേഷ സന്ദേശം സ്വീകരിക്കുന്നവനിലും ഒരേപോലെ മാനസാന്തരം ഉളവാക്കുന്ന രക്ഷയ്ക്കുവേണ്ടി അയയ്ക്കപ്പെടുന്നതാണ് പ്രേഷിതത്വം. ക്രിസ്തുവിൽ നമ്മുടെ ജീവിതം ഒരു പ്രേഷിത നിയോഗമാണ്. നാം പ്രേഷിത നിയോഗമാണ്; കാരണം, നാം ചൊരിയപ്പെട്ട ദൈവസ്നേഹമാണ്, ദൈവത്തിന്റെ ഛായയിൽ സൃഷ്ടിക്കപ്പെട്ട അവിടത്തെ പരിശുദ്ധി ആണ്. അതായത്, പ്രേഷിതത്വം നമ്മുടെ സ്വന്തം പരിശുദ്ധിയിലും ലോകം മുഴുവന്റെയും പരിശുദ്ധിയിലും ഉള്ള വളർച്ചയാണ്. ജ്ഞാനസ്നാനത്തിന്റെ പ്രേഷിത മാനം നമ്മുടെ ലോകത്തിന്റെ മേൽ ജീവനും സൗന്ദര്യവും പ്രദാനം ചെയ്യുന്ന വിശുദ്ധിയുടെ സാക്ഷ്യമായിമാറുന്നു.

തിരുസഭയുടെ ഹൃദയത്തിൽ പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന യേശുവിന്റെ പ്രേഷിത നിയോഗം ജ്ഞാനസ്നാനത്തിൽ നമ്മിലേക്കു വ്യാപിക്കുന്നു. ഈ പ്രേഷിത നിയോഗമായിരിക്കണം ജീസസ് യൂത്ത് മുന്നേറ്റത്തിൽ നമ്മുടെ ശുശ്രൂഷാ സംവിധാനങ്ങളുടെയും അതിലെ ശുശ്രൂഷകർ എന്ന നിലയിൽ നമ്മുടെയും ഫലദായകത്വം വിലയിരുത്തുന്ന ആത്മീയ വിവേചനത്തിന്റെയും മാനദണ്ഡം. ഈ നിയോഗം എത്രമാത്രം മററുള്ളവരിലേക്ക് പകരുവാൻ നമ്മൾക്ക് സാധിച്ചു? ആനന്ദമില്ലാതെ നമുക്കാരേയും ആകർഷിക്കാനാവില്ല. പ്രേഷിതത്വത്തിലെ പ്രതിസന്ധി വിശ്വാസത്തിലെ പ്രതിസന്ധിയാണെന്ന് ജോൺ പോൾ രണ്ടാമൻ എഴുതി (രക്ഷകന്റെ മിഷൻ, 2). നമ്മുടെ ജീവിതത്തിലെ പ്രേഷിതത്വത്തിന്റെ ഊഷരത്വം നമ്മുടെ വിശ്വാസത്തിലെ ഊഷരത്വം തന്നെയാണ്. യേശുവിന്റെ ശിഷ്യരെന്ന നിലയിൽ നമ്മുടെ ജീവിതത്തിലെ വിശ്വാസ്യമായ പ്രേഷിതത്വ മാനസാന്തരമാണ് ഇത് ആവശ്യപ്പെടുന്നത്.

അസാധാരണ പ്രേഷിത മാസത്തിനായുള്ള മാർപാപ്പയുടെ ആഹ്വാനം നമ്മുടെ വിശ്വാസം വർധിപ്പിക്കാനും ജ്ഞാനസ്നാന കൃപ പുതുക്കാനും ഇടയാക്കണം. അങ്ങനെ സഭാശുശ്രൂഷയിലുള്ള മിഷണറിയായി വിളിക്കപ്പെട്ട (Missionaries at the service of the Church) ജീസസ് യൂത്ത് എന്ന നിലയിൽ നമുക്കെപ്പോഴും 'സുസ്ഥിരമായ പ്രേഷിതത്വ അവസ്ഥ' യിലായിരിക്കാം. അങ്ങനെ യേശുവിന്റെ പ്രേഷിതത്വം ജീവിക്കുന്നതും പങ്കുവയ്ക്കുന്നതും നമ്മുടെ ഏറ്റവും വലിയ തനിമയും നമ്മുടെ ജീവിതത്തിന് ചേർന്ന ദൗത്യവും കൃപയും ആയിരിക്കട്ടെ.

അതിനാൽ നമുക്കിനി യഥാർഥ പ്രേഷിതത്വത്തിന്റെ രണ്ടു മാനങ്ങൾ വീണ്ടും നവമായി ആശ്ലേഷിക്കാം. പുറപ്പെടുക ('പോകുക, സദ്വാർത്ത പ്രഘോഷിക്കുക') സാക്ഷികളാകുക ('വന്നുകാണുക').

## വിശുദ്ധന്റെ മൊഴി

"നിങ്ങൾ ഭൂമിയുടെ ഉപ്പാണ്! നിങ്ങൾ ലോകത്തിന്റെ പ്രകാശമാണ്! നിങ്ങളുടെ മാതൃക കൊണ്ട്, നിങ്ങളുടെ ജീവിതത്തിന്റെ വിശുദ്ധികൊണ്ട്, നിങ്ങളുടെ പെരുമാറ്റത്തിന്റെ മിതത്വം കൊണ്ട്, നിങ്ങളുടെ വിശുദ്ധിയുടെ തിളക്കം കൊണ്ട്, മറ്റുള്ളവർക്ക് ഉത്കർഷമുണ്ടാകുമെന്ന് ഉറപ്പുവരുത്തുക."

**–വിശുദ്ധ പീയൂസ് അഞ്ചാമൻ**

# കഥാചിത്രങ്ങൾ

*ജീവിതസൗന്ദര്യവും, പ്രകൃതിസൗന്ദര്യവും, അമൂർത്ത ആവിഷ്ക്കാരങ്ങളും കഥാചിത്രങ്ങളുടെ ഈ പേജിൽ പ്രസിദ്ധീകരിക്കും. ക്രിസ്തീയ കാഴ്ചപ്പാടുകൾക്ക് വിരുദ്ധമാകരുതെന്നുമാത്രം. 2 MP എങ്കിലും ഫയൽ സൈസുള്ള ക്യാമറ/മൊബൈൽ ഫോൺ ചിത്രങ്ങൾ ആശയപരമായും, കലാപരമായും, സാങ്കേതികമായും യോഗ്യതയുള്ളതാണെന്ന് ഡിസൈൻ എഡിറ്റിങ് ടീം തീരുമാനിച്ചാലാണ് പ്രസിദ്ധീകരിക്കുക. ഡിസംബർ ലക്കം പ്രസിദ്ധീകരിച്ചുകഴിഞ്ഞ് ഒരു വർഷത്തെ ചിത്രങ്ങൾ വിലയിരുത്തി 'കെയ്റോസ് ഫോട്ടോ ഓഫ് ദി ഇയർ' ആയി തെരഞ്ഞെടുക്കപ്പെടുന്ന ഫോട്ടോഗ്രാഫർക്ക് കെയ്റോസ് പ്രത്യേക സമ്മാനം നൽകുന്നതും പ്രസ്തുത ചിത്രം പുതുവർഷ ലക്കത്തിൽ പുനഃപ്രസിദ്ധീകരിക്കുന്നതുമായിരിക്കും. ഒറ്റവാക്യത്തിലുള്ള അടിക്കുറിപ്പും, പേരും സഹിതം ഫോട്ടോ അയക്കുക:* myclick.kairos@gmail.com



**St Patrick at Dublin Castle, Ireland** | Photography by: Lesley Rigg




**Statue of Michelangelo Buonarroti in the Uffizi Gallery, Florence, Italy** | Photography by: Flaviya




വീട്ടുകാര്യം

## റിസ്ക് ഒഴിവാക്കിയ ഒരു ബൈക്ക് യാത്ര

**നമ്മുടെ ചില തോന്നലുകളും നിർബന്ധവുമൊക്കെ ഒഴിവാക്കാനാവാത്തതും പിന്തുടരേണ്ടതുമാണ്.**

എന്റെ വീട് എറണാകുളത്ത് അരൂരിലാണ്. എന്റെ രണ്ടാമത്തെ കുഞ്ഞിന്റെ ജനനം എന്റെ ജീവിതത്തിലെ മറക്കാനാവാത്ത ഒരനുഭവമായിരുന്നു.

ഒരിക്കൽ ഞാൻ മലയാറ്റൂരിൽ പോയ സമയം. ഭാര്യ നീതുവിന് പ്രസവസമയം അടുത്തിരുന്ന ദിവസങ്ങളായിരുന്നു. രാവിലെ നീതുവിന് വേദന തോന്നി. വയറ്റിനുള്ളിൽ കുട്ടി അനങ്ങുമ്പോഴുള്ള വേദനയായിട്ടായിരുന്നു അവൾക്ക് തോന്നിയത്. അവൾ അത് ആരോടും പറഞ്ഞതുമില്ല. വേദന മാറിയെങ്കിലും പിന്നീട് വൈകുന്നേരമായപ്പോൾ വീണ്ടും വേദന വരുകയും എന്നെ ഫോണിൽ വിളിക്കുകയും ചെയ്തു. ഞാൻ വേഗം തന്നെ തിരിച്ചു വീട്ടിൽ എത്തി.

ഉടനെതന്നെ കൂടുതലൊന്നും ആലോചിച്ചു നിൽക്കാതെ എന്റെ ബൈക്കിൽത്തന്നെ കയറ്റി അവളെയുംകൊണ്ട് മട്ടാഞ്ചേരിയിലുള്ള ആശുപത്രിയിലേക്കു പോയി. കാർ വിളിക്കാനും മറ്റും ആലോചിക്കാതെ എല്ലാം വളരെ പെട്ടന്നായിരുന്നു. കലശലായ വേദന ആശുപത്രിയിൽ ചെല്ലുമ്പോഴുണ്ടായിരുന്നില്ല. അതിനാൽത്തന്നെ ഡോക്ടർ കുഴപ്പമൊന്നുമില്ലായെന്നു പറഞ്ഞു. നല്ല പെയിൻ ഉണ്ടായിരുന്നെന്നും ഉടനെതന്നെ ഡെലിവറിക്കു വേണ്ട കാര്യങ്ങൾ ചെയ്യണമെന്നും ഞങ്ങൾ നിർബന്ധിച്ചു. ദൈവാനുഗ്രഹമെന്നു പറയട്ടെ താമസിയാതെ ചെക്കപ്പുകൾ നടത്തി പ്രസവം നടക്കുകയും ചെയ്തു.

പിന്നീടാണവർ പറഞ്ഞത് നിങ്ങൾ വന്ന ആ സമയത്തു തന്നെ ഇവിടെ എത്തിയില്ലായിരുന്നെങ്കിൽ ഒരുപക്ഷേ കുട്ടിയെ കിട്ടാൻതന്നെ വലിയ റിസ്ക്കായേനെയെന്ന്. പ്രസവത്തിനായി ആശുപത്രിയിലേക്ക് ബൈക്കിൽ പോയതും ആശുപത്രിയിലെ അനുഭവങ്ങളുമെല്ലാം ഓർക്കുമ്പോൾ ഇന്നും ഒരത്ഭുതമായി തോന്നുന്നു.



*സാബു ജോസഫ്, അരൂർ*

## മക്കൾ എല്ലാം അറിയുന്നുണ്ട്

**നമ്മൾ അറിയാതെ, നമ്മുടെ ജീവിതവും കുടുംബാന്തരീക്ഷവുമൊക്കെ നമ്മുടെ മക്കളെ വളരെ ആഴത്തിൽ സ്വാധീനിക്കുന്നുണ്ട്.**

കുടുംബാന്തരീക്ഷം നമ്മുടെ മക്കളുടെ വളർച്ചയെ സ്വാധീനിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. എന്റെ കുടുംബത്തിലെ ചില കാര്യങ്ങൾ അതിന്റെ നല്ല തെളിവുകളായിട്ടാണ് എനിക്കു തോന്നുന്നത്.

പ്രായപൂർത്തിയായ രണ്ടു മക്കളാണ് എനിക്കുള്ളത്. ഒരാണും ഒരു പെണ്ണും. എപ്രകാരം പ്രാർഥിക്കണമെന്നോ, വിശ്വാസ ജീവിതത്തിൽ വളരണമെന്നോ ഞാനോ ഭാര്യയോ മക്കളോട് പ്രത്യേകം പറഞ്ഞുകൊടുത്തിട്ടില്ല. ഒരു പ്രാർഥന പക്ഷേ, എന്റെ മനസ്സിൽ എന്നുമുണ്ടായിരുന്നു. ഞാനനുഭവിച്ച രീതിയിലോ അതിനേക്കാൾ നല്ല രീതിയിലോ മക്കൾ ദൈവത്തെ അനുഭവിച്ചറിയാൻ ഇടയാകണം.

മക്കൾ കാൺകെ ഞാൻ ഒരിക്കലും പ്രാർഥിക്കാൻ ശ്രമിച്ചിട്ടില്ല. ഞങ്ങളുടെ വ്യക്തിപരമായ പ്രാർഥനയുടെ സമയമോ രീതികളോ മക്കൾക്ക് അറിയാമെന്ന് എനിക്ക് തോന്നിയിട്ടില്ല. എങ്കിലും എന്നെ അത്ഭുതപ്പെടുത്തിയതും എനിക്ക് ഏറെ സന്തോഷം തോന്നിയതുമായ ഒരു കാര്യം ഞാൻ വീട്ടിൽ കണ്ടിട്ടുണ്ട്. മക്കൾ രണ്ടുപേരും അവരുടെ മുറികളിൽ തനിയെ ഇരുന്ന് പ്രാർഥിക്കുന്നത് ഞാൻ കാണാൻ ഇടയായതാണത്.

മക്കൾ പ്രാർഥിക്കണമെന്നും പ്രാർഥനാ ജീവിതത്തിൽ വളരണമെന്നും ആഗ്രഹിക്കാത്ത മാതാപിതാക്കളുണ്ടാകുമെന്നു തോന്നുന്നില്ല. നമ്മൾ അറിയാതെ നമ്മുടെ ജീവിതവും കുടുംബാന്തരീക്ഷവുമൊക്കെ നമ്മുടെ മക്കളെ വളരെ ആഴത്തിൽ സ്വാധീനിക്കുന്നുണ്ടെന്ന് ഞങ്ങൾ കണ്ട് ബോധ്യപ്പെട്ടിട്ടുള്ളതാണ്.



*ഷാജി ലൂയീസ്, വൈറ്റില*

ഫമിലിയ

മൈ സ്റ്റോറി

# അനുഭവങ്ങൾ ദൈവാനുഗ്രഹങ്ങൾ

**ഓരോ ചുവടിലും ദൈവം കൂടെയുണ്ടെന്ന വിശ്വാസം വലിയൊരാശ്വാസമാണ്. ഈ ആശ്വാസമാണ് പിന്നീട് ജീവിതയാത്രയിൽ കരുത്തായി മാറുന്നത്.**

അലച്ചിലിന്റെയും അപമാനത്തിന്റെയും ഒറ്റപ്പെടുത്തലുകളുടെയും ദാരിദ്ര്യത്തിന്റെയും നാളുകളിലൂടെ കടന്നുപോകുമ്പോഴും ദൈവം എന്റെ കൂടെയുണ്ടായിരുന്നു. അവിടത്തെ സ്നേഹം തീർന്നുപോയിട്ടില്ല. അവിടന്ന് എന്നെയും കുടുംബത്തെയും കരുതുന്നു എന്നു എനിക്ക് പറയാൻ സാധിക്കും. കാരണം, അവിടന്ന് എന്നെ അത്രമാത്രം സ്നേഹിക്കുന്നു. തന്റെ സ്നേഹം അനുഭവിക്കുവാൻ അവിടന്നെന്നെ അനുഭവങ്ങളിലൂടെ നയിച്ചു.

അനുഗ്രഹത്തിന്റെയും കരുതലിന്റെയും കരങ്ങൾ അവിടന്ന് ഞങ്ങൾക്കായി പ്രദാനം ചെയ്തു. ഈ ജീവിതാനുഭവങ്ങൾ എന്നെ നയിച്ചത് ഇത്തരത്തിൽ വേദന അനുഭവിക്കുന്നവരുടെ മാനസികാവസ്ഥ എന്തായിരിക്കും എന്നറിയാനായിരുന്നു. അവരുടെ വേദനകളിൽ ദൈവത്തിന്റെ സാന്ത്വനം അനുഭവിക്കാൻ അവർക്കും സാധിക്കട്ടെ എന്ന ആഗ്രഹവും പ്രാർഥനയുമായിരുന്നു ഉള്ളിലുണ്ടായിരുന്നത്.

ഒറ്റപ്പെടലിലൂടെയും ദാരിദ്ര്യത്തിലൂടെയും കടന്നു പോകേണ്ടി വന്നപ്പോൾ എന്നെ ആശ്വസിപ്പിച്ചത് എന്റെ കൂടെ വസിക്കുന്ന ദൈവത്തിന്റെ സാന്നിധ്യവും കൃപയുമാണ്. ഈ അവസരങ്ങളിൽ സമൂഹത്തിൽ ഒറ്റപ്പെടുന്നവരുടെയും ദാരിദ്ര്യം അനുഭവിക്കുന്നവരുടെയും നീതി നിഷേധിക്കപ്പെടുന്നവരുടെയും നൊമ്പരം എത്രമാത്രമാണ് അവരുടെ ഹൃദയത്തെ കീറിമുറിക്കുന്നതെന്ന് ദൈവം എന്നെ പഠിപ്പിച്ചു. അവരുടെ ദു:ഖം ഞങ്ങളുടെ ദു:ഖമായി ഏറ്റെടുക്കാൻ കർത്താവ് ഞങ്ങൾക്ക് കൃപ തന്നു.

ജീവിതാനുഭവങ്ങളിലൂടെ കടന്നുപോകുമ്പോഴെല്ലാം ലഭിക്കുന്ന സമാധാനവും ശാന്തതയും ഞങ്ങൾക്ക് അനുഭവിക്കാൻ സാധിച്ചത് ഞങ്ങളുടെ കുഞ്ഞുങ്ങളുടെ ജീവിതത്തിലും ഏറെ സഹായകരമായി. ജീവിത പ്രതിസന്ധികളിൽ അവയെങ്ങനെ തരണം ചെയ്യണമെന്ന് കർത്താവ് അവരെ പഠിപ്പിക്കുകയും സഹായിക്കുകയും ചെയ്തു. അവരുടെ ഇടപെടലുകൾ പലപ്പോഴും ഞങ്ങൾക്ക് ആശ്വാസവും തീരുമാനങ്ങൾ എടുക്കാൻ സഹായകവുമായിട്ടുണ്ട്.

ഞങ്ങളുടെ നാലാമത്തെ കുഞ്ഞിന്റെ ജനനം കർത്താവ് ഒരനുഗ്രഹമാക്കിതീർത്തു. 'റീകാനലൈസേഷൻ'ലൂടെ നാലാമത്തെ കുഞ്ഞിന് ജന്മം നല്കിയപ്പോൾ ജീവന്റെ വിലയെന്തെന്നും ഓരോ കുഞ്ഞും ദൈവത്തിന്റെ സമ്മാനമാണെന്നും മനസ്സിലാക്കാൻ കഴിഞ്ഞു. ഈ സമ്മാനം ഞങ്ങൾക്ക് അനുഗ്രഹവും സാന്ത്വനവുമാക്കിതീർത്തു. കാരണം സഹനത്തിന്റെ നാളുകളിൽ ദു:ഖം അകറ്റാനും ഹൃദയത്തിൽ സന്തോഷം പകരാനും ഞങ്ങളുടെ മകളുടെ കളിയും ചിരിയും കാരണമായി.

ജീവിതത്തിന്റെ ഓരോ ചുവടിലും ഞങ്ങളെ ശക്തിപ്പെടുത്തിയത് അവിടത്തെ വചനമാണ്. വചനം ഏറ്റുപറഞ്ഞ് പ്രാർഥിക്കാനും അനുഗ്രഹം പ്രാപിക്കാനും സാധിക്കുന്നത് ഓരോരോ അനുഭവങ്ങളായിരുന്നു. ആർക്കുവേണ്ടിയാണെങ്കിലും എന്തിനു വേണ്ടിയാണെങ്കിലും കൈകൾവച്ച് പ്രാർഥിക്കുന്നത് പുതിയൊരുൾക്കാഴ്ച ലഭിച്ച സമയമായിരുന്നു. ഈ അനുഭവം ഞങ്ങളുടെ വിശ്വാസം വർധിക്കാനും ദൈവവചനത്തിന്റെ ശക്തി ആഴത്തിൽ മനസ്സിലാക്കാനും കാരണമായി. ദൈവത്തിനു നന്ദി ✦



*മിഫോൾഡാ യേശുദാസ്, തിരുവനന്തപുരം*

ഫമിലിയ

മൈ സ്റ്റോറി

# നിഷ്ക്കളങ്ക സ്നേഹം



**അനുദിന ജീവിതത്തിൽ എത്രയെത്ര അനുഭവങ്ങളാണ് ദൈവസ്നേഹത്തിന്റെ അടയാളമായി നമുക്കു കാണാനാവുന്നത്. നിഷ്ക്കളങ്ക സ്നേഹം നമുക്കും സ്വന്തമാക്കാം.**

"മുലകുടിക്കുന്ന കുഞ്ഞിനെ അമ്മയ്ക്കു മറക്കുവാൻ കഴിയുമോ, അവൾ മറന്നാലും ഞാൻ നിന്നെ മറക്കുകയില്ല." ആ ദൈവത്തിന്റെ സ്നേഹാനുഭവത്തിലേയ്ക്ക് നടന്നടുക്കുന്ന ദിനങ്ങളിലൂടെയാണ് ഞാൻ സഞ്ചരിക്കുന്നത്.

ദൈവസ്നേഹത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ എപ്പോഴും കേൾക്കുന്ന ഒരു ഉദാഹരണമാണ് അപ്പനും മകനും തമ്മിലുള്ള ബന്ധം. എനിക്ക് മകളാണ്, അതുകൊണ്ട് മകന്റെ സ്ഥാനത്ത് ഞാൻ മകളെ കാണുന്നു. ഒരു മകൾ എത്രകണ്ട് തന്റെ അപ്പനെ വിശ്വസിക്കുന്നു, ആശ്രയിക്കുന്നു, സ്നേഹിക്കുന്നു എന്നത് അവളുടെ നിഷ്കളങ്കത വ്യക്തമാക്കുന്ന ഒന്നാണ്. എന്നാൽ അപ്പനായ എനിക്ക് അവളെ സ്നേഹിക്കുവാൻ ചില നിബന്ധനകളില്ലേ? ഞാൻ പറഞ്ഞാൽ അനുസരിക്കണം, എന്നെ ശല്യപ്പെടുത്തുവാൻ പാടില്ല, പരീക്ഷയിൽ നല്ല മാർക്കു വേണം അങ്ങനെ പലതും.

ഞാൻ അവളെ ഒന്നു പിണങ്ങിയാൽ അവളുടെ മുഖം വാടുന്നു. അധികനേരം കഴിയും മുമ്പ് എല്ലാം മറന്ന് അവൾ വീണ്ടും കൂട്ടുകൂടുന്നു. എന്റെ സ്നേഹത്തിനാണ് കണ്ടീഷനുകളുള്ളത്. നിഷ്ക്കളങ്കമായ സ്നേഹമെന്നു പറയേണ്ടത് ആ കുഞ്ഞിന്റെ സ്നേഹത്തെയല്ലേ. അതിശക്തമായ ചുമയോടുകൂടി കഴിഞ്ഞ ദിവസങ്ങൾ അവൾകടന്നു പോയപ്പോൾ പാതി ഉറക്കത്തിൽ എത്ര ബുദ്ധിമുട്ടിയാണ് ഞാനവൾക്ക് മരുന്നു നൽകിയത്. എനിക്ക് പല്ലുവേദന വന്നാൽ അതിനുള്ള മരുന്ന് നാലു വയസ്സുള്ള എന്റെ മകളുടെ കൈയിലുണ്ട്. പ്രഷർകുക്കറിൽ കൊണ്ട് പൊള്ളിയ എന്റെ വയറിന്മേലുള്ള പാട് കൂടെക്കൂടെ നോക്കി അവൾചോദിക്കും പപ്പേടെ ഉവ്വാവു മാറിയോ, വേദനയുണ്ടോ എന്നൊക്കെ.

ഞാൻ മനസ്സിലാക്കുന്നു, എത്ര കരുതലോടെയാണ് ആ കുഞ്ഞ് എന്നെ കാണുന്നത്. നിഷ്ക്കളങ്കതയാണ് ആ കുഞ്ഞിന്റെ മനോഭാവത്തിന്. ദൈവസ്നേഹത്തിന്റെ മറ്റൊരടയാളമല്ലേ ഈ നിഷ്ക്കളങ്കത. യഥാർഥത്തിൽ ദൈവസ്നേഹം എന്നു പറഞ്ഞ് ഉപമിക്കേണ്ടത് പിതാവിന് മകളോടുള്ള സ്നേഹത്തെയാണോ, മകൾക്ക് പിതാവിനോടുള്ള സ്നേഹത്തെയാണോ എന്നു ഞാൻ സംശയിക്കാറുണ്ട്.

ദൈവത്തിന് തന്റെ മക്കളോടുള്ള നിഷ്ക്കളങ്കമായ സ്നേഹമാണ് ഒരു ശിശുവായി ഈ ഭൂമിയിൽ പിറന്നത്. ശൈശവം, ബാല്യം, കൗമാരം, യൗവനം... പിന്നെ, മരണം, ഉയിർപ്പ്, സ്വർഗാരോഹണം. പടവുകൾ പലതു കടന്നു പോയിട്ടും അവിടത്തെ നിഷ്ക്കളങ്ക സ്നേഹത്തിന് ഒരു കോട്ടവും സംഭവിച്ചിട്ടില്ല. എന്നും കൂടെയായിരിക്കുന്നതിനു വേണ്ടി നല്കിയ സഹായകൻ പ്രവർത്തിക്കുന്നത് നിഷ്ക്കളങ്ക ഹൃദയങ്ങളിലല്ലേ. സമ്പന്നനെന്നോ, ദരിദ്രനെന്നോ പണ്ഡിതനെന്നോ പാമരനെന്നോ നോക്കാതെ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിന് വിധേയരായവർ എത്രയേറെപേർ.

സ്നേഹത്തിൽ ഞാൻ ആയിരിക്കുന്നുവോ എന്നു തിരിച്ചറിയുവാൻ എനിക്കു സാധിക്കുന്നത് എന്റെ നിഷ്ക്കളങ്ക സ്വഭാവത്തെ നോക്കിയാണ്. എനിക്ക് മറ്റുള്ളവരെ എത്ര മാത്രം ഉൾക്കൊള്ളുവാൻ കഴിയുന്നു, സ്നേഹിക്കുവാൻ സാധിക്കുന്നു. എന്നതനുസരിച്ചാണത്. "സ്നേഹിക്കാത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല; കാരണം ദൈവം സ്നേഹമാണ്". "ദൈവം തന്റെ ആത്മാവിനെ നമുക്കു തന്നിരിക്കുന്നതിനാൽ നാം ദൈവത്തിലും ദൈവം നമ്മിലും വസിക്കുന്നു എന്നു നാം അറിയുന്നു" ✦

*സിനു ജോസഫ്, ബാംഗ്ലൂർ*

ജോസഫ് പി.അബ്രഹാം, ചങ്ങനാശ്ശേരി
jpabraham1@gmail.com





# ചില സാമ്പത്തിക ചിന്തകൾ

## സാമ്പത്തികമായ കാര്യങ്ങളെക്കുറിച്ചും ക്രമീകരണങ്ങളെക്കുറിച്ചും ചില ചിന്തകളും ഒരോർമപ്പെടുത്തലും



നമുക്ക് ലഭിച്ചിരിക്കുന്ന വലിയ സമ്മാനമാണ് പരിശുദ്ധാത്മാവ്. പരിശുദ്ധാത്മാവിന്റെ വരദാനഫലങ്ങളിൽ വലിയൊരു നിധിയുണ്ട്. ജീവിതം ഇതിനനുസൃതമാണെങ്കിൽ വിജയം ഉറപ്പാണ്. ബുദ്ധി മാത്രം ഉപയോഗിച്ചാൽ ബിസിനസ്സ് മേഖലയോ മറ്റു സംരംഭങ്ങളോ വിജയിക്കണമെന്നില്ല. അതിൽ വിവേകം, ജ്ഞാനം, നന്മ, ക്ഷമ എന്നിവയെല്ലാം ആവശ്യമാണ്.

ജീവിതത്തിൽ പലതിനും വ്യക്തിപരമായി ഉത്തരം ലഭിച്ചിരിക്കുന്നത് പ്രാർഥനയിലൂടെയാണ്. ഏതൊരു വ്യക്തിയെ സംബന്ധിച്ചും ദേവാലയവും ഇടവകവികാരിയും എല്ലായ്പ്പോഴും സമീപസ്ഥമാണ്. ജാതിമതഭേദമന്യേ വൈദികരോട് സൗഹൃദം സൂക്ഷിക്കുന്നവരുണ്ട്. ഇവരുടെ പ്രാർഥനകളും ഉപദേശങ്ങളും അനുഗ്രഹങ്ങളും നമുക്ക് വളരെ സഹായകരമാണ്.

സാമ്പത്തികമായ കാര്യങ്ങളെക്കുറിച്ച് നമുക്കു ചെറുതായൊന്നു ചിന്തിക്കാം. വരുമാനത്തിൽ നിന്ന്, സമ്പാദ്യമെന്ന രീതിയിൽ കുറച്ചു മാറ്റിവച്ചാൽ ബാക്കിയുള്ളതാണ് ചെലവിനുള്ളത്. ഈ തത്ത്വം പ്രാവർത്തികമാക്കിയാൽ, സാമ്പത്തിക ഞെരുക്കം എന്ന വലിയ വെല്ലുവിളിയിൽ നിന്ന് ഒരു പരിധിവരെ രക്ഷനേടാം. ഇത് എന്റെ ചാച്ചൻ കാണിച്ചുതന്നിട്ടുള്ളതാണ്. ഇങ്ങനെ നമ്മുടെ ജീവിതത്തിൽ



അനുവർത്തിച്ചാൽ ജീവിതം വളരെ മനോഹരമായി മുന്നോട്ട് കൊണ്ടുപോകുവാൻ സാധിക്കുമെന്നതാണ് എന്റെ ചിന്ത.

സാമ്പത്തിക ഞെരുക്കം ആത്മഹത്യക്ക് വരെ കാരണമാകാറുണ്ട്. എന്തുകൊണ്ടായിരിക്കാം ഇങ്ങനെ സംഭവിക്കുന്നത്? നമുക്ക് ലഭ്യമാകുന്ന സാമ്പത്തികത്തിൽ അത് എന്തിനെല്ലാം മാറ്റിവയ്ക്കണം എന്ന് ആദ്യമേതന്നെ നമുക്കൊരു തീരുമാനം ഉണ്ടാവണം. അനാവശ്യ ധൂർത്ത് ഒഴിവാക്കി ഇവിടെ മുൻഗണനാരീതി നടപ്പിലാക്കാം. ലുബ്ധോ, ധാരാളിത്തമോ കാണിക്കേണ്ട ആവശ്യമില്ല. വളരെകുറഞ്ഞ വരുമാനം ഉള്ളവർക്കും ഒരു ചെറിയ തുക മാറ്റി വയ്ക്കാം. സാമ്പത്തിക അച്ചടക്കം വഴി സാമ്പത്തിക ഭദ്രതയും അതിലൂടെ സാമ്പത്തിക സുഭിക്ഷതയും സാമ്പത്തിക സ്വാതന്ത്ര്യവും അനുഭവിക്കാനാവും. കഴിഞ്ഞ 26 വർഷത്തോളമായി ഇത്തരം കാര്യങ്ങൾ ഞങ്ങൾ ജീവിതത്തിൽ നടപ്പിലാക്കിവരുന്നു.

സാമ്പത്തിക അച്ചടക്കമെന്നു പറയുമ്പോൾ, വലിയ തുകകൾ ആരും മാറ്റിവയ്ക്കേണ്ടതില്ല. തുച്ഛമായ തുക ആദ്യം മാറ്റിവച്ചു ശീലിക്കുക. പത്തു രൂപ ആകാം അല്ലെങ്കിൽ സാധിക്കുന്ന തുക മാറ്റി വയ്ക്കാം. ആദ്യ സമയങ്ങളിലെ ബുദ്ധിമുട്ട് ക്രമേണ മാറി. പിന്നീട് സാമ്പത്തിക സുഭിക്ഷത കൈവരുന്നു. ഇതിലൂടെ സാമ്പത്തിക സ്വാതന്ത്ര്യം നേടാൻ സാധിക്കുകയും കടം വാങ്ങാതെ ജീവിക്കാനാവുകയും ചെയ്യുന്നു.

ഇന്നത്തെ തലമുറ ദീർഘവീക്ഷണത്തോടെ കാര്യങ്ങൾ ചെയ്യുന്നതിൽ പരാജയപ്പെടുന്നുണ്ടോ? മറ്റുള്ളവരുമായി തങ്ങളുടെ ജീവിതം താരതമ്യം ചെയ്യുമ്പോൾ, വരവും ചെലവും തമ്മിലുള്ള അന്തരം വർധിക്കും. ഇന്നത്തെ യുവതലമുറ സാമ്പത്തിക ബുദ്ധിമുട്ടുകൾ അറിഞ്ഞു വളരുന്നില്ല എന്നു

## കേവലം 70/80 വയസ്സു വരെ ജീവിക്കുന്ന നാം കൂടുതൽ പണവും പ്രശസ്തിയും സമ്പാദിച്ചിട്ട് ശരീരത്തിനും മനസ്സിനും ആരോഗ്യം ഇല്ലെങ്കിൽ പിന്നെ എന്തിനാണ് ഇതെല്ലാം?

പരക്കെ പറയാറുണ്ട്. പണം ഇല്ലെങ്കിൽ ഒന്നും ഇല്ല എന്ന് ഇക്കൂട്ടർ ചിന്തിക്കുന്നു. ഇങ്ങനെ ചിന്തിച്ചാൽ, പിന്നീട് വലിയ തകർച്ചയിലേയ്ക്കായിരിക്കും നയിക്കപ്പെടുക. പിന്നീട് ഇതിൽ നിന്ന് മോചനത്തിനായി മദ്യവും മയക്കുമരുന്നും ഉപയോഗിക്കുന്നു. ഇതു മാറണം. സമ്പത്തിന്റെ മൂല്യവും, വിലയും അറിയുന്ന ഒരു വ്യക്തിയും പണം ദുർവ്യയം ചെയ്യുമെന്നു തോന്നുന്നില്ല.

ദരിദ്രനും, ധനവാനും ആകാൻ ദൈവം ആവശ്യപ്പെടുന്നില്ല. ഓരോ ക്രിസ്ത്യാനിയും ഓരോ കത്തോലിക്കനും വിളിക്കപ്പെട്ടിരിക്കുന്നത് ദൈവരാജ്യം വളർത്തുന്നതിനാണ്. കേവലം 70/80 വയസ്സുവരെ ജീവിക്കുന്ന നാം കൂടുതൽ പണവും പ്രശസ്തിയും സമ്പാദിച്ചിട്ട് ശരീരത്തിനും മനസ്സിനും ആരോഗ്യം ഇല്ലെങ്കിൽ പിന്നെ എന്തിനാണ് ഇതെല്ലാം? നമ്മുടെ ആത്യന്തിക ജീവിത ലക്ഷ്യം നിത്യജീവൻ ആണ്. ബാല്യവും ശൈശവവും വാർധക്യവും നാം മറ്റൊരാളെ ആശ്രയിക്കുന്നു. ഇതിനിടയിലുള്ള നമ്മുടെ ജീവിതം, ഉണർവുള്ള യുവത്വം ദൈവത്തിനായി മാറ്റിവയ്ക്കുക, ദൈവരാജ്യം വളർത്തുക.

ഒരിക്കലൊരാൾ ചോദിച്ചു, ദശാംശം കൊടുക്കുന്നതുകൊണ്ട് സാമ്പത്തിക നഷ്ടം ഉണ്ടാകുമോ? ഇല്ല, നേട്ടം അല്ലാതെ ഒരിക്കലും നഷ്ടം ഉണ്ടാവില്ല. തന്റെ സമൃദ്ധിയിൽ നിന്ന് നമുക്ക് ആവശ്യമുള്ളത് നൽകുവാൻ കഴിവുള്ളവനാണ് ദൈവം. അവിടന്ന് നമുക്ക് എല്ലാം ദാനമായി തന്നതാണ്. അതിൽ അഹങ്കരിക്കേണ്ട ആവശ്യം ഇല്ല. അതോടൊപ്പം ആവശ്യമുള്ളവരെ സഹായിക്കുക എന്ന ഉത്തരവാദിത്വം കൂടി ഓരോരുത്തർക്കും ഉണ്ട്.

എന്റെ കുടുംബത്തിൽ സാമ്പത്തിക കാര്യങ്ങൾ മുമ്പേ പറഞ്ഞ രീതിയിൽ എല്ലാം നന്നായിത്തന്നെ നടക്കുന്നുവെന്നാണ് കരുതുന്നത്. സാമ്പത്തിക ക്രമീകരണത്തിലൂടെ കുടുംബത്തിലെ ഓരോ വ്യക്തിക്കും ഒരു സെൽഫ് കൺട്രോൾ ലഭിക്കുന്നു. കുടുംബത്തിലും വ്യക്തിജീവിതത്തിലും പരിശുദ്ധാത്മ ഫലങ്ങൾ നമ്മെ നല്ല വ്യക്തിത്വത്തിന് ഉടമകളാക്കുന്നു. ദാനങ്ങൾ വിജയം ഉറപ്പുവരുത്തുന്നു. കഴിഞ്ഞ 26 വർഷമായി ഞങ്ങൾ ഇത് അനുഭവിച്ചുവരുന്നു.

ഭാര്യ ഷേർളി അധ്യാപികയാണ്. രണ്ടു പെൺമക്കൾ. മൂത്തമകൾ എം.ഡി. ചെയ്യുന്നു രണ്ടാമത്തെ മകൾ പഠിപ്പിക്കുന്നു. കുടുംബത്തിൽ എല്ലാവരും ഒരുപോലെ ചെയ്തുവരുന്ന ഒന്നാണ് വ്യക്തിപരമായ പ്രാർഥന. എല്ലാ മാസവും മുടങ്ങാതെ കുമ്പസാരിക്കുന്നു. ഓരോ ദിവസവും ആരംഭിക്കുന്നത് വി.കുർബാനയിലൂടെയാണ്. ജീസസ് യൂത്ത് മൂവ്മെന്റിലൂടെ പ്രവർത്തിച്ച് MBBS, MD യ്ക്കുശേഷം വൈദികനായി സേവനം ചെയ്യുന്നു എന്റെ സഹോദരൻ ജീസസ് യൂത്തുകാരുടെ മാത്തച്ചൻ ഫാ. മാത്യു പുത്തൻ ചിറയിൽ.

നസ്രത്തിലെ തിരുക്കുടുംബം പോലെ സഭയ്ക്കും സമൂഹത്തിനും നന്മ ചെയ്യുന്ന കുടുംബങ്ങളായി നമ്മുടെ കുടുംബങ്ങൾ മാറട്ടെ, കൃപയുടെ നീർച്ചാലുകൾ അഭംഗുരം ഒഴുക്കുവാൻ സാധിക്കട്ടെ എന്ന് പ്രാർഥിക്കാം. "ഞങ്ങൾ കളിമണ്ണും അങ്ങ് കുശവനും ആണ്. ഞങ്ങൾ അങ്ങയുടെ കരവേലയാണ്" (ഏശ 64: 8-9)✦





TEEN Spirit

വി. കൊച്ചുത്രേസ്യ
(ചെറുപുഷ്പം)

FLY HIGH

## സന്തോഷം എന്ന നിധി

നവീകരണ ജീവിതത്തിൽ കടന്നുവന്നപ്പോൾ ആദ്യകാലഘട്ടത്തിൽ തീവ്രമായ പ്രാർഥനയും ഏകാന്തമായ ധ്യാനവുമൊക്കെ പതിവായിരുന്നു. അങ്ങനെ കുറച്ചു കാലം കഴിഞ്ഞപ്പോൾ ജീസസ് യൂത്ത് മൂവ്മെന്റിലേയ്ക്ക് കർത്താവ് എനിക്കായി വാതായനങ്ങൾ തുറന്നുതന്നു. അങ്ങനെ ജീസസ് യൂത്ത് മൂവ്മെന്റിന്റെ ഭാഗമായി. പല പരിപാടികളിലും പങ്കെടുക്കാൻ തുടങ്ങി.

ഈ പരിപാടികളിലെല്ലാം പങ്കെടുക്കുമ്പോൾ ഞാൻ കണ്ടത് എന്നെക്കാളും പ്രായം കുറഞ്ഞ യുവാക്കൾ പോലും ആക്ഷൻ സോങ്ങ് കളിക്കുന്നു, പലതരം കളികളെല്ലാം ഈ പരിപാടികളുടെയൊക്കെ ഭാഗമായി നടത്തുന്നു. തീവ്രമായ പ്രാർഥനയാണ് യഥാർഥമായ ആത്മീയത എന്നു കരുതിയിരുന്ന എനിക്ക് അവരോടപ്പം ഡാൻസ് കളിക്കുവാനും മറ്റുമൊക്കെ ഒരു സ്വാതന്ത്ര്യക്കുറവ് ഉണ്ടായിരുന്നു. എന്നാൽ ആ യുവജനങ്ങളുടെ മുഖത്ത് വലിയ ഒരു സന്തോഷവും സ്വാതന്ത്ര്യവും ഞാൻ കണ്ടു. എനിക്ക് ആ സ്വാതന്ത്ര്യവും സന്തോഷവും ഇല്ല എന്ന് എനിക്ക് മനസ്സിലായി തുടങ്ങി.

മറ്റെന്തൊക്കെ ലഭിച്ചാലും ഏറ്റവും വലിയ നിധി ആ സന്തോഷും സമാധാനവുമാണ്. ജീസസ് യൂത്ത് മൂവ്മെന്റിലൂടെ ഈ സന്തോഷമാകുന്ന ആത്മീയതയാണ് എനിക്കു ലഭിച്ച ഏറ്റവും വലിയ സമ്മാനം. ഈ മുന്നേറ്റത്തിലെ പല ആൾക്കാരെയും ഞാൻ കണ്ടപ്പോൾ ഒത്തിരി സന്തോഷവാന്മാരായി കണ്ടിരുന്ന പലരും യഥാർഥത്തിൽ ഒട്ടേറെ ദുരിതങ്ങൾ അനുഭവിക്കുന്നവരാണ്. ആ ദുരിതങ്ങൾ ഒന്നും തന്നെ അവർക്ക് ലഭിച്ചിരിക്കുന്ന സന്തോഷങ്ങൾ എടുത്തു കളയുന്നില്ല. "നിങ്ങളുടെ ആ സന്തോഷം ആരും നിങ്ങളിൽ നിന്ന് എടുത്തു കളയുകയില്ല" (യോഹ 1:6).

അങ്ങനെ ജീസസ് യൂത്തിലൂടെ കർത്താവ് എന്നെ ശരിക്കും മാറ്റിയെടുക്കുകയായിരുന്നു. പലപ്പോഴും ഒന്ന് മനസ്സു തുറന്ന് ചിരിക്കുവാൻ പോലും സാധിക്കാതെ എത്ര ആളുകളാണ് നമ്മുടെ സമൂഹത്തിലുള്ളത്. ഏതു വിഷമഘട്ടങ്ങൾ വന്നാലും ആ ദു:ഖവളരെ പെട്ടെന്നുതന്നെ സന്തോഷമാക്കി മാറ്റുന്ന നമ്മുടെ കർത്താവിന്റെ കൂടെ നമുക്ക് ഏറ്റവും സന്തോഷത്തോടെ തന്നെ മുന്നേറാം. മറ്റുള്ളവർക്ക് സന്തോഷം നൽകുവാനായി ദൈവം നമ്മെ മാറ്റിയെടുക്കട്ടെ ✦



*അബി സെബാസ്റ്റ്യൻ, തൊടുപുഴ*



**ഫാ. നോയൽ കുരിശിങ്കൽ**
*ചാപ്ലയിൻ, കേരള ടീൻസ് മിനിസ്ട്രി*

TEEN SPIRIT

## MY STORY

# "എന്റെ നെഞ്ചാകെ നീയല്ലേ എന്റെ ഉന്മാദം നീയല്ലേ..."

ഇന്ന് രാവിലെ ആരാധനയ്ക്ക് മുമ്പിൽ മുട്ടുകുത്തി നിൽക്കുമ്പോൾ അറിയാതെ മനസ്സിലേയ്ക്ക് കടന്നുവന്ന രണ്ടുവരി പാട്ടായിരുന്നു ഇത്. അടുത്തിടെ ഇറങ്ങിയ 'അമ്പിളി' എന്ന സിനിമയിലെ ഈരടികൾ. പിന്നീട് അതിന്റെ ബാക്കി അന്വേഷിച്ചു; കാരണം, അൾത്താരയിലെ യേശുവിന് ഈ വരികളിലൂടെ എന്തൊക്കെയോ പറയാനുണ്ടെന്ന് തോന്നിയിരുന്നു. പെട്ടെന്ന് ഓർമ വന്നത് ഈ ലേഖനം എഴുതണമെന്ന് പറഞ്ഞ് തലേന്നാൾ വിളിച്ച കുഞ്ഞു സഹോദരിയെയാണ്. ഒരു വരിപോലും എഴുതാൻ കിട്ടിയിരുന്നില്ല. കർത്താവ് നമ്മളോടൊക്കെ പറയുന്ന ഏറ്റവും വലിയൊരു കാര്യം ഇതാണ് "എന്റെ ചങ്ക് മുഴുവൻ നീയാണ് എന്റെ ലഹരിയും നീ തന്നെ" എന്ന്. അതിനാൽ ബാക്കി കൂടി തിരഞ്ഞ് കണ്ടുപിടിക്കാൻ ശ്രമിച്ചു. യൂട്യൂബിൽ നിന്ന് കിട്ടിയവരികൾ ഇതായിരുന്നു

"നിന്നെയറിയാൻ, ഉള്ളു നിറയാൻ ഒഴുകിയൊഴുകി ഞാൻ, ഇന്നുമെന്നുമൊരു പുഴയായ്..."

ഓരോ ദൈവപൈതലിനോടും ഈശോ ഓരോ നമിഷവും പറയുന്ന ഏറ്റവും വലിയ സത്യം ഇതു തന്നെയല്ലേ? "നിന്നെ അറിയാനായി, നിന്റെയുള്ളിൽ നിറയാനായി ഒരു പുഴപോലെ ഞാനിതാ ഒഴുകി വരുന്നു." ഒരിക്കലും വറ്റാത്ത സ്നേഹം ചൊരിയുന്ന ആ ഈശോയെ സ്വീകരിച്ചുകൊണ്ട് അതേ വരികൾ തന്നെ തിരിച്ചും പാടി നോക്കിയാലോ..? അതല്ലേ യഥാർഥ ആനന്ദം നല്കുന്ന ആത്മീയത.


> കാണുന്നതിലും കേൾക്കുന്നതിലും പറയുന്നതിലും എല്ലാം കർത്താവിന്റെ സ്വരം കണ്ടെത്താൻ പലപ്പോഴും സാധിച്ചേക്കും അത് നാമറിയാതെതന്നെ ദൈവത്തിങ്കലേയ്ക്ക് നമ്മെ അടുപ്പിക്കും.

നമ്മളൊക്കെ ഒത്തിരി പാട്ടുകൾ (ഭക്തിഗാനങ്ങളും സിനിമാ ഗാനങ്ങളും ആൽബങ്ങളും)കേൾക്കുകയും പാടുകയും ചെയ്യാറുണ്ട്. പലതും നമ്മെ സ്പർശക്കാറുമുണ്ട്. മറ്റുചിലത് തീവ്രമായി നമ്മെ കർത്താവിലേയ്ക്ക് ഒരു പടികൂടി അടുപ്പിക്കും. നാം ചെയ്യേണ്ടത്, അതിൽ ഒരു ആത്മീയതയെ ഉണർത്തുന്ന അംശം കണ്ടെത്താനാകുമോ എന്ന് നോക്കുക എന്നതാണ്. (എപ്പോഴും നടന്നില്ലെങ്കിലും) കാണുന്നതിലും കേൾക്കുന്നതിലും പറയുന്നതിലും എല്ലാം കർത്താവിന്റെ സ്വരം കണ്ടെത്താൻ പലപ്പോഴും സാധിച്ചേക്കും അത് നാമറിയാതെതന്നെ ദൈവത്തിങ്കലേയ്ക്ക് നമ്മെ അടുപ്പിക്കും. അപ്പോൾ ഒരു വ്യക്തിപരമായ പ്രാർഥനയുടെ പൂർണത പോലെ എനിക്കും ഈശോയെ നോക്കി പാടാൻ പറ്റും.

"എന്റെ നെഞ്ചാകെ നീയല്ലേ, എന്റെ ഉന്മാദം നീയല്ലേ,

നിന്നെയറിയാൻ, ഉള്ളു നിറയാൻ, ഒഴുകിയൊഴുകി ഞാൻ,

ഇന്നുമെന്നുമൊരു പുഴയായ്...✦



ടോണി സി. തോമസ്

*തൊടുപുഴ സ്വദേശിയും എഞ്ചിനീയറിംഗ് കോളേജ് അധ്യാപകനുമാണ് ലേഖകൻ.*
*tonycthomas093@gmail.com*

TEEN SPIRIT

# കളറാക്കാൻ ഒരു ടീൻസ് ഡേ കൂടി

കൂട്ടുകാർക്ക് ടീൻസ് ഡേയുടെ ആശംസകൾ..! ഒത്തുകൂടാനും പ്രാർഥിക്കുവാനും ആഘോഷിക്കാനും മറ്റൊരു ടീൻസ് ഡേ കൂടെയെത്തുകയാണ്. ഒക്ടോബർ ഒന്നിനു വിശുദ്ധ കൊച്ചുത്രേസ്യായുടെ തിരുനാൾ ദിവസം കൗമാരക്കാർക്കു വേണ്ടി പ്രാർഥിക്കാനും ഈ മാസം മുഴുവൻ ഒത്തുചേരലുകളും യാത്രകളും വ്യത്യസ്തമായ ചുവടുവയ്പ്പുകൾ നടത്താനും നിങ്ങൾ തയ്യാറല്ലേ..?

ഈ വർഷത്തെ ടീൻസ് ഡേയുടെ പ്രത്യേകമായ തീം "Let us add some colors to others life" എന്നുള്ളതാണ്. നമ്മുടെ ചെറിയ ചില ഇടപെടലുകൾ, പങ്കുവയ്ക്കലുകൾ മറ്റുള്ളവരുടെ ജീവിതത്തിൽ കൂടുതൽ സന്തോഷം പകരാൻ കാരണമാകുന്നുവെങ്കിൽ നമുക്കതങ്ങു ചെയ്താലോ. ചുറ്റുമുള്ളവരിൽ സ്നേഹവും സന്തോഷവും കൊടുക്കാനുള്ള ദൈവരാജ്യത്തിന്റെ ഉപകരണങ്ങളാണല്ലോ നമ്മൾ.




ഈശോ പറയുന്നതുപോലെ വിളക്കുകൊളുത്തി ആരും ഒളിച്ചുവയ്ക്കാറില്ലല്ലോ. പിന്നയോ എല്ലാവർക്കും പ്രകാശം നൽകുന്ന രീതിയിൽ പീഠത്തിന്മേൽവയ്ക്കും. അതുപോലെ നമ്മുടെ ജീവിതത്തിലെ നന്മകൾ മറ്റുള്ളവരുടെ ജീവിതത്തിനു നിറം പകരാനായി മാറ്റിവച്ചാലോ. ഉറകെടാത്ത ഉപ്പും പീഠത്തിന്മേലുള്ള വിളക്കുമാകാൻ ഈശോ നമ്മളെ വിളിക്കുന്നു. "നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ" (മത്താ 5:16) എന്ന ബൈബിൾ വാക്യമാണ് ഈ വർഷം ടീൻസ് ഡേയിലൂടെ നമ്മൾ പ്രാവർത്തികമാക്കാൻ പോകുന്നത്.

നിങ്ങൾക്കു ഒറ്റയ്ക്കും കൂട്ടായും നിങ്ങളുടെ വീട്ടിലും സ്കൂളിലും ഒക്കെ ചെയ്യാൻ പറ്റുന്ന നിരവധി ആശയങ്ങളാണ് ഈ വർഷത്തെ ടീൻസ് ഡേയിൽ ഉള്ളത്. ഇത്തവണത്തെ ചില കളർഫുൾ ടാസ്ക്കുകൾ എന്തൊക്കെയാണെന്നു നോക്കിയാലോ?

## കൂട്ടുകാർക്കിടയിൽ ചെയ്യാൻ

നിങ്ങളുടെ ക്ലാസ്സിൽ തനിച്ചിരിക്കുന്നതോ, വലിയ അടുപ്പമില്ലാത്തതോ ആയ ഒരു സഹപാഠിയുമായി പരിചയപ്പെടാം. ഒപ്പം ഒരു സൈക്കിൾ യാത്രയും ആവാം.

ഒരു കുടുക്കയിൽ ഈ ഒരു മാസം പണം ശേഖരിക്കാമോ. ഒക്ടോബർ മാസം അവസാനം ആ പണം ഉപയോഗിച്ച് പാവപ്പെട്ട ആർക്കെങ്കിലും ടീൻസ് ഡേ ഗിഫ്റ്റ് നൽകുകയും ചെയ്യാം.

## സ്കൂളിൽ ചെയ്യാൻ

- ഒരു ടീൻസ് ഡേ ഗാതറിംഗ് നടത്താം.
- നിങ്ങളുടെ അധ്യാപകർക്ക് അവരുടെ നന്മകൾ എഴുതിയ ഒരു +ve ചാർട്ട് സമ്മാനിക്കാം. കൂട്ടുകാരെയും ഇതിൽ ചേർക്കണേ.
- മുതിർന്നവരോടും കൂട്ടുകാരോടുമൊപ്പം ഒരു വൃദ്ധസദനം/അനാഥാലയം/സ്പെഷ്യൽ സ്കൂൾ സന്ദർശിച്ച് അവരോടൊപ്പം സമയം പങ്കിടാമോ?

## ഒറ്റയ്ക്കു ചെയ്യാൻ

ഓരോ ദിവസവും കണ്ണാടി നോക്കുമ്പോൾ ഒന്നു നന്നായി പുഞ്ചിരിക്കുകയും ഒരു ചെറിയ പ്രാർഥന ചൊല്ലുകയും ചെയ്യാം. അങ്ങനെ ആ ദിവസം മുഴുവൻ +ve ആയി ഇരിക്കുകയും ചെയ്യാം.

ഒരു ഇല്ലെന്റ് മേടിച്ചു കത്തെഴുതിയാലോ, നിങ്ങളുടെ സുഹൃത്തിനോ ബന്ധുക്കൾക്കോ അധ്യാപകർക്കോ ആർക്കുമാവാം. ടീൻസ് ഡേ ആശംസകൾ നേരാൻ മറക്കരുതേ.

## ടീൻസ് മിനിസ്റ്റേഴ്സിന്

- നിങ്ങളുടെ സോണിൽ/ഇടവകയിൽ/അടുത്തുള്ള സ്കൂളിൽ ഒക്ടോബർ മാസം ഏതെങ്കിലുമൊരു ദിവസം ഒരുമിച്ചു കൂട്ടാം.
- നിങ്ങൾ മിനിസ്ട്രിയിലൂടെ പരിചയപ്പെട്ട ടീനേജേഴ്സിന്റെ വീട്ടിലേയ്ക്കു വിസിറ്റ് നടത്താം.
- ടീനേജേഴ്സുമായുള്ള നിങ്ങളുടെ മിനിസ്ട്രി യാത്രയിലെ അനുഭവങ്ങൾ നവമാധ്യമങ്ങളിലൂടെ പങ്കുവയ്ക്കമോ?
- കൗമാരക്കാർക്കിടയിലെ ദൈവരാജ്യ പ്രവർത്തനങ്ങൾക്കായി കൂടുതൽ തീക്ഷ്ണതയോടെ പ്രാർഥിക്കാം.

കൂട്ടുകാരേ, നമ്മുടെ ലൈഫിൽ പ്രതീക്ഷിക്കാതെ ലഭിക്കുന്ന സമ്മാനങ്ങൾ എത്രത്തോളം സന്തോഷം പകരാറുണ്ട്? ഇനി നാം കൊടുക്കുന്ന കുഞ്ഞു സർപ്രൈസുകൾ കണ്ടു കണ്ണുതള്ളി നിൽക്കുന്ന കൂട്ടുകാരെ കാണുമ്പോൾ വലിയൊരു സംതൃപ്തി തോന്നാറില്ലേ?


ഇത്തവണത്തെ ടീൻസ് ഡേയും ഇങ്ങനെയൊന്നാഘോഷിച്ചാലോ കളറു പകരാൻ റെഡിയല്ലേ?

"Lets add some colors to others life" ടീൻസ് ഡേയുടെ ആശംസകൾ; പ്രാർഥനകൾ..!

LOGOS




ഷൈന ഹിലാരി




SMILEY




സിമിയോൻ ജോസഫ്



TEEN SPIRIT

## MY STORY




### എനിക്ക് ഇത്രയേ പറയാനുള്ളൂ

ടീൻസ് റൈഡേഴ്സ് – 9, 10 ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്ക് മിഷൻ എങ്ങനെയാണ് എന്ന് മനസ്സിലാക്കി തന്ന ഒരു പരിപാടിയായിരുന്നു. ടീൻസ് മിനിസ്ട്രിക്ക് നന്ദി പറയുന്നു. 6 ലീഡേഴ്സും കേരളത്തിന്റെ പല ഭാഗത്തു നിന്നുള്ള 16 മിഷണറിമാരും ആയിരുന്നു ഉണ്ടായിരുന്നത്. വളരെ കഷ്ടതയേറിയ യാത്രകളായിരുന്നു. എങ്കിലും കർത്താവ് ഞങ്ങളോട് കൂടെ ഉണ്ടായിരുന്നു. ഞങ്ങൾ പോണ്ടിച്ചേരിയിൽ എത്തിയപ്പോൾ ഞങ്ങൾക്ക് ഒരു കൂട്ടുകാരനെ കിട്ടി. ആന്റപ്പൻ ചേട്ടൻ. പിന്നെ ഞങ്ങളെ എല്ലായിടത്തും കൊണ്ടുപോയത് ചേട്ടൻ ആയിരുന്നു.

അങ്ങനെ ഞങ്ങൾ രണ്ട് ഓർഫനേജുകൾ സന്ദർശിച്ചു. അവരുടെ വിഷമങ്ങൾ കേട്ടപ്പോൾകണ്ണു നിറഞ്ഞുപോയി. പിന്നെ ഞങ്ങൾ മദർ തെരേസാ കോൺവെന്റിൽ പോയി. അവിടത്തെ കുറച്ചു ജോലികൾ ഞങ്ങൾ ചെയ്തു. എത്ര ജോലി ചെയ്തിട്ടും മടി തോന്നിയില്ല. അങ്ങനെ ഞങ്ങൾ പല ഭാഗത്തായിട്ട് ഈശോയെക്കുറിച്ചു പറയാൻ പോയി. അവരുടെ വിഷമങ്ങൾ കേട്ട് അവരെ ആശ്വസിപ്പിച്ചു പ്രാർഥിച്ചുപോന്നു.

ഒരു കുടുംബമായി കഴിഞ്ഞിരുന്ന ഞങ്ങൾ വേർപിരിഞ്ഞപ്പോൾ തികച്ചും സങ്കടമായി. അവിടന്നു കുറേ കാര്യങ്ങൾ പഠിപ്പിച്ചു. അപരിചിതരെ കാണുമ്പോൾ ചിരിക്കാൻ ഇപ്പോൾ സാധിക്കുന്നു. എനിക്ക് ഇത്രയേ പറയാൻ ഉള്ളൂ, നമ്മൾ ഒരുജോലി ചെയ്യുമ്പോൾ കർത്താവിനു വേണ്ടിചെയ്തു നോക്കൂ, മാറ്റം സംഭവിക്കും.



റ്റോബിഷ്, കാസർഗോഡ്

### പുതിയ അനുഭവം

വളരെ ആകാംഷയോടും പ്രതീക്ഷയോടെയും ആണ് ഞാൻ ടീൻസ് റൈഡേഴ്സിന് പോയത്. ഇതുവരെ കാണാത്ത ഒരു നാട്, അറിയാത്ത ഭാഷ. എന്താണ് ചെയ്യാൻ പോകുന്നതെന്നോ ഒന്നും അറിയില്ല. ഒരു പുതിയ ലോകമായിരുന്നു. ആ യാത്രയിൽ പുതിയൊരു കുടുംബത്തിന്റെ ഭാഗമായി ഞങ്ങൾ മാറുകയായിരുന്നു. പോണ്ടിച്ചേരി എനിക്ക് സമ്മാനിച്ചത് സ്നേഹത്തിന്റെ പുതിയൊരു ഭാഷയായിരുന്നു. ശ്രീലങ്കൻ കോളനി സന്ദർശിച്ചപ്പോൾ ആദ്യം കിട്ടിയ തണുപ്പൻ സ്വീകരണം ചെറിയൊരു പേടി തോന്നിച്ചു. പക്ഷേ, ഓരോ വീടും കഴിഞ്ഞ് പോകുമ്പോൾ ഇല്ലായ്മയിലെ സ്നേഹത്തിന്റെ സന്തോഷം ഞങ്ങൾ കണ്ടു. അവിടെ ഭാഷ ഒരു തടസ്സമായിരുന്നില്ല. തിരിച്ചു വീട്ടിൽ എത്തിയിട്ടും അവരുടെ നിഷ്ക്കളങ്കമായ പുഞ്ചിരി എന്റെ മനസ്സിലുണ്ട്.



തെരേസ്, കോട്ടയം

**JY NEWS**

# ഇന്റർനാഷണൽ കോൺഫറൻസ് വത്തിക്കാനിൽ

വത്തിക്കാനിൽ പൊന്തിഫിക്കൽ കൗൺസിൽ ഫോർ ന്യൂ ഇവാഞ്ചലൈസേഷൻ സംഘടിപ്പിച്ച ഇന്റർനാഷണൽ കോൺഫറൻസിൽ ജീസസ് യൂത്ത് മൂവ്മെന്റിൽ നിന്നും പങ്കെടുത്തവർ.




ജീസസ് യൂത്തിന്റെ ഇന്റർനാഷണൽ ഫോർമേഷൻ ഡയറക്ടർ മനോജ് സണ്ണി, ഇറ്റലിയിൽ നിന്നുള്ള ഫാ.ദാസ്, അനൂപ്, യു.കെ.യിൽ നിന്നുള്ള ബിജു, ജോസഫ്, മരിയ, ധന്യ, ജർമനിയിൽ നിന്ന് റോജോ, അലക്സി, ഡെന്നീസ് എന്നിവർ.

'ദൈവത്തെ കണ്ടുമുട്ടുക', 'ഇത് സാധ്യമാണോ?' എന്ന വിഷയത്തിൽ വത്തിക്കാനിലെ ന്യൂ സിനഡ് ഹാളിൽ വച്ച് സെപ്റ്റംബർ 19 മുതൽ 21 വരെയായിരുന്നു ഈ കോൺഫറൻസ് നടന്നത്.





STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT KAIROS

| | | |
|---|---|---|
| Title of Newspaper | : | Kairos |
| Registration No. | : | RNI No. KERMAL/2002/12027 |
| Language | : | Malayalam |
| Periodicity of Publication | : | Monthly |
| Single Subscription | : | Rs 50.00 |
| Printer & Publisher | : | Reji J. Karot |
| Nationality | : | Indian |
| Address | : | Kairos Media, 8/174, Navodaya Studio Complex, Thengode P.O, Kochi 682030 |
| Editor's Name | : | Adv. K.J. Johnson |
| Nationality | : | Indian |
| Address | : | Kairos Media, 8/174, Navodaya Studio Complex, Thengode P.O, Kochi 682030 |
| Owner's Name | : | Kairos Trust, Chevayur P.O, Kozhikode |

I Reji J. Karot here by declare that the particular given above are true to the best of my knowledge and belief

ഒരോർമപ്പൂവ്



## നിമിഷാ ടോം

കെ.സി.വൈ.എം ജോയിന്റ്സെക്രട്ടറി, തലശ്ശേരി അതിരൂപത

പ്രിയ നിമിഷാ, നിന്നെ ഞങ്ങൾ ശരിക്കും മിസ് ചെയ്യുന്നുണ്ട്. എല്ലാവർക്കും എപ്പോഴും സഹായത്തിനെത്തുന്ന നിന്റെ പുഞ്ചിരിക്കുന്ന മുഖവും തോൽക്കാൻ എനിക്കു മനസ്സില്ലായെന്ന നിന്റെ വാക്കുകളുമാണ് നിന്റെ അസാന്നിധ്യത്തിലും ഞങ്ങൾക്കു മുന്നിൽ തെളിയുന്നത്. പഴകി ദ്രവിച്ച നിന്റെ കുഞ്ഞുവീട്ടിൽ, അമ്മയേയും വലിയമ്മയേയും ചേച്ചിയേയും 'തനിച്ചാക്കി' നീ പോകുമ്പോഴും എന്തൊക്കെ സ്വപ്നങ്ങളായിരുന്നു നിന്റെയുള്ളിൽ. ചിരിച്ചും ചിരിപ്പിച്ചും നീ പറന്നു നടന്നപ്പോൾ നീ പറയാതെ പറഞ്ഞതെല്ലാം ഇപ്പോൾ ഞങ്ങളറിയുന്നു. നിന്നെയറിയാൻ ഞങ്ങളേറെ വൈകിപ്പോയി. കൂടപ്പിറപ്പായി ഒരാങ്ങളയില്ലെന്ന ദുഖം നിനക്കിനിയുണ്ടാകില്ല. ഒന്നല്ല ഒരായിരം പേരുണ്ട് നിനക്കിനി ആങ്ങളമാർ, നിന്റെ കുടുംബത്തിനു കാവലായി.

നിമിഷയുടെ അകാല വിയോഗത്തിൽ ബന്ധുക്കളും സുഹൃത്തുക്കളുമടക്കം നാടു മുഴുവൻ തേങ്ങുകയാണ്. അവരുടെ നൊമ്പരങ്ങളും ഹൃദയസ്പന്ദനങ്ങളുമാണ് എങ്ങും എവിടെയും.

തലശ്ശേരി അതിരൂപതാ കെ.സി.വൈ.എം-ന്റെ ജോയിന്റ്സെക്രട്ടറിയായിരുന്ന നിമിഷ (22) എളേരിത്തട്ട് ഇ.കെ. നായനാർ ഗവ. കോളേജിലെ 2-ാം വർഷ എം.എ. ഇക്കണോമിക്സ് വിദ്യാർഥിനിയായിരുന്നു. കോളേജിലേക്കു പോകുംവഴി മാങ്ങോട് പാലത്തിനു സമീപത്തുവച്ച് സ്കൂട്ടറിൽ ലോറി ഇടിക്കുകയായിരുന്നു. ഗുരുതര പരിക്കുകളോടെ ആശുപത്രിയിലെത്തിച്ചുവെങ്കിലും സെപ്റ്റംബർ ഒന്ന് ഞായറാഴ്ച പുലർച്ചെ നിമിഷ മരിച്ചു. പരേതനായ ടോമിയുടെയും, മിനിയുടെയും മകളാണ്. സഹോദരി നിമ്യ.

കെ.സി.വൈ.എം. തോമാപുരം ഫൊറോന കൗൺസിലർ, മണ്ഡപം യൂണിറ്റ് വൈസ് പ്രസിഡന്റ് എന്നീ നിലകളിലും പ്രവർത്തിച്ചുവരികയായിരുന്ന നിമിഷ ടോമിന്റെ അകാല വേർപാട് മണ്ഡപം ഇടവകയേയും നാടിനെത്തന്നെയും അതീവ ദു:ഖത്തിലാഴ്ത്തി. കെ.സി.വൈ.എം. യുവജന പ്രസ്ഥാനത്തിന്റെ കരുത്തുറ്റ സ്ത്രീ സാന്നിധ്യവും ഇടറാത്ത പെൺശബ്ദവുമായിരുന്നു നിമിഷ ടോം. ഇനിയുള്ള ഇവളുടെ ഓർമകൾ കുടുംബത്തിനു പ്രത്യാശയും സുഹൃത്തുക്കൾക്ക് കരുത്തുമേകട്ടെ.

## മാത്യു അച്ചന്റെ വാക്കുകൾ



ഫാ. മാത്യു നായ്ക്കംപറമ്പിൽ

ജീസസ് യൂത്തിനെക്കുറിച്ച് ഓർക്കുമ്പോൾ മനസ്സിൽ അഭിമാനവും ആനന്ദവും ഉണ്ടെനിക്ക്. ലോകത്തിൽ എവിടെച്ചെന്നാലും തീക്ഷ്ണതയ്ക്ക് യാതൊരു കുറവും ഇല്ലാതെ പ്രവർത്തിക്കുന്ന ശക്തമായ ഒരു ഗ്രൂപ്പാണ് ജീസസ് യൂത്ത്. പണ്ടും ഇന്നും അങ്ങനെ തന്നെ. ഏതെങ്കിലും ശുശ്രൂഷാ വിഭാഗങ്ങളെ യാതൊരു വ്യവസ്ഥകളുമില്ലാതെ പ്രോത്സാഹിപ്പിക്കുവാൻ കഴിയുമെങ്കിൽ അത് ജീസസ് യൂത്ത്എന്ന് പറയുന്ന ഈ മുന്നേറ്റത്തെ തന്നെയാണ്.

ഇവരുടെ സമർപ്പണത്തിന്റെ ഒരു ചൈതന്യമാണ് മറ്റ് ഗ്രൂപ്പുകളിൽ നിന്നും ഇവരെ വ്യത്യസ്തമാക്കുന്നത്. ലോകത്തിൽ എവിടെപ്പോയാലും മറ്റു വിഭാഗങ്ങളിൽ ഉള്ളവരെക്കാൾ കൂടുതൽ ചൈതന്യം ഇവരിൽ പ്രകടമാണ്. പഠനത്തിനും ജോലിക്കുമിടയിൽ ഒരു വർഷത്തെ ഇവരുടെ പ്രത്യേക കമിറ്റ്മെന്റും പ്രവർത്തനങ്ങളും അങ്ങേയറ്റം പ്രോത്സാഹിപ്പിക്കേണ്ടതാണ്. വരുംതലമുറയ്ക്ക് പകർന്നു കൊടുക്കാൻതക്ക രീതിയിൽ നമുക്ക് ശുപാർശ ചെയ്യാൻ കഴിയുന്ന ഒരു ജീവിത ശൈലിയും സംഘടനയുമാണിത്.

യുവത്വത്തിൽ സൃഷ്ടാവിനെ ഓർക്കുക, ദൈവത്തെ ശുശ്രൂഷിക്കുക, രക്ഷകനായ യേശുവിന്റെ സന്ദേശങ്ങൾ പ്രഘോഷിക്കുക തുടങ്ങിയവയെല്ലാം ഇവരുടെ ജീവിതത്തിലും പ്രവർത്തനങ്ങളിലും കാണാവുന്നതാണ്. തീർച്ചയായിട്ടും ഈ ജീസസ് യൂത്ത് എന്നു പറയുന്നത് ദൈവം ഉയർത്തിയതും വീണു പോകാത്തതുമായ ഒരു സംഘടനയാണ്.

*പ്രിയ ബഹുമാനപ്പെട്ട നായ്ക്കം പറമ്പിലച്ചന് ജീസസ് യൂത്ത് കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദിയോടൊപ്പം അച്ചന്റെ ശുശ്രൂഷകൾക്കും ആയുരാരോഗ്യസൗഖ്യത്തിനുമായുള്ള പ്രാർഥനകളും ആശംസകളും നേരുന്നു.*

*കഴിഞ്ഞ ദിവസങ്ങളിലെ വാർത്തകളുടെ പുനർ വായനയ്ക്കായി ഈ കോളം നോക്കാം. മറ്റു പ്രസിദ്ധീകരണങ്ങളിലെ ശ്രദ്ധേയമായ ചിലത് കെയ്റോസ് വായനക്കാർക്കായി ശ്രീ. സണ്ണി കോക്കാപ്പിള്ളിൽ തെരഞ്ഞെടുത്ത് അവതരിപ്പിക്കുന്നു.*

## ഹൈലൈറ്റ്സ്

# ആധുനിക ഭാരതം ബൈബിളിന്റെ സൃഷ്ടി

പ്രശസ്ത പത്രപ്രവർത്തകനായ ഡോ. ബാബു. കെ.വർഗീസിന്റെ പുസ്തകത്തിന്റെ പേരാണിത്. ദേശീയ ഭാഷയായ ഹിന്ദി ഇന്നത്തെ രൂപത്തിലാക്കിയതും അതിനു വ്യാകരണം ഉണ്ടാക്കിയതും ക്രൈസ്തവ മിഷണറിമാരായിരുന്നു. അതു പോലെ ഗുജറാത്തി, മലയാളം തുടങ്ങി അനേകം ഭാഷകൾക്ക് വ്യാകരണം നിർമിച്ചതും മിഷണറിമാരാണ്. ഏതാണ്ട് നൂറോളം ഭാഷകൾക്ക് നിഘണ്ടുവും വ്യാകരണവും നൽകിയ അവരുടെ സേവനത്തെ ഇന്ന് രാഷ്ട്രം തമസ്കരിക്കുന്ന ദുഃഖകരമായ അവസ്ഥയെപ്പറ്റി ഡോ. ബാബു. കെ. വർഗീസിന്റെ പ്രസംഗം യുട്യൂബിൽ ലഭ്യമാണ്. www.youtube.com/watch?v=cHMVjbg6tjs

## യുവവൈദികരുടെ ഗാനമേള ട്രൂപ്പ്

'ദി 12 ബാൻഡ്' എന്നപേരിൽ എറണാകുളത്തെ ഏതാനും യുവവൈദികർ സംഗീതലോകത്ത് തരംഗം സൃഷ്ടിച്ചിരിക്കുന്നു. എറണാകുളം-അങ്കമാലി അതിരൂപതയുടെ മാധ്യമവിഭാഗമായ പിൽഗ്രിംസ് കമ്മ്യൂണിക്കേഷൻസിന്റെ നേതൃത്വത്തിലാണ് വൈദികരുടെ ഈ പാട്ടുസംഘം സമൂഹമാധ്യമങ്ങളിൽ കൈയടി നേടുന്നത്. തിന്മയുടെ അന്ധകാരത്തിലമർന്നു കിടക്കുന്ന സമൂഹ മാധ്യമങ്ങളിൽ നന്മയുടെയും ക്രിയാത്മകതയുടെയും ഇത്തിരിവെട്ടം നൽകാൻ ഇവർക്ക് കഴിയുമെന്നത് തീർച്ചയാണ്.

## മറിയം ത്രേസ്യ വിശുദ്ധയാകുമ്പോൾ

ദൈവവിളികൾ പ്രത്യേകിച്ചും പെൺകുട്ടികളുടെ ദൈവവിളികൾ കേരളത്തിൽ വളരെ കുറഞ്ഞുവരുന്നുവെന്നത് ഒരു യാഥാർഥ്യമാണ്. പുതുതായി നാമകരണം ചെയ്യപ്പെട്ട വി.മറിയം ത്രേസ്യയുടെ ജീവചരിത്രം വായിക്കുകയും ധ്യാനിക്കുകയും ചെയ്യേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. സമൂഹമുയർത്തിയ വെല്ലുവിളികളെ ധീരമായി നേരിട്ടു കൊണ്ട് പ്രേഷിത പ്രവർത്തനമേഖലയിൽ നടത്തിയ ഉജ്ജ്വലമായ പ്രവർത്തനങ്ങളെ നേരിട്ടറിയുമ്പോൾ അതനേകർക്ക് ശിഷ്യത്വത്തിലേക്കുള്ള വിളിക്കു പ്രേരണയാകും.

## ലോട്ടറിയടിക്കുന്നത് ഭാഗ്യമോ നിർഭാഗ്യമോ?

ലോട്ടറിയിലൂടെ കോടികൾ സമ്മാനം നേടിയിട്ടും ഏതാനും വർഷങ്ങൾക്കുള്ളിൽ ദാരിദ്ര്യത്തെ വരിക്കേണ്ടിവരുന്നവരാണ് ബഹുഭൂരിപക്ഷവും. എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നതെന്ന ഒരന്വേഷണം സെപ്റ്റംബറിലെ സോഫിയ ടൈംസ് നടത്തിയിരിക്കുന്നത് വായിക്കാതെ വിടരുത്.

## കേരളം സ്വർണത്തിന്റെ വമ്പിച്ച കലവറ

ഇന്ത്യയിൽ ആകെ വാങ്ങിക്കുന്ന സ്വർണത്തിന്റെ ഇരുപതുശതമാനം കേരളത്തിലാണ്. പ്രധാനപ്പെട്ട മൂന്ന് സ്വർണപണയവായ്പാ സ്ഥാപനങ്ങളുടെ കൈവശം രണ്ടായിരം കിന്റലോളം സ്വർണമുണ്ട്. സ്വീഡൻ, സിംഗപ്പൂർ, ആസ്ട്രേലിയ തുടങ്ങിയ രാജ്യങ്ങളിലെ സ്വർണ ശേഖരത്തെക്കാൾ അധികമാണിത്. സെപ്റ്റംബർ 8-ലെ കലാകൗമുദിയിൽ സ്വർണത്തിന്റെ അധികമായ വിലക്കയറ്റത്തെപ്പറ്റിയുള്ള ലേഖനം വിഷയസംബന്ധമായ നിരവധി അറിവുകൾ തരുന്നു.

## ഹിന്ദുത്വ അധിനിവേശം

വേദാധികാരത്തിനു പുറത്തായിരുന്ന കീഴാള ജനതയുടെ ആത്മീയതലങ്ങളിലേക്ക് സവർണർ കടന്നുചെന്ന് സവർണ ഹൈന്ദവ ആരാധനക്രമങ്ങളിലേക്ക് പറിച്ചു നടപ്പെട്ട സമീപകാല ചരിത്രത്തെപ്പറ്റി സെപ്റ്റംബർ 16-ലെ മാധ്യമം ആഴ്ചപതിപ്പിൽ എൻ.വി. ബാലകൃഷ്ണൻ എഴുതുന്ന തുടർലേഖനം സംഘപരിവാറിന്റെ നിശ്ശബ്ദമായ പ്രവർത്തനങ്ങളെ വെളിപ്പെടുത്തുന്നു. ഇക്കഴിഞ്ഞ അനേക ദശകങ്ങളായി ഇന്ത്യയെ പൂർണമായും ഹിന്ദുത്വത്തിലേക്കു പരിവർത്തനപ്പെടുത്തിക്കൊണ്ടിരിക്കുന്ന നിഗൂഢമായ അജണ്ടയുടെ പ്രായോഗിക പെരുമാറ്റങ്ങൾ എങ്ങനെയെന്ന് അത്ഭുതത്തോടെയേ വായിക്കാൻ കഴിയുകയുള്ളൂ.

## 4 ആഴ്ചത്തെ പണി ഒരു ദിവസം കൊണ്ട് തീർക്കുന്ന ആൾ

ലോക പ്രശസ്ത കാർ കമ്പനിയായ നിസാന്റെ ഗ്ലോബൽ ഹബ് തിരുവനന്തപുരത്തു കൊണ്ടുവരുന്നത് ഒരു മലയാളിയായ ടോണി തോമസാണ്. പ്രൊഫഷണൽ രംഗത്ത് അതിഗംഭീര വിജയം നേടിയ ടോണിയുടെ ജീവിതകഥ തൊഴിലന്വേഷകർക്ക് ഏറെ പ്രചോദനാത്മകമാണ് (സെപ്റ്റംബർ 30, ധനം മാസിക)




## ആഫ്രിക്ക തകർന്നതെങ്ങനെ?

യൂറോപ്പ് സമ്പന്നമായിട്ടുണ്ടെങ്കിൽ അതിന്റെ പിന്നിൽ കോളനിവത്കരണത്തിന്റെയും ഭീകരമായ ചൂഷണത്തിന്റെയും കഥകളുണ്ട്. അടിമവ്യാപാരം എന്താണെന്ന് ഏതാനും വാചകങ്ങളിൽ പറയാൻ പറ്റുന്നതല്ല. ആഫ്രിക്കൻ രാജ്യമായ ഘാനയിലൂടെ നടത്തിയ യാത്രാവിവരണം ആഫ്രിക്കൻ ചരിത്രത്തെപ്പറ്റി നമുക്കു തരുന്ന അനുഭവം വർണാതീതമാണ്. സമകാലിക മലയാളം വാരികയിൽ സെപ്റ്റംബർ 23-ാം ലക്കം മുതൽ കെ. രാജേന്ദ്രൻ എഴുതുന്ന യാത്രാനുഭവം കണ്ണുനീർ വീഴ്ത്താതെ വായിക്കാനാവില്ല.

**ഷാർലറ്റ് ആൻസ് ടോം**



*ഗാന്ധിയൻ പഠനത്തിൽ എം.എ. ബിരുദധാരിയായ ലേഖിക അതേ വിഷയത്തിൽ മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റിയിൽ ഗവേഷണ പഠനമാരംഭിക്കുകയാണ്.*
sharletans@gmail.com

**മിഷൻ**

# ഖാണ്ഡ്വവയിലെ ഔലിയ




"...എന്റെ പ്രാർഥനയുടെ സ്വരം അവിടന്ന് ശ്രദ്ധിച്ചിരിക്കുന്നു. ദൈവം വാഴ്ത്തപ്പെടട്ടെ" *(സങ്കീ 66:19)*

ഹൃദയത്തിൽ ജ്വലിച്ചുകൊണ്ടിരുന്ന ദൈവസ്നേഹം മറ്റുള്ളവരിലേയ്ക്ക് പകർന്ന് നൽകണം എന്ന ചിന്തയാണ് ഒരു മിഷൻ അനുഭവത്തിലേയ്ക്ക് എന്റെ കുടുംബത്തെ നയിച്ചത്. കുടുംബമായിട്ട് രണ്ട് ട്രെയിനിംഗ് പ്രോഗ്രാമുകൾ ഞങ്ങൾ കൂടിയിരുന്നു. അതിനുശേഷം മക്കളുമൊരുമിച്ച് തീക്ഷ്ണമായി പ്രാർഥിക്കുവാൻ തുടങ്ങി. അങ്ങനെ മിഷനു പോകുവാനുള്ള അവസരം കർത്താവ് ഒരുക്കിത്തന്നു. തടസ്സങ്ങൾ ഉണ്ടായിട്ടും അതിനെ അതിജീവിക്കുവാനുള്ള കൃപയാൽ തമ്പുരാൻ ഞങ്ങളെ നിറച്ചു.

2018 ഏപ്രിൽ 15–ാം തീയതി മറ്റു രണ്ടു കുടുംബങ്ങൾക്കൊപ്പം ഞങ്ങൾ ട്രെയിൻ കയറി. മധ്യപ്രദേശിലെ ഖാണ്ഡ്വ ജില്ലയിലെ ഔലിയ ഇടവകയാണ് ദൈവസ്നേഹത്തിന്റെ വിത്തുകൾ വിതയ്ക്കാൻ ഞങ്ങൾക്കായി നൽകപ്പെട്ടത്.

കോളനികളിലാണ് അവിടത്തുകാർ താമസിക്കുന്നത്. കൂടുതലും ചാണകം മെഴുകിയ വീടുകളാണ് ഔലിയായിൽ ഉള്ളത്. ചാണകം കട്ടകളായി ഉണക്കി ചില വീടുകൾ മേഞ്ഞിരിക്കുന്നു. മനുഷ്യരും കന്നുകാലികളും ഒറ്റമുറി വീട്ടിൽ ഒന്നിച്ചാണ് താമസിക്കുന്നത്. മൂന്നിൽ കൂടുതൽ കുട്ടികൾ എല്ലാ കുടുംബങ്ങളിലും കാണാം. മറ്റ് മതവിശ്വാസികളുമായിട്ടാണ് കൂടുതൽ പേരും വിവാഹബന്ധങ്ങളിൽ ഏർപ്പെടുന്നത്. വിദ്യാഭ്യാസം തീരെ കുറഞ്ഞവരാണ് ഔലിയ നിവാസികൾ.

ഇടവക പള്ളിയിൽ നിന്നും അമ്പത് കിലോമീറ്ററോളം അകലെയാണ് ഓരോ ഗ്രാമങ്ങളും സ്ഥിതി ചെയ്യുന്നത്. ഫാ. പ്രകാശ് പള്ളോട്ടിയാണ് ഔലിയയുടെ ഇടയൻ. അദ്ദേഹത്തിന്റെ വാഹനത്തിൽ ഞങ്ങൾ ഗ്രാമങ്ങളിൽ കടന്നുചെല്ലുകയും ഭവന സന്ദർശനം നടത്തുകയും ചെയ്തിരുന്നു. അത്യാവശ്യം ഹിന്ദി അറിയാമായിരുന്നതുകൊണ്ട് ആശയവിനിമയത്തിന് ബുദ്ധിമുട്ട് അനുഭവപ്പെട്ടില്ല.

ഈ ഇടവകയിൽ തന്നെയായിരുന്നു ഞങ്ങൾ താമസിച്ചിരുന്നത്. ഭവനങ്ങൾ എല്ലാം ഇടവക ദേവാലയത്തിൽ നിന്ന് വളരെ ദൂരെ ആയതിനാൽ ബലിയർപ്പണത്തിനായി വികാരിയച്ചനൊപ്പം ഞങ്ങളും ഗ്രാമങ്ങളിലേയ്ക്ക് പോയിരുന്നു. ഇത്തരം യാത്രകൾ വഴി അവിടെയുള്ളവരുമായി സംസാരിക്കുവാനും അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കുവാനും സാധിച്ചു. കൃഷിയായിരുന്നു അവരുടെ വരുമാന മാർഗം. കൊടും വേനലും ജലത്തിന്റെ ദൗർലഭ്യവും അവരുടെ സാമ്പത്തിക മേഖലയ്ക്ക് കനത്ത ആഘാതം ഏൽപിച്ചിരുന്നു.

ക്രിസ്തീയ വിശ്വാസം കുറവുള്ള അവിടത്തെ ജനങ്ങളെ വിശ്വാസത്തിലേയ്ക്ക് നയിക്കാൻ ഫാ. പ്രകാശ് നടത്തുന്ന പ്രയത്നങ്ങൾ ഞങ്ങൾക്ക് പ്രചോദനാത്മകമായിരുന്നു. മധ്യസ്ഥ പ്രാർഥനയുടെ കേന്ദ്രമായിരുന്നു ഇടവക പള്ളി. മണിക്കൂറുകൾ

മനുഷ്യരും കന്നുകാലികളും ഒറ്റമുറി വീട്ടിൽ ഒന്നിച്ചാണ് താമസിക്കുന്നത്. മൂന്നിൽ കൂടുതൽ കുട്ടികൾ എല്ലാ കുടുംബങ്ങളിലും കാണാം. മറ്റു മതവിശ്വാസികളുമായിട്ടാണ് കൂടുതൽ പേരും വിവാഹബന്ധങ്ങളിൽ ഏർപ്പെടുന്നത്.

ദിവ്യകാരുണ്യ ഈശോയോടൊപ്പം ആയിരിക്കുവാനും ധാരാളം പേർക്കുവേണ്ടി പ്രാർഥിക്കുവാനും ഞങ്ങൾക്ക് സാധിച്ചത് എന്റെ കുടുംബത്തിനു ലഭിച്ച ഏറ്റവും വലിയ ഭാഗ്യവും അനുഗ്രഹവുമായിരുന്നു. അവിടെ കാണ്വബൈസ് എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്ന മാതാവിന്റെ കപ്പേളയിൽ പ്രാർഥനകളും ധ്യാനങ്ങളും നടക്കുന്നുണ്ട്. ഒറ്റപ്പെട്ട സ്ഥലമാണെങ്കിലും ധാരാളം ആളുകൾ അവിടെ വന്ന് പ്രാർഥിച്ചിട്ട് ദൈവാനുഗ്രഹങ്ങൾ സ്വന്തമാക്കി കടന്നു പോയിക്കൊണ്ടിരുന്നു.

ഞങ്ങൾ തിരിച്ചറിഞ്ഞതും ഞങ്ങളെ സ്പർശിച്ചതുമായ ഒരു പ്രധാന കാര്യം, ഞങ്ങൾ കുടുംബത്തോടൊപ്പം പോയി എന്നതാണ്. കുടുംബാംഗങ്ങൾ എല്ലാവരും ഒരുമിച്ച് മിഷൻ പ്രദേശത്ത് ഉണ്ടാകുന്നത് അവിടെയുള്ള ജനങ്ങൾക്ക് കുറെക്കൂടി എളുപ്പത്തിൽ ദൈവത്തെ അറിയുവാനും വിശ്വാസത്തിലേയ്ക്ക് വരുവാനും ഇടയാക്കുന്നുണ്ടെന്നാണ് ഞങ്ങൾക്കു തോന്നുന്നത്. ഞങ്ങളുടെ കുട്ടികൾ അവിടെയുള്ള കുട്ടികളുമായും ഞങ്ങൾ മുതിർന്നവർ എല്ലാവരുംതന്നെ മറ്റു കുടുംബാംഗങ്ങളോടൊപ്പവും സംസാരിക്കാനും ഇടപഴകാനും ഇടയായത് എടുത്തു പറയേണ്ട ഒരനുഭവമായിരുന്നു.

കുടുംബം ഒരുമിച്ചുവന്ന് ഇങ്ങനെ യേശുവിനെപ്പറ്റി പറയുന്നതും വചനം പങ്കുവയ്ക്കുന്നതുമൊക്കെ ഔലിയായിലുള്ളവർക്കും വലിയ അത്ഭുതമായി തോന്നി. സ്വന്തം നാട്ടിൽ നിന്ന് വീട്, ജോലി, പഠനം മറ്റുകാര്യങ്ങളെല്ലാം ക്രമീകരിച്ചിട്ടുവേണമല്ലോ ഇങ്ങനെ ഇവിടെ വരുവാൻ. ഇത്രയേറെ തീക്ഷ്ണതയോടെ ദൈവത്തെപ്പറ്റി പറയുവാൻ കുടുംബം ഒരുമിച്ചുവരുന്നതും അതവരുടെ മനസ്സിനെ സ്പർശിച്ചുവെന്നതും ഒരു ചലഞ്ചായി അവർക്ക് തോന്നയിട്ടുണ്ടെന്നാണ് ഞങ്ങൾക്ക് അറിയാൻ കഴിഞ്ഞത്. കൊടും ചൂടായിരുന്നുവെങ്കിലും വലിയ അസ്വസ്ഥതകൾ ഒന്നും ഞങ്ങൾക്കുണ്ടായില്ല. കർത്താവിന്റെ കരുതലും സ്നേഹവും ആവോളം അനുഭവിച്ച സമയമായിരുന്നു ഞങ്ങളുടെ മിഷൻ ദിനങ്ങൾ.

കുടുംബം ഒരുമിച്ച് മിഷൻ ചെയ്യുക എന്നതാണ് ഇനി എല്ലായിടത്തും നടക്കേണ്ടത്. ഞങ്ങളുടെ കൂടെയുണ്ടായിരുന്ന മറ്റു കുടുംബങ്ങളും ഒരേ സ്വരത്തിൽ പറഞ്ഞതും ഇതുതന്നെയായിരുന്നു. ജീവിതത്തിൽ ഒരു തവണയെങ്കിലും കുടുംബവുമായി മിഷൻ യാത്ര പോകുവാൻ ഓരോ കുടുംബങ്ങൾക്കും, ഓരോരുത്തർക്കും ആവട്ടെയെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു.

“കർത്താവിന്റെ നാമം ഇന്നുമെന്നേക്കും വാഴ്ത്തപ്പെടട്ടെ” (സങ്കീ. 113:2)



***മിഷണറി കുടുംബം:*** *കുഞ്ഞുമോൻ ടി.പി (ചേർത്തല സോൺ) ഭാര്യ: മേരി ജനറ്റ്, മക്കൾ: എഡ്വിൻ & ഗോഡ്വിൻ*

ജോസഫ് അന്ത്രപ്പേർ



കുടുംബസമേതം യു.കെ.യിലെ സൗത്താംപ്ടണിൽ വസിക്കുന്ന ലേഖകൻ കെയ്റോസ് ഗ്ലോബലിന്റെ എഡിറ്റോറിയൽ കൗൺസിൽ അംഗമാണ്
josephja@gmail.com

സിനി ടോക്സ്

*മാവോയിസ്റ്റ് തീവ്രവാദികളുടെ ഭീഷണി നിലനിലക്കുന്ന ഒരു കൊച്ചു ഗ്രാമത്തിലെ തെരഞ്ഞെടുപ്പ് ബൂത്ത് കാക്കുവാനായി മണികണ്ഠന്റെ (മമ്മൂട്ടി) നേതൃത്വത്തിൽ എത്തുന്ന അവർക്ക്, മാവോയിസ്റ്റുകൾ ആരാണെന്നോ അവരുടെ പോരാട്ടം എന്തിനു വേണ്ടിയാണെന്നോ, ബഹുഭൂരിപക്ഷം ഇന്ത്യക്കാരെയും പോലെ യാതൊരറിവും ഇല്ല.*




ഭയം-കേവലം ഒരു വികാരം എന്നതിനപ്പുറം ജീവിതത്തെ നിർജീവമാക്കാനുള്ള ശക്തി അതിനുണ്ട്. അത് മനുഷ്യനെ സാമാന്യ യുക്തിക്കു നിരക്കാത്ത കാര്യങ്ങൾ വരെ ചെയ്യിപ്പിക്കാൻ പര്യാപ്തവുമാണ്. സ്നേഹം തന്നെയായ ദൈവത്തോടൊപ്പം സായംകാലങ്ങളിൽ ഏദൻ തോട്ടത്തിൽ ഉലാത്തിയിരുന്ന പുരുഷനും സ്ത്രീയും, പാപത്തിന്റെ പരിണിത ഫലമായി ദൈവത്തെ ഭയന്ന് തോട്ടത്തിലെ മരങ്ങൾക്കിടയിൽ ഒളിക്കുന്നതു നാം ഉത്പത്തി പുസ്തകത്തിൽ വായിക്കുന്നുണ്ട്. ഈ ഭയത്തിന്റെ അടിമത്തത്തിൽ നിന്നുമാണ് മനുഷ്യനെ ക്രിസ്തു തന്റെ മരണത്താൽ വീണ്ടെടുത്തത് (ഹെബ്രാ 2:15) വി. യോഹന്നാൻ പറയുന്നതുപോലെ, “സ്നേഹത്തിൽ ഭയത്തിനു ഇടമില്ല; പൂർണമായ സ്നേഹം ഭയത്തെ ബഹിഷ്കരിക്കുന്നു” (1 യോഹ 4:18).

ഒരു കൂട്ടം പോലീസുകാരുടെ ഭയത്തിന്റെയും സ്നേഹത്തിന്റെയും സൗഹൃദത്തിന്റെയും കഥ പറയുന്ന ചിത്രമാണ് “ഉണ്ട”. നിസ്സഹായരായ, അതിലുപരി തെറ്റിദ്ധരിക്കപ്പെടുകയും പീഡിപ്പിക്കപ്പെടുകയും ചെയ്യുന്ന ഒരു ജനസമൂഹത്തിന്റെ പശ്ചാത്തലത്തിൽ, കാലികമായ ഒരു രാഷ്ട്രീയ പ്രമേയത്തെ തന്മയത്വത്തോടെ വരച്ചുകാണിക്കുന്നതിൽ ഖാലിദ് റഹ്മാൻ എന്ന സംവിധായകൻ വിജയിച്ചിട്ടുണ്ട്. പൊതുതെരഞ്ഞെടുപ്പിനോടനുബന്ധിച്ചു ഛത്തീസ്ഗഡിലേയ്ക്ക് അന്യസംസ്ഥാന തെരഞ്ഞെടുപ്പ് ജോലിക്കായി കേരളത്തിൽ നിന്നും ഒരുകൂട്ടം പോലീസുകാർ എത്തുന്നു. മാവോയിസ്റ്റ് തീവ്രവാദികളുടെ ഭീഷണി നിലനില്ക്കുന്ന ഒരു കൊച്ചു ഗ്രാമത്തിലെ തെരഞ്ഞെടുപ്പ് ബൂത്ത് കാക്കുവാനായി മണികണ്ഠന്റെ (മമ്മൂട്ടി) നേതൃത്വത്തിൽ എത്തുന്ന അവർക്ക് മാവോയിസ്റ്റുകൾ ആരാണെന്നോ അവരുടെ പോരാട്ടം എന്തിനു വേണ്ടിയാണെന്നോ, ബഹുഭൂരിപക്ഷം ഇന്ത്യക്കാരെയും പോലെ യാതൊരറിവും ഇല്ല. ഇത് ഒരു വിരോധാഭാസം എന്നതിലുപരി ചിന്താധിഷ്ഠിതമായ ഒരു വിഷയമാണ്. പലപ്പോഴും മാധ്യമങ്ങൾ വരച്ചുകാട്ടുന്ന പക്ഷപാതപരമായ ഒരു ചിത്രമല്ലാതെ, യാഥാർഥ്യങ്ങൾ നമുക്ക് അപ്രാപ്യമാണ്. സ്വന്തം നാട്ടിൽ ചൂഷണത്തിനു വിധേയരാകേണ്ടി വരുന്ന, നീതിന്യായ വ്യവസ്ഥിതി പോലും സഹായത്തിനില്ലാത്ത ഒരു ജനത്തിന്റെ വേദന നമുക്ക് മനസ്സിലാവുന്നതിനു അതീതവുമാണ്.


ജീവനു വേണ്ടിയുള്ള, പ്രത്യയശാസ്ത്രത്തിൽ അധിഷ്ഠിതമായ ഒരു പോരാട്ടം വളരെ വിദഗ്ദമായി വരച്ചു കാട്ടുന്നതോടൊപ്പംതന്നെ, ഡ്യൂട്ടിക്ക് വന്നിരിക്കുന്ന ഓരോ വ്യക്തിയുടെയും ജീവിതത്തിലേക്കും, സ്വഭാവ സവിശേഷതകളിലേക്കും വെളിച്ചം വീശുവാനും ചലച്ചിത്രത്തിനു സാധിച്ചു എന്നുള്ളത് തികച്ചും പ്രശംസനീയമായ വസ്തുതയാണ്. ജാതിയുടെ പേരിൽ എല്ലാവരാലും അധിക്ഷേപിക്കപ്പെടുന്ന ബിജുകുമാറും, സ്വന്തം സ്വഭാവ ദൂഷ്യങ്ങളുടെ കാരണത്താൽ വിവാഹമോചനത്തിന്റെ വക്കിൽ നിൽക്കുന്ന ജോജോയും, അന്തർമുഖനായ വർഗീസ് കുരുവിളയും, പിന്നെ, നാടും, വീടും അവസാനം മക്കളെയും നഷ്ടപ്പെടുന്ന കുനാൽ ചന്ദും-ഓരോ കഥാപാത്രവും നമ്മുടെ സമൂഹത്തിന്റെ നേർക്കാഴ്ചതന്നെയാണ്.

കാലിക പ്രസക്തിയുള്ള ഒരു വിഷയത്തെ വളരെ ശ്രദ്ധയോടും പാടവത്തോടും അവതരിപ്പിക്കുവാൻ ഉണ്ട എന്ന ചിത്രത്തിന് സാധിച്ചിട്ടുണ്ട്. യാഥാർഥ്യങ്ങൾക്കു നമ്മൾ ദൈനംദിന ജീവിതത്തിൽ കേട്ടു മറക്കുന്ന കഥകളിൽ നിന്നും ഏറെ അന്തരമുണ്ട് എന്ന സത്യം പറയുന്നതോടൊപ്പം, അടിച്ചമർത്തപ്പെടുന്ന, വേദനിക്കുന്ന, ജനസമൂഹങ്ങളുടെ നിസ്സഹായത കാട്ടിത്തരുകയും ചെയ്യുന്ന ഒരു നല്ല ചിത്രമാണ് ഉണ്ട.

അനിതാ ബാബു



*ലേഖിക പാലാ സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂളിൽ ഇംഗ്ലീഷ് അധ്യാപികയാണ്.*
anithajcyriac@gmail.com




# Unselfie

## Michele Borba




'The Other pair' എന്ന ചെറു ചലച്ചിത്രത്തിൽ ട്രെയിനിൽ കയറുവാനുള്ള തിരക്കിനിടയിൽ ഒരു ബാലന്റെ പുതിയ ഷൂസ് വീണുപോകുന്നുണ്ട്. അതു തിരികെ ഏൽപിക്കുവാൻ ശ്രമിച്ച് ഒരു ദരിദ്ര ബാലൻ ഓടി പരാജയപ്പെടുന്നു. തന്റെ പക്കലുള്ള ഒരു ഷൂകൊണ്ട് തനിക്ക് ഒരു പ്രയോജനവും ഇല്ല എന്ന് മനസ്സിലാക്കി നിറഞ്ഞ മനസ്സോടെ മറ്റേതുകൂടി ദരിദ്ര ബാലന് എറിഞ്ഞുകൊടുക്കുമ്പോൾ അവർ രണ്ടുപേരും നമ്മൾ കാഴ്ചക്കാരും സമ്പന്നരാകുന്നു. പുതിയതൊന്ന് നഷ്ടപ്പെടുമ്പോൾ ഉണ്ടാകുന്ന ദു:ഖവും നല്ലതൊന്ന് കിട്ടുമ്പോൾ ഉണ്ടായേക്കാവുന്ന സന്തോഷവും പരസ്പരം തിരിച്ചറിയുമ്പോൾ തികച്ചു അപരിചിതരായ അവർ അടുത്ത ബന്ധുക്കളാകുന്നു.

Empathy എന്നാൽ 'To feel with' എന്നാണ് അർഥം. ടെക്നോളജിയുടെയും നവമാധ്യമങ്ങളുടെയും ഇക്കാലത്ത് മറ്റുള്ളവർക്ക് പ്രാധാന്യം കൊടുക്കാതെ നാം പലപ്പോഴും നമ്മിലേയ്ക്ക് മാത്രം ഒതുങ്ങുന്നു. സ്വന്തം ഫോട്ടോ നൂറുകണക്കിനെടുത്ത് 'feeling happy, sad, lonely, excited അടിക്കുറിപ്പുകളോടൊപ്പം 'like' കൾ അന്വേഷിക്കുമ്പോൾ നാം ഗ്രീക്ക് കഥാപാത്രമായ നാർസിസസിനെപ്പോലെ യാകുന്നുണ്ടോ? അതീവ സുന്ദരനായ അയാൾ തന്റെ പ്രതിഛായ മാത്രം നോക്കിയിരുന്ന് ലോകത്തെ മറന്നു പോയവനാണ്. ഇന്ന് നാർസിസിസം (narcissism) അപകടകരമായ അവസ്ഥയിൽ വളർന്നുവരുന്നത് സമൂഹത്തെയും വ്യക്തിബന്ധങ്ങളെയും വല്ലാതെ ബാധിക്കുന്നുവെന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു. കുട്ടികളെ വല്ലാതെ സ്നേഹിക്കുകയും, ഇല്ലാത്തതിന് പുകഴ്ത്തുകയും എല്ലാം കൊടുക്കുകയും ചെയ്യുന്ന മാതാപിതാക്കളും Selfie Syndrome-ന് കുട പിടിക്കുന്നവരാണ്.

> കുട്ടികളെ വല്ലാതെ സ്നേഹിക്കുകയും, ഇല്ലാത്തതിന് പുകഴ്ത്തുകയും എല്ലാം കൊടുക്കുകയും ചെയ്യുന്ന മാതാപിതാക്കളും Selfie Syndrome-ന് കുട പിടിക്കുന്നവരാണ്

ഈ അവസ്ഥയ്ക്കുള്ള മറുമരുന്നായി വർഷങ്ങളുടെ ഗവേഷണത്തിനുശേഷം മിഷേൽ ബോർബ എന്ന മനഃശാസ്ത്രജ്ഞ എഴുതിയ പുസ്തകമാണ് 'Unselfie'. കുട്ടികളെ ചെറുപ്പം മുതൽ സഹവർത്തിത്വത്തിൽ വളർത്തി 'അന്യനുതകുമാറ്' ജീവിക്കുവാൻ ശീലിപ്പിക്കുകയാണ് ഈ പുസ്തകത്തിന്റെ ലക്ഷ്യം. ലോകത്തിൽ നടന്നിട്ടുള്ള ഏറ്റവും ക്രൂരമായ നരഹത്യകളെക്കുറിച്ച് ഗ്രന്ഥകർത്താവ് നടത്തിയ പഠനത്തിലാണ് അവർക്ക് 'Empathy'യുടെ പ്രാധാന്യത്തെക്കുറിച്ച് മനസ്സിലായത്. അത് ശ്രദ്ധാപൂർവം വളർത്തിയെടുക്കേണ്ട ഒരു മൂല്യമാണെന്ന തിരിച്ചറിവിൽ നിന്നാണ് ഈ പുസ്തകം ജനിക്കുന്നത്. മറ്റുള്ളവരുടെ ചിന്തകളും, വികാരങ്ങളും ശ്രദ്ധാപൂർവം മനസ്സിലാക്കുവാനും പരസ്പരം സഹായിക്കുവാനും, Emotional Intelligence (EQ) വർധിപ്പിക്കുവാനും കരുണ ശീലിക്കുവാനും ഈ പുസ്തകം നമ്മെ സഹായിക്കും.

സണ്ണി കോക്കാപ്പിള്ളിൽ



*കല, സാഹിത്യം, സംസ്കാരം, രാഷ്ട്രീയം, മാധ്യമം... എന്നിങ്ങനെ എല്ലാം ഈ പംക്തിയ്ക്ക് വിഷയമാണ്. ആനുകാലികമായി പങ്കുവയ്ക്കപ്പെടുന്ന ഈ കാര്യങ്ങളെ കെയ്റോസ് എങ്ങനെ നോക്കിക്കാണുന്നുവെന്ന് ഈ കോളം വ്യക്തമാക്കുന്നു. പ്രഭാഷകനും, വിവിധ ഗ്രന്ഥങ്ങളുടെ രചയിതാവുമായ ശ്രീ. സണ്ണി കോക്കാപ്പിള്ളിലാണ് ഇതിന്റെ ലേഖകൻ*

*ബന്ധപ്പെടാൻ: sunnykokkappillil@gmail.com*

# മാധ്യമങ്ങളെ കുറ്റം പറഞ്ഞാൽ മാത്രം മതിയോ?

ഏതാനും മാസങ്ങളായി കത്തോലിക്കാ സന്യാസ സമൂഹം അവഹേളനങ്ങളും ആക്ഷേപങ്ങളും ഏറ്റുവാങ്ങിക്കൊണ്ടിരിക്കുന്നു. ചാനലുകളിലെ അന്തിച്ചർച്ചകളിലും സമൂഹമാധ്യങ്ങളിലും ആക്ഷേപങ്ങൾ ചൂഷണത്തിന്റെയും ആസക്തിയുടെയും കൂടാരങ്ങളായി സമർപ്പിത ഭവനങ്ങളെ പ്രതിഷ്ഠിക്കുന്ന തരത്തിലാണ്. ആക്ഷേപം അത്യധികം വർധിച്ചപ്പോൾ ആയിരക്കണക്കിനു സമർപ്പിതർ സംഗമിച്ച് തങ്ങൾ ഏറ്റെടുത്ത ദൗത്യത്തിന്റെ മാഹാത്മ്യത്തെപ്പറ്റി ലോകദൃഷ്ടിയിൽ വെളിപ്പെടുത്തി. പക്ഷേ, ഇതൊന്നും വാർത്തയാക്കാനോ ചർച്ച ചെയ്യാനോ മാധ്യമങ്ങൾ തയ്യാറായില്ല.

ഇവിടെ ചിന്തിക്കേണ്ട ഒരു കാര്യം അടുത്ത കാലത്ത് സഭയ്ക്കേറ്റ എല്ലാ ആരോപണങ്ങളും സഭയ്ക്കുള്ളിൽ നിന്നു തന്നെയായിരുന്നുവെന്നതാണ്. സഭയെ അപകീർത്തിപ്പെടുത്തിയതോ അല്ലെങ്കിൽ സഭയിൽ ഇന്നയിന്ന കുറ്റങ്ങളുണ്ടെന്നൊക്കെ ആരോപിച്ചത് സന്യസ്തരും വൈദികരുമൊക്കെയാണ്. മലർന്നു കിടന്നു തുപ്പിയത് മറ്റുള്ളവർ ഏറ്റെടുക്കുകയായിരുന്നു. സഭയ്ക്കെതിരെ നിലകൊണ്ടവരുടെയും സഭയെ എങ്ങനെയെങ്കിലും താഴ്ത്തിക്കെട്ടണമെന്ന് തക്കം നോക്കിയിരുന്നവരുടെയുമൊക്കെ കൈകളിൽ ആരോപണമുന്നയിച്ചവർ ചെന്നു വീണു. വിശന്നു നടക്കുന്നവർക്ക് ഭക്ഷണം കിട്ടിയപ്പോൾ അവരത് ആർത്തിയോടെ കഴിച്ചു.

അച്ചടി മാധ്യമങ്ങളും ചാനലുകളും ധാർമികത പുലർത്തണമെന്നു പറയുന്നതിൽ എന്തുകാര്യമാണുള്ളത്? കാരണം,സമൂഹത്തിൽ ധർമം വളർത്താനാണ് ഇതൊക്കെ ആരംഭിച്ചതെന്ന് ആരാണ് പറഞ്ഞത്? ആരെ നശിപ്പിച്ചിട്ടാണെങ്കിലും കുറച്ചു കാശുണ്ടാക്കണമെന്നല്ലാതെ മറ്റൊരു ലക്ഷ്യവുമില്ലാത്ത ഈ വഹകൾ ധർമം നടപ്പിലാക്കാൻ അഹോരാത്രം ശ്രമിക്കുമെന്ന് കണക്കു കൂട്ടരുത്. ഒരു പക്ഷേ, പല മാധ്യമങ്ങളുടെയും ലക്ഷ്യം അതാണെന്ന് ലോഗോയ്ക്കു സമീപം എഴുതിവച്ചിട്ടുണ്ടാകാം. അമിതമായ പ്രതീക്ഷകൾ ആരും പുലർത്താതിരിക്കുക. അപ്പോൾ പിന്നെ വിമർശനത്തിനു സാധ്യതയില്ലല്ലോ.

കേരളത്തിൽ ഏറ്റവും നല്ല വിദ്യാഭ്യാസസ്ഥാപനങ്ങൾ നടത്തുന്നത് ക്രൈസ്തവ സഭകളാണ്. ഏറ്റവും മികച്ച ആശുപത്രികൾ പരിപാലിക്കുന്നതും ക്രൈസ്തവർ തന്നെ. ഈ രണ്ടുമേഖലകളിലും ദശകങ്ങളായി മികച്ച നിലവാരം പുലർത്തുന്നത് പ്രഖ്യാപിതലക്ഷ്യമായി സഭകൾ കാണുന്നു. അതിന്റെ നന്മ അനേകായിരം പേർ അനുഭവിക്കുന്നുമുണ്ട്.

അച്ചടി മേഖലയിലും ഒരു കാലത്ത് ഉന്നത സ്ഥാനത്ത് സഭ വിരാജിച്ചിരുന്നു. എന്നാൽ ഈ കാലഘട്ടത്തിലെ പ്രധാനമേഖലയായ മാധ്യമരംഗത്തെ സഭ അവഗണിക്കുന്നു എന്നു പറയേണ്ടി വരും. ചാനലുകൾ കച്ചവട താത്പര്യങ്ങളോടെ സത്യത്തെ തമസ്കരിക്കുമ്പോൾ സത്യത്തിനു സാക്ഷ്യം വഹിക്കാൻ സഭയ്ക്കു കഴിയാതെ വരുന്നു. ദുഷ്ട ശക്തികൾ കല്ലുവച്ച നുണകൾ പ്രചരിപ്പിക്കുമ്പോൾ നേരു പറയാൻ ഇന്ന് അവസരങ്ങളില്ല.

ചാനൽ ചർച്ചകളും നന്മയുടെ വിശേഷങ്ങളും കേൾക്കാനും കാണാനും ആഗ്രഹമുണ്ട്. തീർപ്പുകൽപിക്കുന്നവർ സ്ഥാപിച്ചെടുക്കുന്ന അസത്യങ്ങളെ പൊതുസമക്ഷം പൊളിച്ചു കാണിക്കാൻ ഒരു വഴിയും ഇന്നില്ല. എല്ലാവരും മൈക്കു വച്ചു സംസാരിക്കുമ്പോൾ അവിടെയുമിവിടെയുമിരുന്ന് തമ്മിൽ കുശുകുശുക്കുന്നതുകൊണ്ട് എന്തു കാര്യം?

സഭയ്ക്കു ചെയ്യാവുന്നത് അല്ലെങ്കിൽ അത്യാവശ്യമായി ചെയ്യേണ്ട ഒരു കാര്യം ഒരു വാർത്താ ചാനൽ ആരംഭിക്കുകയെന്നതാണ്. അന്തിച്ചർച്ചകൾ കാര്യക്ഷമമായി അവിടെ നടത്താമല്ലോ. എല്ലാ ആക്ഷേപങ്ങൾക്കും കൃത്യമായ ഉത്തരം കൊടുക്കാം. ഒന്നുമില്ലെങ്കിലും സഭയിലെ വിശ്വാസികളെങ്കിലും ഒരു വിഷയത്തിന്റെ ശരിയായ കാഴ്ചപ്പാടുകൾ മനസ്സിലാക്കുമല്ലോ. ഇന്ന് സഭാവിരുദ്ധരുടെ ആക്ഷേപങ്ങൾ നിരന്തരം കേട്ട് അതു സത്യമാകാം എന്നു വിശ്വസിക്കുന്നവരുടെ എണ്ണം വളരെ വർധിച്ചുവെന്നു പറയാം.

കൃത്യമായ ആസൂത്രണവും പ്രൊഫഷണലിസവും തികഞ്ഞ ഒരു മാധ്യമം നമുക്കുണ്ടാകണം. സഭയിലെ വാർത്തകൾക്കു പ്രാധാന്യം കൊടുത്തുകൊണ്ട് ആർക്കും കാണാൻ പറ്റുന്ന ഒരു വാർത്താ ചാനൽ ഇന്നിന്റെ ആവ



ശ്യമാണ്. തിരുനാളുകൾക്കും ജൂബിലിക്കും വെഞ്ചരിപ്പിനും ഒക്കെ പരസ്യത്തിനായി ഓരോ മാസവും എത്രയധികം രൂപയാണ് ക്രൈസ്തവ സ്ഥാപനങ്ങൾ മുടക്കുന്നത്? ഈ പണം വാർത്താ ചാനലിന് നൽകിയാൽത്തന്നെ വലിയൊരു തുക പരസ്യ ഇനത്തിൽ കിട്ടും. മനുഷ്യനെ പിടിച്ചിരുത്താനുള്ള പരിപാടികൾ അവതരിപ്പിച്ചാൽ ജനം ചാനലിന്റെ മുൻപിലിരിക്കും. ഇന്ന് ചില ക്രൈസ്തവ ചാനലുകൾ ജനം കാണുന്നില്ലെങ്കിൽ പരിപാടികളുടെ ഗുണമില്ലായ്മാണു കാരണം, ഇത്രയധികം സമ്പന്നരും സ്ഥാപനങ്ങളുമുള്ള ക്രൈസ്തവ സഭ ഇനിയും ഉദാസീനതയോടെ ഈ രംഗത്തു നിന്നു മാറി നിന്നാൽ കാലഘട്ടത്തെ വായിക്കാനറിയാത്ത അന്ധരായി മാറും. സാങ്കേതിക വളർച്ചയെ ദൈവാനുഗ്രഹമായി കണ്ട് അതിന്റെ നന്മകൾ പൂർണമായി ഉപയോഗിക്കാൻ ഇനിയും നാം അമാന്തിക്കരുത്.

# അപ്രത്യക്ഷരാകുന്ന ക്രിസ്ത്യൻ പെൺകുട്ടികൾ

സെപ്റ്റംബർ 22-ലെ ദീപിക ദിനപത്രം കവർ പേജിൽ കൊടുത്ത വാർത്ത ഞെട്ടലോടെയാണ് വായിച്ചത്. നിരവധി ക്രിസ്തീയ പെൺകുട്ടികളെ പ്രണയം നടിച്ച് വശത്താക്കി മതംമാറ്റി ജീവിതം നശിപ്പിക്കുന്നതിനെപ്പറ്റിയായിരുന്നു അത്. ഇത്രയും വിശദമായി മറ്റൊരു പത്രവും ഈ വാർത്ത പ്രസിദ്ധീകരിച്ചില്ല. മിക്ക പത്രങ്ങളും അത് കണ്ടില്ലെന്ന് നടിച്ചു. കേസ് കൊടുത്തിട്ട് പോലീസ് പോലും പ്രതികൾക്കെതിരെ ശക്തമായ നീക്കങ്ങൾ നടത്തുന്നില്ല.

കഴിഞ്ഞ ഏതാനും വർഷങ്ങൾക്കുള്ളിൽ അനേകായിരം ക്രിസ്ത്യൻ പെൺകുട്ടികൾ പ്രണയവേട്ട നടത്തുന്നവരുടെ മുമ്പിലേക്ക് ബോധപൂർവമോ അല്ലാതെയോ ചെന്നു ചാടിയിട്ടുണ്ട്. അനേകം വീട്ടുകാർ നാണക്കേട് ഓർത്ത് ഒന്നും പുറത്തുപറയാതെ എല്ലാം സഹിച്ച് വിലപിച്ചുകഴിയുന്നു. ഇങ്ങനെ ഓടിപ്പോയ നല്ലൊരു ഭാഗം പെൺകുട്ടികൾ ഇന്നു ജീവിച്ചിരിപ്പുണ്ടോ എന്നുപോലും അറിയില്ല. ക്രിസ്ത്യാനികളിൽ ഒരു ചെറിയ വിഭാഗം മാത്രമാണ് ദീപിക വായിക്കുന്നതെന്നതിനാൽ മേൽപറഞ്ഞ വാർത്ത മിക്കവരും അറിഞ്ഞിട്ടുമുണ്ടാകില്ല. കെ.സി.ബി.സി. ഐക്യ ജാഗ്രത സമിതി ഈ വിഷയത്തെപ്പറ്റി ഒരു കുറിപ്പ് ഇറക്കിയിട്ടുണ്ടെങ്കിലും വളരെ ചുരുങ്ങിയ വ്യക്തികൾ മാത്രമേ അതൊക്കെ കാണുകയുള്ളൂ.

ആരെങ്കിലും നേരെ നോക്കി ചിരിക്കുമ്പോഴേയ്ക്കും പ്രണയലഹരിയിൽ പൂത്തുലയുന്ന പെൺകുട്ടികൾ, മക്കളെ കണ്ണുമടച്ചു വിശ്വസിക്കുകയും ലോകത്തിന്റെ ചതിക്കുഴികൾ പറഞ്ഞുകൊടുക്കാൻ അറിവില്ലാത്തവരുമായ മാതാപിതാക്കൾ, വിശ്വാസം ആഴത്തിൽ പറഞ്ഞു കൊടുക്കാത്ത മതാധ്യാപകർ, മതേതരത്വത്തിന് അമിത പ്രാധാന്യം നൽകുമ്പോഴുള്ള സമുദായശോഷണം ഗൗരവമായ വിധത്തിൽ ചിന്തിക്കാത്ത സഭാധികാരികൾ, എല്ലാവരും ഇവിടെ വീഴ്ചയുള്ളവരാകുന്നു. പത്തു ദിവസം എല്ലാവർക്കും അവധി കിട്ടിയിട്ടും സൺഡേ സ്കൂൾ പഠനം മാറ്റിവച്ച് ഓണാഘോഷ പരിപാടികൾ ഞായറാഴ്ച തന്നെ നടത്തണമെന്നു വാശിപിടിക്കുന്ന 'സമുദായ സ്നേഹി'കളുള്ളപ്പോൾ ഇങ്ങനെയൊക്കെ സംഭവിച്ചില്ലെങ്കിലാണ് അത്ഭുതം ✦





ചിത്രീകരണം: വെങ്കി


കഥ: ആൽഡ്രിൻ ജോസഫ്

# കുഞ്ഞാറ്റയുടെ സ്നേഹം

മൂത്ത കുഞ്ഞിന്റെ കാൻസർ രോഗം ഞങ്ങളെ വല്ലാതെ തളർത്തിയിരുന്നു; കണ്ണീരിന്റെ ദിനങ്ങളായിരുന്നു പിന്നീട്. ആരും തമ്മിൽ സംസാരമില്ല, എങ്ങും പടരുന്ന നിരാശ. ഇളയവൾ കുഞ്ഞാറ്റയ്ക്ക്, ചേട്ടനു സംഭവിക്കുന്ന മാറ്റങ്ങൾ മനസ്സിലാകുന്നില്ലായിരുന്നു. മൂന്നുവയസ്സുള്ള അവളോട് കാര്യങ്ങൾ പറഞ്ഞുകൊടുക്കാൻ ഞാൻ തീരുമാനിച്ചു. അമ്മയായ എന്റെ കടമയാണല്ലോ അത്.

"കുഞ്ഞാറ്റേ, ചേട്ടായിയെ ശല്യപ്പെടുത്തരുത് കേട്ടോ" ചേട്ടായിക്കു വലിയ ഉവ്വാവാണ്, കുറച്ചു ദിവസം കഴിയുമ്പോൾ ചേട്ടായിയുടെ മുടിയൊക്കെ പോകും. വിരൂപമാകും. അപ്പോൾ പേടിക്കരുത്..! വിതുമ്പിപ്പോയി ഞാൻ, അവൾ കണ്ണുമിഴിച്ച് എല്ലാം കേട്ടിരുന്നതേയുള്ളൂ.

പരാജിതരുടെ ഒരു നിസംഗതയായിരുന്നു ഞങ്ങൾക്കെല്ലാവർക്കും; ഉത്സാഹമെല്ലാം നഷ്ടപ്പെട്ടിരുന്നു. ദൈവം ഞങ്ങളെ കൈവിട്ടു എന്ന നിലയിലായിരുന്നു ഞങ്ങൾ ആ നാളുകളിൽ ജീവിച്ചത്. എന്നാൽ, ഒരു അത്ഭുതം ഞങ്ങളെ ശക്തരാക്കിമാറ്റി. ആ സംഭവം, ഇന്നു ഓർക്കുമ്പോൾ ആനന്ദം കൊണ്ട് കണ്ണ് നിറയുന്നു.

ഞങ്ങളെല്ലാവരും എട്ടു വയസ്സുള്ള മോനെയുംകൊണ്ട് കീമോ തെറാപ്പിക്കായി പോയിരുന്നു. അവൾ, കുഞ്ഞാറ്റ വീട്ടിൽ അമ്മയോടൊപ്പം. മൂന്നു കീമോ കഴിയുമ്പോൾ മുടിയെല്ലാം പോയി മൊട്ടത്തലയാകും എന്ന് ഞങ്ങൾ രഹസ്യമായി സംസാരിച്ചിരുന്നു.

തിരിച്ചുവന്ന് വാതിലിൽ മുട്ടിയപ്പോൾ അമ്മയ്ക്കു പകരം വാതിൽ തുറന്നത് കുഞ്ഞാറ്റയായിരുന്നു. ഞങ്ങൾ മൂന്നുപേരും അവളെ കണ്ട് ഞെട്ടി, മുടി കണ്ടംമുണ്ടം വെട്ടിയിരിക്കുന്നു, എല്ലാവരും നോക്കി നിൽക്കേ വലതു കൈയിൽ നിറയെ അവളുടെ കത്രിച്ച മുടി ചേട്ടായിയുടെ നേരെ നീട്ടി അവൾ പറഞ്ഞു: ''മുടി പോയെന്നു കരുതി ചേട്ടായി വിഷമിക്കേണ്ടട്ടോ ദാ, ഇതെടുത്തോ!"

മൂന്നുവയസ്സേ അവൾക്കുള്ളൂ, വലിയവരെപ്പോലെ ബുദ്ധിപൂർവ്വം ചിന്തിക്കാനോ പ്രവർത്തിക്കാനോ സാധിക്കില്ല. പക്ഷേ, അവൾ അസാധാരണമായി സ്നേഹിച്ചു, ആ സ്നേഹം ഒരത്ഭുതമായി മാറി; ദൈവത്തിന്റെ അടയാളം. പ്രതീക്ഷകളും പ്രത്യാശയും അവസാനിച്ചിട്ടില്ല എന്ന സന്ദേശം.


കരുതിയതു പോലെയല്ല ഈ പ്രതിസന്ധിഘട്ടത്തെ നേരിടേണ്ടത് എന്ന് ഞങ്ങൾക്ക് മനസ്സിലായി. ഞങ്ങൾ സ്നേഹിക്കാൻ തുടങ്ങി, എല്ലാം മറന്ന് വേണ്ടുവോളം സ്നേഹിക്കാൻ. കുഞ്ഞാറ്റയെപ്പോലെ! കാൻസറിനെ ഞങ്ങൾ അതിജീവിച്ചു. ഇപ്പോൾ അവൾ സ്കൂളിൽ പോയി തുടങ്ങി. എല്ലാത്തിനും നന്ദി പറയേണ്ടത് ദൈവത്തോടാണ്. കുഞ്ഞാറ്റയിലൂടെ സ്നേഹത്തിന്റെ ശക്തിയെപ്പറ്റി ഞങ്ങളെ പഠിപ്പിച്ചതിന്.



# ചിരിയും ചിന്തയും



കാർട്ടൂൺ: ജോയ്സ് കെ.ജോസ്


ആശയം: ജോസ് കുര്യൻ




ഫ്രണ്ട്സ് ഓഫ് കെയ്റോസ്
യുവജനങ്ങളുടെ ഭാവിയിൽ പ്രത്യാശയുള്ളവർ, അവരുടെ തകർച്ചയിൽ ആശങ്കയുള്ളവർ, അവരുടെ സ്നേഹക്കൂട്ടായ്മയാണ് ഫ്രണ്ട്സ് ഓഫ് കെയ്റോസ്. കെയ്റോസ് വഴിയുള്ള സുവിശേഷ പ്രഘോഷണത്തെ അവർ തിരിച്ചറിഞ്ഞു കഴിഞ്ഞു. ഇതിനോടു ചേർന്നു പ്രവർത്തിക്കാൻ നിങ്ങളും ആഗ്രഹിക്കുന്നുവെങ്കിൽ അറിയിക്കുക. മാസം തോറും 200/500/1000/2000 എന്നിങ്ങനെ മാറ്റി വയ്ക്കുന്ന സംഖ്യകൾ യുവജനങ്ങളുടെ രക്ഷയിൽ വലിയ പങ്കു വഹിക്കുന്നുണ്ട്.
നിങ്ങളുടെ സംഭാവനകൾ ഓൺലൈനായി അയക്കാൻ:
www.kairos.global
കൂടുതൽ വിവരങ്ങൾക്ക്: റാണി ജോർജ്
+91 9446563335 / finance@kairos.global
Reach all the peripheries in need of the light of the Gospel.
കെയ്റോസ്
PRAYER
THE REAL Treasure Hunt


കെയ്റോസ് മിനിസ്ട്രിയും ഇന്റർസെഷൻ മിനിസ്ട്രിയും സംയുക്തമായി നടത്തുന്ന നൈറ്റ് വിജിൽ
കെയ്റോസ് ഗ്രേഷ്യാ നൈറ്റ്
മാസത്തിലെ രണ്ടാം വെള്ളിയാഴ്ചകളിൽ.
നിങ്ങളുടെ പ്രാർഥനാ ആവശ്യങ്ങൾ ഞങ്ങളെ അറിയിക്കൂ, ഞങ്ങളുണ്ട് നിങ്ങൾക്കായി പ്രാർഥിക്കാൻ.
സ്ഥലം: എമ്മാവൂസ്, കളമശേരി. സമയം: 7:30 PM - 1:00 AM
ദയവായി ബന്ധപ്പെടുക: ആഷിൽ ജോസഫ്: 97 444 908 17
prayer@kairos.global


യൂത്ത് റിട്രീറ്റ്
SVD പ്രാർഥനാ നികേതൻ, കടുത്തുരുത്തി, കോട്ടയം
റവ.ഡോ. കുര്യൻ മറ്റത്തിലിന്റെ നേതൃത്വത്തിൽ ജീസസ് യൂത്ത് ഒരുക്കുന്ന യുവജന ധ്യാനം എല്ലാമാസവും കടുത്തുരുത്തി SVD ധ്യാനകേന്ദ്രത്തിൽ വച്ച് നടക്കുന്നു. രണ്ടാം ശനിയാഴ്ചക്ക് തൊട്ടുമുൻപുള്ള വെള്ളിയാഴ്ച വൈകുന്നേരം തുടങ്ങി ഞായറാഴ്ച തീരുന്ന വിധത്തിലാണ് ധ്യാനം ക്രമീകരിച്ചിരിക്കുന്നത്.
വിവരങ്ങൾക്ക്:
80866 85404, 98478 37474
2019 DATES: OCT 11-13 \ NOV 8-10 \ DEC 13-15

RNI No.KERMAL/2002/12027, Postal Registered No. KL/EKM/734/2019-21
Date of publication: 01/10/2019. ₹50.00




www.kairos.global

Printed Published by Reji J. Karot on behalf of Kairos Trust Chevayur P.O., Kozhikode-673017, Kerala. Printed at Sterling Print House (P) Ltd. , Door No.49/1849, Ponekkara- Cheranalloor Road, AIMS, Ponekkara P.O, Kochi-682 041
Cell: 98479 00555. Place of Publication Kairos, 8/174, Navodaya Studio Complex, Thengod P.O, Kakkanad, Ernakulam – 682 030. Editor Adv. K.J. Johnson, Kunnathuparambil (H), P.O. Vellangallur, Thrissur 680 662